

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അടൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.റ്റി.എ.പി2/190/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2026
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
അടൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : അടൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടർ (തസ്വഭവ), പത്തനംതിട്ട

നമ്പർ: നം.കെ.എസ്.എ.പി.റ്റി.എ.പി2/190/2026 തീയ്യതി: 28/03/2026

പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-02-2026	26-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-02-2026	10-02-2026
16-02-2026	26-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ചന്ദ്രശേഖരൻ ജ, ഓഡിറ്റ ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ ആർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽകുമാർ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ
ശ്രീ അഖിൽ എസ് , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ദിവ്യാ റെജി മുഹമ്മദ്	ചെയർപേഴ്സൺ	01-04-2024	31-03-2025
ശ്രീ രാജു എം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അഭിലാഷ്. എസ്.എച്ച്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. മണികണ്ഠൻ. ജെ	മെഡിക്കൽ ഓഫീസർ,ജനറൽ ഹോസ്പിറ്റൽ അടൂർ	01-04-2024	31-03-2025
ശ്രീമതി. രഞ്ജിനി.പി.കെ.	ഫിഷറീസ് എസ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ. ജൂലിയറ്റ് ബി.പിള്ള	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. സുധർമ്മിണി.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	05-08-2024
ശ്രീമതി. ബിന്ദു വി നായർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	06-08-2024	31-03-2025
ശ്രീ സോൻസുന്ദർ.എസ്.എൽ	ഹെൽത്ത് ഓഫീസർ	01-04-2024	31-03-2025

ശ്രീ. ഷിബിൻ ഷാജ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ. അഷ്റഫ് എ	പ്രോജക്ട് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ശ്രീജ. എം	ഹെഡ്മിസ്ട്രസ്	01-04-2024	12-07-2024
ശ്രീമതി മിനി ബി	ഹെഡ്മിസ്ട്രസ്	13-07-2024	31-03-2025
ശ്രീ വിപിൻ ചന്ദ്രലാൽ	ഇൻഡസ്ട്രിയൽ എസ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ. സുചിത്ര കെ.ജി	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ഏനാദിമംഗലം)	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയില്ല	1-1-1
3	മുനിസിപ്പൽ ജനറൽ ഫണ്ട്- ഓപ്പണിംഗ് ബാലൻസ് മുൻവർഷ ക്ലോസിംഗ് ബാലൻസിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-2
4	വിവിധ ഇനങ്ങളുടെ 2023-24 ലെ നീക്കിയിരിപ്പ് തുകകൾ 2024-25 ലെ മുന്നിരിപ്പു തുകകളുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ബാങ്ക് റിക്കൺസിലിയേഷൻ - കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല	1-1-4
6	കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്കു കൃത്യതയില്ല	1-1-5
7	ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-6
8	ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച് വാർഷിക കണക്കുകളിലെ വിവരങ്ങൾ പൂർണ്ണമല്ല	1-1-7
9	ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-8
10	ഷെഡ്യൂൾ ബി-8: Other Liabilities - ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല	1-1-9
11	ഷെഡ്യൂൾ ബി-14- തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല	1-1-10
12	ഫെസ്റ്റിവൽ അഡ്വാൻസ് -പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല	1-1-11
13	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-12
14	മാർക്കറ്റ് ഫീസ് - വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള വിവരങ്ങൾ ലഭ്യമല്ല	1-1-13
15	ആസ്തികളുടെ മൂല്യമായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-14
16	ഹെൽത്ത് ഗ്രാന്റ് - അക്കൗണ്ടിന്റെ വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല	1-1-15

17	തൊഴിലുറപ്പ് പദ്ധതി - കണക്കുകൾ കൃത്യമല്ല	1-1-16
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഗ്രാന്റ് വിനിയോഗം	1-4
21	പദ്ധതി അവലോകനം	1-5
22	തൊഴിലുറപ്പ് പദ്ധതി	1-6
23	ക്ഷേമ പദ്ധതികൾ	1-7
24	ക്യാഷ് പരിശോധന	1-8
25	ആഭ്യന്തര നിയന്ത്രണം	1-9
26	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
27	ചെക്ക് മുഖേന ലഭിച്ച തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല	1-11
28	ജനറൽ പർപ്പസ് ഫണ്ട് - അവസാന ഗഡു അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല	1-12
29	പെർമിറ്റ് പ്രകാരം അനുവദിച്ചതിലും അധികമായി മണ്ണെടുത്തതിന്റെ പിഴയായി 45.98 ലക്ഷം രൂപ ഈടാക്കേണ്ടതാണ്	1-13
30	റോയൽറ്റി ഇനത്തിൽ ലഭിച്ച 9.90 ലക്ഷം രൂപ നഗരസഭയുടെ അക്കൗണ്ടിൽ	1-14
31	സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക	1-15
32	മൊബൈൽ ടവറുകളുടെ വസ്തുനികുതി- 3.30 ലക്ഷം രൂപ കുടിശ്ശിക	1-16
33	ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ മുഴുവൻ കെട്ടിട സമുച്ചയങ്ങൾക്ക് -വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല	1-17
34	നികുതി പിരിവ് കാര്യക്ഷമമല്ല- വികസന ഫണ്ടിൽ നിന്നും നഷ്ടമായത് 2.79 ലക്ഷം രൂപ	1-18
35	കരയോഗം വക കെട്ടിടത്തിന്റെ ക്രമവൽക്കരണം- ന്യൂനത പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്	1-19
36	കെട്ടിടങ്ങൾക്ക് പെർമിറ്റ്/ഒക്യുപ്പൻസി അനുവദിക്കുന്നതിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള ചുമതല വിഭജന മാനദണ്ഡങ്ങൾ പാലിക്കുന്നില്ല	1-20
37	ഫയർ & റസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ ഫൈനൽ NOC ഇല്ലാതെ നിരവധി കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി നൽകി	1-21
38	പാർക്കിംഗ് ഏരിയ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടനിർമ്മാണത്തിനു പെർമിറ്റ് നൽകി	1-22
39	പാർക്കിംഗ് സൗകര്യവും സുരക്ഷാവ്യവസ്ഥകളും ഉറപ്പാക്കാതെ ബഹുനില വാണിജ്യ കെട്ടിടത്തിനു	1-23

	ഒക്യുപ്പൻസി നൽകി.	
40	കെട്ടിടങ്ങളെ അനധികൃതമാക്കിയതിലും ക്രമവൽക്കരിക്കുന്നതിലും ഗുരുതരമായ വീഴ്ച.	1-24
41	ലോ റിസ്ക് കെട്ടിടങ്ങൾക്ക് പെർമിറ്റിനു ശേഷമുള്ള പ്ലിന്ത് ലെവൽ പരിശോധന നടത്തുന്നില്ല	1-25
42	K-Smart ൽ റീഫണ്ട് തുക രേഖപ്പെടുത്തുന്നതിൽ അവ്യക്തത	1-26
43	ലേല രജിസ്റ്ററും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കിയില്ല	1-27
44	വാടക രജിസ്റ്റർ അപൂർണ്ണം- കുടിശ്ശിക സംബന്ധിച്ച കണക്കുകൾക്കു കൃത്യതയില്ല	1-28
45	തൊഴിൽനികുതി -സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡേറ്റാ ബേസ് ലഭ്യമല്ല, നികുതി പിരിവ് കാര്യക്ഷമമല്ല	1-29
46	ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-30
47	വസ്തുനികുതി കുടിശ്ശിക തുകയിൽ 21.42 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു	1-31
48	ജീവനക്കാർക്കു നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല	1-32
49	മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി നൽകിയ 10.9 ലക്ഷം രൂപ വർഷങ്ങൾക്ക് ശേഷവും തിരികെ ലഭിച്ചിട്ടില്ല	1-33
50	സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എക്സ്ഗ്രേഷ്യ പെൻഷണർക്ക് മെഡിക്കൽ അലവൻസ് അനുവദിച്ചു	1-34
51	ഫണ്ട് വിനിയോഗത്തിൽ കുറവ് - വരും വർഷം പദ്ധതി വിഹിതത്തിൽ 2.47 കോടി രൂപയുടെ കുറവുണ്ടാകും	1-35
52	60 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചിട്ടും പോളി ഡെന്റൽ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചില്ല	1-36
53	മുനിസിപ്പൽ ഓഫീസ് കം ബസ്റ്റാൻഡ് കോംപ്ലക്സ് ഡി.പി.ആർ തയ്യാറാക്കൽ- കരാർ വ്യവസ്ഥയിൽ നിന്ന് വ്യതിചലിച്ച് അധിക തുക അനുവദിച്ചു	1-37
54	വാട്ടർ ചാർജ് ഇനത്തിൽ അധികം നൽകിയ 6.67 കോടി രൂപ ക്രമീകരിച്ചില്ല	1-38
55	പാമ്പേറ്റുകുളം സാംസ്കാരിക നിലയം നിർമ്മാണം, കുളം നവീകരണം - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനു തുടർ നടപടികൾ അനിവാര്യം	1-39
56	ഖര മാലിന്യ പ്ലാന്റിലേക്ക് വാങ്ങിയ മെഷീനുകൾ പ്രവർത്തനരഹിതം - 14.05 ലക്ഷം രൂപ പാഴായി	1-40
57	നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ പദ്ധതി-മൂന്നു വർഷം	1-41

	കഴിഞ്ഞിട്ടും പൂർത്തിയായില്ല	
58	17-ാം നമ്പർ അങ്കണവാടി -പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും പഠനം പഴയ അങ്കണവാടി കെട്ടിടത്തിൽ	1-42
59	പറക്കോട് പ്രൈവറ്റ് ബസ് സ്റ്റാന്റ്- ഷോപ്പിംഗ് കോപ്ലക്സ് - മണ്ണ് പരിശോധനയ്ക്കായി 1.1 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭിച്ചില്ല	1-43
60	ജനറൽ ആശുപത്രിയിൽ സോളാർ പവർ പ്ലാന്റ് - 35 ലക്ഷം രൂപ അനർട്ടിൽ നിക്ഷേപിച്ചു- പദ്ധതി പൂർത്തീകരിക്കുന്നതിനു തുടർ നടപടി സ്വീകരിക്കേണ്ടതാണ്	1-44
61	പി.എം.എ.വൈ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ	1-45
62	നിറപൊലിവ് വാഴക്കൃഷിവികസനം- പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല.	1-46
63	നിറപൊലിവ് കേര കൃഷി വ്യാപനം- തെങ്ങിൻ തൈകളുടെ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല, മോണിട്ടറിംഗ് നടത്തിയില്ല	1-47
64	നിറപൊലിവ് അടുക്കളത്തോട്ടം- HDPE ബാഗുകളുടെ വിതരണ വിവരം കൃത്യമല്ല	1-48
65	നിറപൊലിവ് - ഗ്രോബാഗിൽ ഇഞ്ചിക്കൃഷി - ഗ്രോബാഗുകളുടെ വിതരണ വിവരം കൃത്യമല്ല	1-49
66	പെൻഷൻ ഫണ്ട്- അവലോകനം	1-50
67	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-51
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ-വിവരങ്ങൾ	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	സ്ഥിര നിക്ഷേപം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. അട്ടൂർ നഗരസഭയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും 03/12/2025-ൽ ചെയർപേഴ്സണന്റെ മുൻകൂർ അനുമതിയോടെ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. ആയതിന് 20.02.2026 തീയതിയിൽ നഗരസഭാ കൗൺസിലിന്റെ 6-ാം നമ്പർ തീരുമാന പ്രകാരം സാധൂകരണം ലഭ്യമായിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ നിരീക്ഷണങ്ങൾക്ക് വിധേയമായി, അട്ടൂർ നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
28.03.2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയില്ല

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ കാണിക്കുന്ന പത്രിക, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയ പത്രിക എന്നിവ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 മുനിസിപ്പൽ ജനറൽ ഫണ്ട്- ഓപ്പണിംഗ് ബാലൻസ് മുൻവർഷ ക്ലോസിംഗ് ബാലൻസിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഷെഡ്യൂൾ – ബി1 -മുനിസിപ്പൽ ജനറൽ ഫണ്ട്- ഓപ്പണിംഗ് ബാലൻസ് മുൻവർഷ ക്ലോസിംഗ് ബാലൻസിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻവർഷ ക്ലോസിംഗ് തുക 224,220,515.25 രൂപയാണ്. എന്നാൽ 2024-25 വർഷത്തെ ഓപ്പണിംഗ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത് 204137129 രൂപയാണ്.

1-1-3 വിവിധ ഇനങ്ങളുടെ 2023-24 ലെ നീക്കിയിരിപ്പ് തുകകൾ 2024-25 ലെ മുന്നിരിപ്പു തുകകളുമായി പൊരുത്തപ്പെടുന്നില്ല

2023-24 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള പല ഇനങ്ങളിലേയും നീക്കിയിരിപ്പ് തുകകൾ 2024-25 വാർഷിക കണക്കിലെ മുന്നിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ഇനം	31.03.2024-ലെ നീക്കിയിരിപ്പ്	01.04.2024-ലെ മുന്നിരിപ്പ്
ഇ.എം.ഡി	156580	438864
റീടെൻഷൻ	196973	2132848

1-1-4 ബാങ്ക് റിക്കൺസിലിയേഷൻ - കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല

ബാങ്ക് /ട്രഷറി റീക്കൺസിലിയേഷൻ പത്രികകളിൽ റീക്കൺസിലിയേഷനിൽ ഇൻസ്ട്രുമെന്റ് നം./ചെക്ക് നം.തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പണമാക്കാത്ത ചെക്കുകൾ(uncashed Cheques), രസീത് നൽകിയിട്ടില്ലാത്ത ചെക്ക് ഡെപ്പോസിറ്റുകളുടെ വിവരം എന്നിവ ബാങ്ക് റിക്കൺസിലിയേഷനിൽ രേഖപ്പെടുത്താത്തതിനാൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-5 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി3- തൻവർഷം ആർജ്ജിച്ച ആസ്തികൾക്ക് തുല്യമായ തുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

1-1-6 ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല

ബാങ്ക് ബുക്കുകളിൽ വ്യക്തമായ രീതിയിൽ നറേഷൻ രേഖപ്പെടുത്തുന്നില്ല. ഗ്രാന്റുകൾ എവിടെ നിന്നും ലഭിച്ചു, ഗ്രാന്റുകൾ ലഭിച്ചതിന്റെ ഉത്തരവ് നമ്പർ, തീയതി എന്നിവയുടെ വിശദാംശം കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തിയ ACR, അനുബന്ധ രജിസ്റ്ററുകൾ, രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്കുകളിലും ലെഡ്ജറുകളിലും ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ചെലവ് തുക പ്രോജക്ടുകളുമായും വൗച്ചറുകളുമായും ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയത് കൊണ്ടുതന്നെ നീക്കിയിരിപ്പിന്റെ കൃത്യതയും ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-7 ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച് വാർഷിക കണക്കുകളിലെ വിവരങ്ങൾ പൂർണ്ണമല്ല

നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള PMAY അക്കൗണ്ട് (അക്കൗണ്ട് നം. 075101001437- ICICI ബാങ്ക്) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, എന്ത് ആവശ്യത്തിനായുള്ള അക്കൗണ്ടാണെന്ന വിവരം എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തുന്നില്ല.
ഉദാ:
1) കാനറാ ബാങ്ക് അക്കൗണ്ട് നമ്പർ 23571011002833
2) കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 7921

1-1-8 ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ് ഷീറ്റിൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത

തെളിയിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-9 ഷെഡ്യൂൾ ബി-8: Other Liabilities - ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ഷെഡ്യൂൾ ബി-8: Other Liabilities - ബാധ്യത സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലെഡ്ജറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ഷെഡ്യൂൾ ബി-14- തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല

എ) വസ്തു നികുതി - വാർഷിക കണക്കിലെ തുകകൾ ഡിസിബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ബി) തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളുടെ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഡിസിബി തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല.ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

സി) ലൈസൻസ് ഫീസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് , കളക്ഷൻ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

ഡി) റിസീവബിൾസ് ആയി കാണിച്ചിട്ടുള്ള തുകകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. മുൻവർഷ ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി കാണിച്ചിട്ടുള്ള തുകകളിൽ പിരിച്ചെടുത്ത തുക കിഴിച്ചുള്ള തുകയല്ല 2024-25 ബാലൻസ് ഷീറ്റിൽ മുൻവർഷ കുടിശ്ശികയായി കാണിച്ചിട്ടുള്ളത്.

വരവിനം	2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക	2024-25 വർഷം പിരിച്ചെടുത്ത തുക	ബാലൻസ്	2024-25 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക
വസ്തു നികുതി	35872263	10730741	25141522	23000000
തൊഴിൽ നികുതി	7525291	361475	7163816	359475
ലൈസൻസ് ഫീസ്	3913486	158085	3755401	129390

ഇ) മുൻവർഷ (2024-25) ബാലൻസ് ഷീറ്റിൽ 431409901 ഹെഡ് പ്രകാരം Other Receivable (Current) ഇനത്തിൽ 73,064,309 രൂപ ലഭിക്കാൻ ശേഷിച്ചിരുന്നു. എന്നാൽ ഇത് തൻ വർഷത്തേക്ക് ക്യാരി ഫോർവേഡ് ചെയ്തിട്ടില്ല.
എഫ്) തൻവർഷം (2024-25) Receivable Others ഇനത്തിൽ 4315099 എന്ന ഹെഡിൽ 85199582 രൂപ ലഭിക്കാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഹെഡ്ഡിന്റെ ലഡ്ജർ കെ സ്മാർട്ടിൽ ലഭ്യമല്ല.

1-1-11 ഫെസ്റ്റിവൽ അഡ്വാൻസ് -പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന ഫെസ്റ്റിവൽ അഡ്വാൻസ് തുകകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ ബാലൻസ് ഷീറ്റിൽ പ്രസ്തുത ഇനത്തിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-12 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക, ലേലം എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31-നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

1-1-13 മാർക്കറ്റ് ഫീസ് - വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള വിവരങ്ങൾ ലഭ്യമല്ല

2024-25 വർഷത്തെ ധനകാര്യ പത്രികയുടെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മാർക്കറ്റ് ഫീസ് (1405004) എന്ന ഹെഡിൽ വരവായി രേഖപ്പെടുത്തിയ 1321512 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

1-1-14 ആസ്തികളുടെ മൂല്യമായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യമായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

1-1-15 ഹെൽത്ത് ഗ്രാന്റ് - അക്കൗണ്ടിന്റെ വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല

ഹെൽത്ത് ഗ്രാന്റായി (രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ) ലഭിച്ച തുക നിക്ഷേപിച്ച ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ടിന്റെ വിവരം (അക്കൗണ്ട് നമ്പർ 29870100012130) വാർഷിക കണക്കുകളുടെ മുന്നിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

1-1-16 തൊഴിലുറപ്പ് പദ്ധതി - കണക്കുകൾ കൃത്യമല്ല

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.02.2024-ലെ കൗൺസിൽ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 725074754 രൂപയും, പ്രതീക്ഷിത ചെലവ് 650197509 രൂപയും, നീക്കിയിരിപ്പ് 74877245 രൂപയുമാണ്. വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 18.02.2025-ൽ കൂടിയ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 692231325 രൂപയും, പ്രതീക്ഷിത ചെലവ് 615527835 രൂപയും, നീക്കിയിരിപ്പ് 76703490 രൂപയുമാണ്.

1-3 സാമ്പത്തിക വിശകലനം

ഇനം	റസീറ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
മുന്നിരിപ്പ്	72000541	
വരവ്	172261884	288655377
ആകെ	244262425	
ചെലവ്	162009797	268913475
നീക്കിയിരിപ്പ്	82252628	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ചെലവഴിക്കാത്ത തുക
വികസന ഫണ്ട്- ജനറൽ	--	25454710 (27938100-2203910 -279380)	25454710	16379617	9075093
വികസന ഫണ്ട്- എസ്.സി.പി	--	19663910 (17460000+2203910)	19663910	10919358	8744552
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	-	45654990	45654990	25590865	20064125
മെയിന്റനൻസ് ഗ്രാന്റ്- നോൺ-		40398000	40398000	27287750	13110250

റോഡ്					
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക്	2151177	-	2151177	1150910	1000267
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-ട്രഷറി)		5103390	5103390	4470330	633060
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക്	6104229	10718531	16822760	6573960	10248800
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ((അൺ-ടൈഡ്)-ട്രഷറി)		1279270	1279270	571724	707546
സംസ്ഥാനാവിഷ്കൃത /കേന്ദ്രാവിഷ്കൃത ഫണ്ട്					
ഹെൽത്ത് ഗ്രാന്റ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ	15520540	2376781	17897321	13288189	4609132
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് സെന്റർ	2675942	63185	2739127	758934	1980193
ഐ.സി.ഡി.എസ്.	1440669	2754876	4195545	925503	3270042
പി എം എ വൈ	486924	6966603	7478527	528243	6950284
എം.എൻ ലക്ഷം വീട്	86593	0	86593	1399	85194
ഒ ഡി എഫ്	552201	0	552201	0	552201
എൻ എച്ച് എം	3527004	119552	3646556	0	3646556

കുറിപ്പ്:

1. ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ എ.സി.ആർ, രജിസ്റ്ററുകൾ എന്നിവ നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല.

2.ഡിമാന്റ് ചെയ്ത നികുതിയുടെ 90% പിരിച്ചെടുക്കാത്തതു മൂലം 279380 രൂപ, പൊതുവിഭാഗം വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്നും കുറവു ചെയ്താണ് ലഭിച്ചിട്ടുള്ളത്.

3. 2024-25 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 1,42,04,695 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും 11,39,245 രൂപ കുറവായാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	1226667
,,	അങ്കണവാടി അധിക വേതനം	1051200
വികസന ഫണ്ട്- എസ്.സി.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	213333

1-5 പദ്ധതി അവലോകനം

2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
481	300086792	216	120089046	265	44.9%

		അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	7	7	1418834	1393834	98.24
2	വെറ്ററിനറി സർജൻ	9	6	3449845	2399019	69.5
3	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	1	1	2647000	758934	28.67
4	മെഡിക്കൽ ഓഫീസർ , ജനറൽ ഹോസ്പിറ്റൽ	7	6	2110878	1041181	49.32
5	പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ	17	9	15043602	7341677	48.8
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	6	5850176	3803069	65
7	സെക്രട്ടറി	53	24	36603823	18629285	50.89
8	മുനിസിപ്പൽ എഞ്ചിനീയർ	317	128	205044978	75291764	36.7
9	ഹെഡ്മാസ്റ്റർ , ഗവൺമെൻറ് യു.പി.സ്കൂൾ	4	3	2829840	2657810	93.9
10	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	3	1	120000	20000	16.6
11	ക്ളീൻ സിറ്റി മാനേജർ	52	24	21617816	6702473	31
12	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	2	1	3350000	50000	1.5%
	ആകെ	481	216	300086792	120089046	40.01

2024-25 വർഷം ആവിഷ്കരിച്ച 481 പ്രോജക്ടുകളിൽ 216 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ചെലവ് ശതമാനം 40.01% മാത്രമാണ്. മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 36.7% മാത്രമാണ്

ചെലവഴിക്കുവാൻ സാധിച്ചത്. പ്രോജക്ടുകളുടെ ബാഹുല്യം നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചു. അമൃത് പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല. ഹെൽത്ത് ഗ്രാന്റിൽ നിന്നുള്ള ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നില്ല. 60 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചിട്ടും പോളി ഡെന്റൽ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പാമ്പേറുകളം സാംസ്കാരിക നിലയം നിർമ്മാണം, കുളം നവീകരണം എന്നിവയ്ക്കായി വർഷങ്ങളായി പ്രോജക്ട് ആവിഷ്കരിക്കുന്നുണ്ടെങ്കിലും നാളിതുവരെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.ഖര മാലിന്യ പ്ലാന്റിലേക്ക് വാങ്ങിയ 14.05 ലക്ഷം രൂപയുടെ മെഷീനുകൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല. 17-ാം നമ്പർ അങ്കണവാടിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ജനറൽ ആശുപത്രിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 35 ലക്ഷം രൂപ അനർട്ടിൽ നിക്ഷേപിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പി.എം.എ.വൈ (ജനറൽ & എസ്.സി.പി) ഭവനപദ്ധതിയിൽ എഗ്രിമെന്റ് വച്ച് സബ്സിഡി കൈപ്പറ്റിയ 26 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്യപ്പെടുന്നില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

വരവ്		ചെലവ്	
മുന്നിരിപ്പ്	1122	ഭരണച്ചെലവ്	646564
തൊഴിലാളികൾക്കുള്ള വേതനം, മെറ്റീരിയൽസ്, അഡ്മിനിസ്ട്രേഷൻ വരവ്	10500000	തൊഴിലാളികൾക്കുള്ള വേതനം, മെറ്റീരിയൽസ്	9849403
പലിശ വരവ്	32	ബാങ്ക് ചാർജസ്	236
		സറണ്ടർ ചെയ്ത തുക	4033
		നീക്കിയിരിപ്പ് (31/03/2025)	908
ആകെ	10501154	ആകെ	10501154

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവ്
കർഷകതൊഴിലാളി പെൻഷൻ	2940800
വിധവാപെൻഷൻ	23280300
വാർദ്ധക്യകാലപെൻഷൻ	49198200
ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	5493600
50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1235600

1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 09/03/2026, 12:30 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 247319 (രണ്ട് ലക്ഷത്തി നാല്പത്തിയേഴായിരുത്തി മുന്നൂറ്റി പത്തൊൻപത്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത വിഷയങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) കൗൺസിൽ യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിക്കുന്നതിൽ സമയ പരിധി പാലിക്കുന്നില്ല
സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള കൗൺസിൽ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും, മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 14 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. യോഗം ചേർന്ന് ആഴ്ചകൾക്കു ശേഷമാണ് പല തീയതികളിലെയും

മിനിട്ട്സുകൾ പൂർത്തിയാക്കിയിട്ടുള്ളത്. അറിയാനുള്ള അവകാശം ജനങ്ങൾക്ക് നിഷേധിക്കുന്നതോടൊപ്പം, മിനിറ്റ്സിൽ അനധികൃതമായി ഭേദഗതികൾ വരുത്തുന്നതിനും, തീരുമാനങ്ങൾ തിരുകി കയറ്റുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും ഇതു ഇടയാക്കുന്നതാണ്.

2) ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ വീഴ്ച
സ.ഉ (സാധ)നം 3214/20217/തസ്വഭവ തീ:05.10.2017, പൊതുഭരണ(ഏകോപനം) വകുപ്പിന്റെ 13.12.2022 ലെ സി.ഡി.എൻ.4/181/2022 നമ്പർ സർക്കുലർ എന്നിവ പ്രകാരം പബ്ളിക് ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്ളാസ്റ്റിക് കുപ്പിവെള്ളം, ഡിസ്പോസിബിൾ വസ്തുക്കളിലുള്ള ആഹാരം - പാനീയ വിതരണം എന്നിവ ഒഴിവാക്കപ്പെടേണ്ടതാണ്. എന്നാൽ ഇപ്പോഴും നഗരസഭ കൗൺസിൽ യോഗങ്ങളിൽ പ്ളാസ്റ്റിക് കുപ്പികളിലുള്ള കുടിവെള്ളം വിതരണം ചെയ്യുന്നു. കുടിവെള്ളത്തിനായുള്ള വാട്ടർ പ്യൂരിഫൈയർ സംവിധാനം നിലവിലുള്ളപ്പോൾ പ്ളാസ്റ്റിക് കുപ്പികളിലുള്ള കുടിവെള്ളം ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. നഗരസഭ ഓഫീസിനുള്ളിൽ ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മേൽ വിഷയങ്ങളിൽ പൊതുജനങ്ങൾക്കു മാതൃകയാകുന്ന തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരേണ്ടതാണ്.

3) ജീവനക്കാർക്കു സെക്ഷൻമാറ്റം, സ്ഥലം മാറ്റം എന്നിവ ഉണ്ടാകുമ്പോൾ ചാർജ്ജ് കൈമാറ്റം നടത്തുന്നതിൽ വീഴ്ച വരുത്തുന്നു
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും, വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നില്ല എന്നു ബോധ്യപ്പെട്ടു. ഓരോ മേഖലയുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതിൽ മാത്രമായി ചർച്ചകൾ പരിമിതപ്പെടുന്നു. ഓരോ മേഖലയുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുകയോ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സജീവമാക്കുന്നതിനും ചർച്ചകളുടെ വിശദവിവരം മിനിട്സിൽ രേഖപ്പെടുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല
വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്കു നൽകുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കേണ്ടതും, മോണിട്ടർ ചെയ്യേണ്ടതും, മൂന്നു മാസം പൂർത്തിയായിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു യഥാസമയം നോട്ടീസ് നൽകേണ്ടതുമാണ്. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാതിരുന്നതു ജീവനക്കാർക്കു പലിശ ഇനത്തിൽ അധിക ബാധ്യത സൃഷ്ടിക്കുന്നതാണ്.

5) പെൻഷൻ ഡേറ്റാബേസ് സൂക്ഷിക്കുന്നില്ല
നഗരസഭയിൽ നിന്നും പെൻഷൻ നൽകുന്ന ജീവനക്കാർക്ക് നൽകേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, നൽകിയ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ സംബന്ധിച്ച വിവരങ്ങൾ, വിവിധ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പെൻഷൻ/ഫാമിലി പെൻഷൻ പരിഷ്കരിച്ചതിന്റെ വിശദാംശം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ കൃത്യത ഉറപ്പാക്കുവാൻ ഇതുമൂലം സാധിക്കാതെ വരുന്നു.

6) പ്രവർത്തനക്ഷമമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്താത്തതിനാൽ 400 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 7.27 ലക്ഷം രൂപയുടെ പ്രതിമാസ ബാധ്യതയാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്.

7) തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുന്ന റ്റി.ഡി.എസ് റിക്കവറികൾ യഥാമയം ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03/01/2026 മുതൽ 31/01/2026 വരെ	2021-22 മുതൽ 2024-25 വരെ	ലഭിച്ചില്ല

1-11 ചെക്ക് മുഖേന ലഭിച്ച തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല

കെ-സ്മാർട്ടിലെ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള, ചുവടെ ചേർക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ (EPAY ACCOUNT/SOUTH INDIAN BANK, No 03300730000000512) ക്രഡിറ്റ് ചെയ്തിട്ടില്ല.

വൗച്ചർ നം	പേര്	ഇൻസ്ട്രുമെന്റ് നം	ഇൻസ്ട്രുമെന്റ് തീയതി	തുക
R-M030100-25006315 - 29-08-2025	ഹോളി ക്രോസ്സ് കോളേജ് ഓഫ് നഴ്സിങ്ങ്	115026	29-08-2025	24500
R-M030100-25004296 - 01-07-2025	പ്രസാദ് സി	062390	01-07-2025	361720
R-M030100-25005373 - 04-08-2025	പ്രസാദ് സി	062496	31-07-2025	1185
R-M030100-25005689 - 12-08-2025	മനോജ് കുമാർ എസ്, ജ്യോതിർഗമയ	055771	12-08-2025	103282

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/25-02-2026) മറുപടി ലഭ്യമായില്ല. മേൽ വിവരിച്ച ചെക്കുകൾ പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 ജനറൽ പർപ്പസ് ഫണ്ട് - അവസാന ഗഡു അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല

2024-25 സാമ്പത്തിക വർഷം നഗരസഭയ്ക്ക് ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 12 ഗഡുക്കൾ അലോട്ട്മെന്റായി അനുവദിച്ചിരുന്നു. എന്നാൽ, ജനറൽ പർപ്പസ് ഫണ്ട് ക്രെഡിറ്റ് ചെയ്യുന്ന സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799013000001095) 11 ഗഡുക്കൾ മാത്രമാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. അവസാന ഗഡു തുകയായ ₹11,39,245 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം16/18.02.2026) ലഭിച്ച മറുപടിയിൽ, കെ-സ്മാർട്ടിലെ ഗ്രാന്റ് റസീപ്റ്റിൽ രേഖപ്പെടുത്താത്തതിനാൽ ബിൽ സമർപ്പിക്കാൻ സാധിച്ചില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ക്രെഡിറ്റ് ചെയ്യാത്ത തുക തിരികെ ലഭിക്കുന്നതിനു നഗരസഭ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഷ്ടപ്പെട്ട 11.39 ലക്ഷം രൂപ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 പെർമിറ്റ് പ്രകാരം അനുവദിച്ചതിലും അധികമായി മണ്ണെടുത്തതിന്റെ പിഴയായി 45.98 ലക്ഷം രൂപ ഈടാക്കേണ്ടതാണ്

കേരള മൈനർ മിനറൽ കൺസെഷൻ റൂൾ 2015, G.O(P) No.38/2023/ID; 31.03.2023 വിജ്ഞാപന പ്രകാരമുള്ള ഭേദഗതി എന്നിവയിലെ ചട്ടം 14(8) അനുസരിച്ച്, പെർമിറ്റഡ് ഏരിയയേക്കാൾ അധികമായോ, പ്ലാൻ പ്രകാരമുള്ള അളവിൽ അധികമായോ മണ്ണ് എടുത്തിട്ടുണ്ടെങ്കിൽ അധികമായി എടുത്ത മണ്ണിന്റെ അളവിനു ബാധകമായ റോയൽറ്റിയുടെ അഞ്ചിരട്ടി തുക പിഴയായി ഈടാക്കേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയൽ പരിശോധിച്ചതിൽ നിന്നും, അധികമായി മണ്ണെടുപ്പ് നടത്തിയതിനു ഇപ്രകാരം ഈടാക്കേണ്ട പിഴ തുക 45.98 ലക്ഷം രൂപ ഈടാക്കുന്നതിനു നഗരസഭ തുടർനടപടികൾ സ്വീകരിച്ചില്ല എന്നു വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇ-ഫയൽ നമ്പർ	അപേക്ഷകന്റെ പേര്, വിലാസം	തദ്ദേശ സ്ഥാപനത്തിൽ അടവാക്കിയ റോയൽറ്റി	രസീത് നമ്പർ/തീയതി
1	2007862-2024	അനീഷ് സി, അനീഷാ ഭവൻ, ആനന്ദപ്പള്ളി	₹121528	24012643/17.01.2025

Permit No BP/7786/2024 (12/08/2024) പ്രകാരം, കെട്ടിടം നിർമ്മിക്കുന്നതിനായി 1519.10 M^3 മണ്ണ മാറ്റുന്നതിന് ഓവർസിയറുടെ 24.12.2024 ലെ റിപ്പോർട്ട് പ്രകാരം നഗരസഭ പെർമിറ്റ് നൽകിയിരുന്നു. 24.02.2025 ൽ സൈറ്റ് പരിശോധിച്ച ഓവർസിയർ 11496.3 M^3 മണ്ണ് സൈറ്റിൽ നിന്നും അധികമായി നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തു. 04.03.2025 ൽ, അധികം മണ്ണെടുത്തതിന്റെ ഫീസ് ജിയോളജി വകുപ്പിൽ അടച്ചതിന്റെ രസീത് വാങ്ങണം എന്ന നിർദ്ദേശമാണ് ഫയലിൽ രേഖപ്പെടുത്തിയത്. ഇതു പ്രകാരം അപേക്ഷകനും ജിയോളജി വകുപ്പിനും കത്ത്

കൈമാറിയതായി നോട്ട് രേഖപ്പെടുത്തി ഫയൽ അവസാനിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകൾ ഇ-ഫയലിൽ ലഭ്യമല്ല.

KMMC ചട്ടം 14(5)(9) പ്രകാരം ഫൈൻ ഈടാക്കുന്നതിനു റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിനുള്ള ചുമതല G.O.(P)NO 56/2023/ID Dt:11.09.2023 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. അധികമായി സൈറ്റിൽ നിന്നും എടുത്ത മണ്ണിന്റെ അളവിനുള്ള റോയൽറ്റി തുക താഴെ പറയുന്നു.

അധികമായി സൈറ്റിൽ നിന്നും മാറ്റിയ മണ്ണിന്റെ അളവ് = 11496.3 M^3 = 11496.3 X 2 Tonne

= 22992.6 Tonne

KMMCഷെഡ്യൂൾ -1 പ്രകാരം സാധാരണ മണ്ണിന് ₹40 Per Tonne ആണ് അടവാക്കേണ്ട റോയൽറ്റി.

22992.6 Tonne മണ്ണിനുള്ള റോയൽറ്റി തുക = 22992.6 X ₹40

= ₹919704

KMMC ചട്ടം ചട്ടം 14(8) പ്രകാരം റോയൽറ്റിയുടെ അഞ്ചിരട്ടി പിഴ തുക = 5 X ₹9,19,704

= ₹45,98,520

പിഴ തുകയായ ₹45,98,520 രൂപ അടവാക്കാൻ സെക്രട്ടറി അപേക്ഷകനു നോട്ടീസ് നൽകേണ്ടതും തുക അടവാക്കാത്ത പക്ഷം KMMC ചട്ടം 14(5)(9) പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 റോയൽറ്റി ഇനത്തിൽ ലഭിച്ച 9.90 ലക്ഷം രൂപ നഗരസഭയുടെ അക്കൗണ്ടിൽ

സാധാരണ മണ്ണ്, മറ്റ് മിനറലുകളായ പാറ, ചെങ്കല്ല്, ക്ലേ, സിലിക്ക തുടങ്ങിയവ ഖനനം ചെയ്യുന്നതിന് The Kerala Minor Mineral Concession Rules-2015, The Kerala Minerals (Prevention Of Illegal Mining, Storage & Transportation) Rules-2015 എന്നീ ചട്ടങ്ങളാണ് ബാധകം. G.O(P) No.38/2023/ID/ 31.03.2023 വിജ്ഞാപന പ്രകാരം കേരള മൈനർ മിനറൽ കൺസെഷൻ റൂൾസിൽ ഭേദഗതി വരുത്തി. ഇതു പ്രകാരം തദ്ദേശ സ്ഥാപനത്തിനു ഷെഡ്യൂൾ - 1 ലെ ഇനം 3 പ്രകാരമുള്ള സാധാരണ മണ്ണിന്റെ ട്രാൻസിറ്റിനായുള്ള പെർമിറ്റ് നൽകാൻ കഴിയും. കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq Ft വരെയുള്ള (278.7 M^2) കെട്ടിടനിർമ്മാണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി Movement Permit -Form-S ലും Mineral Transit Pass -Form O(A) യിലും നൽകണം (KM(IS&T) Rules). ഇതിനായി KMMCS റൂൾസിലെ ഷെഡ്യൂൾ -1 പ്രകാരമുള്ള റോയൽറ്റി അപേക്ഷകൻ സർക്കാരിൽ അടവാക്കണം.

A) സർക്കാരിൽ അടവാക്കേണ്ടിയിരുന്ന റോയൽറ്റി തുക

ഫയലുകൾ പരിശോധിച്ചതിൽ നിന്നും സർക്കാരിൽ അടവാക്കേണ്ട റോയൽറ്റി തുകയായ 9.90 ലക്ഷം രൂപ നഗരസഭയുടെ തനതു ഫണ്ടിൽ അടവാക്കിയതായി കണ്ടു. ഷെഡ്യൂൾ -1 പ്രകാരം സാധാരണ മണ്ണിന് ₹40 Per Tonne ആണ് അടവാക്കേണ്ട റോയൽറ്റി. 2015 ലെ KMMC റൂൾസ് ഷെഡ്യൂൾ - 1 പ്രകാരം 1 M^3 = 2 Tonne ആയി കണക്കാക്കിയിരുന്നു. റോയൽറ്റിയും പിഴതുകയും നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ 0853-102-99-(03) എന്ന ടഷറി ഹെഡ്ഡിലാണ് അടവാക്കേണ്ടത് (KMMC-2015). തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇ-ഫയൽ നമ്പർ	അപേക്ഷകന്റെ പേര്,വിലാസം	തദ്ദേശ സ്ഥാപനത്തിൽ അടവാക്കിയ റോയൽറ്റി	രസീത് നമ്പർ/തീയതി
1	10305-2023	ജയരാജ്, സൂസമ്മ, മംഗലശ്ശേരിൽ,കരുവാറ്റ	46247	123140107664/ 30-11-2024
2	2712021-2024	കെ ഉമേഷ്, കലേഷ് ഭവൻ, ഉലവക്കാട്, നൂറനാട് പി ഒ	54206	24011936 / 27-12-2024
3	7897-2023	ഷാജഹാൻ എസ്, പേൾ വില്ല, അടൂർ	14710	123140106186/09-10-2023
4	10005-2023	കെ എസ് മത്തായി, കണ്ണങ്കര മുകളിൽ പുത്തൻവീട്, പന്നിവിഴ	36535	123140108240/ 04.01.23
5	76882-2024	തോമസ് യോഹന്നാൻ, മഞ്ഞപ്പുഴശ്ശേരിൽ ,കരുവാറ്റ	31440	23002669/27.03.2024
6	10529-2024	നൗഷാദ്, ചെട്ടിയാം വീട്ടിൽ, കണ്ണങ്കോട്, അടൂർ	5280	23003599/05-03-2024

7	293621-2024	ബ്രിജേഷ് കുമാർ, തറയിൽ പുത്തൻവീട്	58653	23004226/12.03.2024
8	1211577-2024	ജേക്കബ്ബ് ജെ, നെല്ലിമുകളിൽ, കരുവാറ്റ	15755	24002570/18.05.2024
9	5802-2023	പാറുക്കുട്ടി ഓമന, കൈമല കല്ലുവിളയിൽ,പന്നിവിഴ	45248	030100-3400126/30-04-2024
10	74759-2024	ആരതി ഉണ്ണിത്താൻ, അരീക്കര വീട്, മല്ലിക, തട്ട പി ഒ	32960	014002362/18-05-2024
11	1430935-2024	രാജീവ് രവീന്ദ്രൻ, അമ്പിക്കലേത്ത്,പടിഞ്ഞാറെ പുര	30942	24004849/05-07-2024
12	1473269-2024	ജോൺസൺ, കെ എം ജി ബംഗ്ലാവ് , പന്നിവിഴ	20904	24005537/ 23.07.2024
13	1817711-2024	അഖിൽ എ കര്യൻ, അനിതാ ഭവൻ,ഏറത്ത്	28607	24006340/ 13.08.2024
14	1139688-2024	ശശി, മുളപ്പാരമഠത്തിൽ, ആനന്ദപ്പള്ളി	30275	24008667/ 11-10-2024
15	2282638-2024	റജീന പി	20996	24009912/ 05-11-2024
16	2436408-2024	സുജ പിള്ള, സുജാ ഭവനം,പന്നിവിഴ	30687	24010104/ 11-11-2024
17	2433053-2024	പ്രദീപ് ആർ എസ്, നന്ദനം	22664	24010281/ 14-11-2024
18	2560186-2024	ഷാൻ ഷറഫുദ്ദീൻ, ആശാരിയേത്ത്	17214	24010809/ 28-11-2024
19	2629983-2024	C O മാത്യു, മാരൂർ വിളയിൽ വീട്, അടൂർ	32221	24011668/ 18-12-2024
20	1869446-2024	റിൻസി റോയ്, തുണ്ടുവിള പുത്തൻവീട്, കരുവാറ്റ പി ഒ	19488	24008893/ 07-10-2024
21	2870057-2024	നെൽവൻ ജോസഫ്, മൂർത്തിവിള റോഡ്, പന്നിവിഴ	21840	24015113/ 24-02-2025
22	2657306-2024	ബാലകൃഷ്ണക്കുറുപ്പ്, മുകളുവിള താഴത്തിൽ, പന്നിവിഴ	23751	24016762/ 11-03-2025
23	1939545-2024	ശാരദ എസ്, തെക്കേടത്ത്, അടൂർ	36492	24010768/27.11.2024
24	2864356-2024	പ്രസന്നകുമാർ പി, ആനന്ദപ്പള്ളി	40928	24013521/06-02-2025
25	2007862-2024	അനീഷ് സി, അനീഷാ ഭവൻ, ആനന്ദപ്പള്ളി	121528	24012643/17.01.2025
26	699248-2025	ശരത്ത് എസ് പിള്ള, ശരത്ത് ഭവൻ, ആനന്ദപ്പള്ളി	22306	2500736/12.04.2025
27	902006-2025	സൂര്യ എം, കണ്ണങ്കോട്	14344	25000585/19.04.2025
28	673998-2025	ജോയി, ജെ ജെ ഭവൻ, പറക്കോട്	31866	25001003/24.04.2025
29	2244427-2025	ഷൈനി ജോർജ്ജ്, ശങ്കരത്തിൽ പുത്തൻവീട്, പറന്തൽ	26290	25004766/16-07-2025
30	3986583-2025	അനിത കുമാരി സി, മകം, കരുവാറ്റ,	31332	25007988/03.10.2025

		അടൂർ		
31	3586012-2025	കൃഷ്ണപ്രസാദ്, കാറ്റാടി പടിഞ്ഞാറ്റേതിൽ	8464	25006687/11.09.2025
32	568096-2025	ഷൈനി റജി, വാലേത്ത് പുത്തൻവീട്, പന്നിവിഴ	16157	25002364/16.05.2025
	ആകെ		₹9,90,330	

തുക അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.50/25-02-2026) മറുപടിയായി തുക സർക്കാരിലേക്ക് അടയ്ക്കുന്നതാണെന്ന് സെക്രട്ടറി ഓഡിറ്റിനു മറുപടി നൽകി.

B) കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടില്ല

അംഗീകൃത പ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമേ കുഴിച്ചെടുക്കുകയുള്ളുവെന്നും ട്രാൻസ്പോർട്ട് ചെയ്യുകയുള്ളുവെന്നും അംഗീകൃത കെട്ടിട പ്ലാൻ പ്രകാരമുള്ള നിർമ്മാണമേ നടത്തുവെന്നും Movement പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും സ്റ്റാമ്പ് പേപ്പറിൽ രേഖപ്പെടുത്തി ആയത് നോട്ടറി അറ്റസ്റ്റ് ചെയ്തത് (Form-T) ഇതിനായി അപേക്ഷകൻ സമർപ്പിക്കണം. ബേസ്മെന്റ് നിർമ്മിക്കാത്തപക്ഷം റോയൽറ്റിയായി അടച്ച തുകയുടെ അഞ്ച് ഇരട്ടി തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാകുന്നതാണ്. പെർമിറ്റഡ് ഏരിയയിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിനു അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ്. (ചട്ടം 14(8)). എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഒരു വർഷം കഴിഞ്ഞ പെർമിറ്റുകളിന്മേൽ ബേസ്മെന്റ് പരിശോധന നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടിയായി പെർമിറ്റുകളിൽ ബേസ്മെന്റ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

C) പെർമിറ്റഡ് ഏരിയയിൽ അധികം അളവിൽ മണ്ണെടുപ്പ് നടത്തിയിട്ടുണ്ടോയെന്നു പരിശോധിക്കുന്നില്ല

പെർമിറ്റഡ് ഏരിയയിൽ അധികമായോ, പ്ലാൻ പ്രകാരം അനുവദനീയമായ മണ്ണിന്റെ അളവിൽ അധികമായോ മണ്ണ് എടുത്തിട്ടുണ്ടെങ്കിൽ അധികമായി എടുത്ത മണ്ണിനു അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ്. (ചട്ടം 14(8)). അതിനാൽ പെർമിറ്റ് നൽകിയ സ്ഥലങ്ങളിൽ, എഞ്ചിനീയറിംഗ് വിഭാഗം തുടർ പരിശോധന നടത്തുന്നുണ്ടോ എന്നുള്ള വിഷയത്തിൽ ഓഡിറ്റ് എൻകൃയറി (നം.50/25-02-2026) നൽകിയിരുന്നെങ്കിലും ആയതിനു മറുപടി നൽകിയില്ല. അധികമായി മണ്ണ് നീക്കം ചെയ്തതായി ബോദ്ധ്യപ്പെട്ട അപേക്ഷകളിന്മേൽ യഥാസമയം ജിയോളജി വകുപ്പിനു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിരുന്നു. KMMC ചട്ടം 14(5)(9) പ്രകാരം ഫൈൻ ഈടാക്കുന്നതിനു റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിനുള്ള ചുമതല G.O.(P)NO 56/2023/ID തീയതി: 11.09.2023 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

റോയൽറ്റി ഫീസ് സർക്കാരിൽ അടവാക്കി ഓഡിറ്റിനു മറുപടി നൽകേണ്ടതാണ്. ബേസ്മെന്റ് നിർമ്മാണം പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ബേസ്മെന്റ് നിർമ്മാണം നടത്താത്ത ഉടമസ്ഥരിൽ നിന്നും അഞ്ചിരട്ടി റോയൽറ്റി തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. അധികമായി മണ്ണെടുത്ത പെർമിറ്റുകളിൽ ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മണ്ണെടുപ്പിനു പ്ലാനുകളും ഡ്രോയിംഗുകളും ഇ-ഫയലിൽ അറ്റാച്ച് ചെയ്യാൻ നിർദ്ദേശങ്ങളുണ്ടാകേണ്ടതാണ്. അപാകതകളിന്മേൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടരന്വേഷണം നടത്തേണ്ടതും ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക

നഗരസഭാ പരിധിയിലുള്ള വിവിധ സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 22.91 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനം	വാർഡ് നമ്പരും കെട്ടിട നമ്പരും	കെട്ടിട ഉടമയുടെ വിവരങ്ങൾ	കുടിശ്ശിക ഈടാക്കാനുള്ള കാലയളവ്	തുക
1	5/322	ആർ.ഡി.ഒ ഓഫീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	63007
2	5/323	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	98976

3	5/325	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	53050
4	5/327	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	106099
5	5/324	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	150120
6	5/328	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	53050
7	5/329	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	53050
8	5/330	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	73679
9	5/331	മജിസ്ട്രേറ്റ്, സിവിൽ സ്റ്റേഷൻ അടൂർ	2016-17 മുതൽ 2024-25 വരെ	36840
10	5/165	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	2678
11	5/173	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,അടൂർ	2016-17 മുതൽ 2024-25 വരെ	2234
12	5/176	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,അടൂർ	2016-17 മുതൽ 2024-25 വരെ	1721
13	5/159	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
14	5/162	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
15	5/164	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
16	5/163	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
17	5/166	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
18	5/167	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
19	5/171	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
20	5/170	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
21	5/169	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
22	5/168	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
23	5/172	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
24	5/175	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721

25	5/160	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
26	5/185	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
27	5/186	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
28	5/184	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
29	5/183	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
30	5/182	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
31	5/178	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
32	5/177	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	1721
33	5/158	സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അടൂർ	2016-17 മുതൽ 2024-25 വരെ	120483
34	28/339	എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, അടൂർ	2016-17 മുതൽ 2024-25 വരെ	94980
35	28/340	എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, അടൂർ	2016-17 മുതൽ 2024-25 വരെ	73140
36	28/338	എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, അടൂർ	2016-17 മുതൽ 2023-24 വരെ	41792
37	28/337	അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി-അടൂർ	2016-17 മുതൽ 2024-25 വരെ	78194
38	13/133	എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി	2016-17 മുതൽ 2024-25 വരെ	152594
39	13/134	എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി	2016-17 മുതൽ 2024-25 വരെ	177353
40	15/271	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2014-15 മുതൽ 2024-25 വരെ	142927
41	15/272	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2016-17 മുതൽ 2024-25 വരെ	298982
42	15/273	കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ പറക്കോട്	2017-18 മുതൽ 2024-25 വരെ	49458
43	15/277	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2014-15 മുതൽ 2024-25 വരെ	9003
44	15/276	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2014-15 മുതൽ 2024-25 വരെ	8129
45	15/275	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2014-15 മുതൽ 2024-25 വരെ	3876
46	15/274	സെക്രട്ടറി, പറക്കോട് ബ്ലോക്ക് ഓഫീസ്-പറക്കോട്	2014-15 മുതൽ 2024-25 വരെ	4993

47	16/411	എക്സൈസ് റേഞ്ച് ഓഫീസ് പറക്കോട്	2021-22 മുതൽ 2024-25 വരെ	19660
48	21/120	അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് സബ് ഡിവിഷൻ	2013-14 മുതൽ 2024-25 വരെ	23455
49	21/121	അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് സബ് ഡിവിഷൻ	2013-14 മുതൽ 2024-25 വരെ	70069
50	21/122	അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് സബ് ഡിവിഷൻ	2013-14 മുതൽ 2024-25 വരെ	166957
51	22/348	അസ്സിസ്റ്റന്റ് എഞ്ചിനീയർ കെ.ഐ.പി.ഒ/ എം. ഡിവിഷൻ നെല്ലിമൂട്ടിൽപ്പടി	2016-17 മുതൽ 2024-25 വരെ	25838
			ആകെ	2290807

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നം.10/ 18.02.26) നൽകിയിരുന്നു. നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചത്. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി- 3.30 ലക്ഷം രൂപ കുടിശ്ശിക

മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 2024-25 സാമ്പത്തിക വർഷം വരെ 330564 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.


ക്രമ നം	വാർഡ് നമ്പരും കെട്ടിട നമ്പരും	കെട്ടിട ഉടമയുടെ വിവരങ്ങൾ	വസ്തുനികുതി കുടിശ്ശിക
1	4/295	എ.റ്റി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്	84008
2	6/384	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് പാലാരിവട്ടം	56031
3	8/310	ശാമുവേൽ പാറവിള പുത്തൻവീട്	63851
4	24/655	ടവർ കമ്മ്യൂണിക്കേഷൻ അടൂർ	105081
5	24/128	ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്	21593
		ആകെ	330564

മുകളിൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നം.26/23.02.26) നൽകിയതിനു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചത്. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ മുഴുവൻ കെട്ടിട സമുച്ചയങ്ങൾക്ക് -വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

കെ-സ്മാർട്ടിൽ ലഭ്യമായ പുതിയ അസ്സസ്സ്മെന്റ് റിപ്പോർട്ട് പരിശോധിച്ചതിൽ ജവഹർ വാർഡിൽ (നം.6) പ്രവർത്തിക്കുന്ന ആൾ സെയിന്റ്സ് പബ്ലിക് സ്കൂൾ എന്ന വിദ്യാഭ്യാസ കെട്ടിട സമുച്ചയത്തിന്റെ നികുതി 2024-25-ൽ നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. (ഇ-ഫയൽ നം.280098-2025). സ്കൂളിന്റെ പുതിയ കെട്ടിടത്തിനു മൂന്നു കെട്ടിട നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചതായി ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട് (6/477-479). നിലവിൽ ഇവയെ Demolished എന്ന സ്റ്റാറ്റസ് നൽകിയതിനുള്ള കാരണം ആരാഞ്ഞു ഓഡിറ്റ് എൻക്വയറി (നം.40/24-02-2026) നൽകിയതിന് കെട്ടിടങ്ങൾക്ക് പുതിയ നമ്പരുകൾ നൽകിയതായും 2014-2015 മുതലുള്ള നികുതി 2025-ൽ ഈടാക്കിയതായും ഓഡിറ്റിനു മറുപടി നൽകി (6/480-482).

പഴയ കെട്ടിട നമ്പർ	പുതിയ കെട്ടിട നമ്പർ	ഏരിയ
6/477	6/481	596.48 M^2
6/478	6/480	571.19 M^2
6/479	6/482	492.03 M^2
	ആകെ	1659.7 M^2



ഇ-ഫയലും അസ്സസ്മെന്റ് രജിസ്റ്ററും കെട്ടിടത്തിന്റെ പ്ലാനും പരിശോധിച്ചതിൽ കെട്ടിട സമുച്ചയത്തിന്റെ ഒരു കെട്ടിടം മാത്രമാണ് നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ളതെന്നു കണ്ടു. എൽ ഷേപ്പിലുള്ള മൂന്നു നില സ്കൂൾ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതായോ നികുതി ഈടാക്കുന്നതായോ ആറാം വാർഡിന്റെ അസസ്സ്മെന്റ് രജിസ്റ്ററിലോ ഡിമാന്റ് രജിസ്റ്ററിലോ കാണുന്നില്ല. എൽ ഷേപ്പിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഏരിയ നിലവിൽ നികുതി നിർണ്ണയിക്കപ്പെട്ട എതിർവശത്തുള്ള സ്കൂൾ കെട്ടിടത്തിന്റെ ഏരിയയെക്കാൾ അധികരിച്ചുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

1-18 നികുതി പിരിവ് കാര്യക്ഷമമല്ല- വികസന ഫണ്ടിൽ നിന്നും നഷ്ടമായത് 2.79 ലക്ഷം രൂപ

ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, ആകെ റവന്യൂ ഡിമാന്റിന്റെ 90% തുക പിരിച്ചെടുക്കാത്ത പ്രാദേശിക സർക്കാരുകളുടെ ജനറൽ വിഭാഗം വികസന ഫണ്ടിൽനിന്നും 2022-23 സാമ്പത്തിക വർഷം മുതൽ ആനുപാതികമായി തുക കുറവ് ചെയ്യുന്നതിന് സ.ഉ.(കൈ)നം.179/2022/ധന, തീയതി 18-07-2022 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷം വികസന ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചപ്പോൾ, 2023-24 സാമ്പത്തിക വർഷം ആകെ റവന്യൂ ഡിമാന്റിന്റെ 90% തുക പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും ആനുപാതികമായ തുക കുറവ് വരുത്തിയിരുന്നു. ഇപ്രകാരം കുറവ് വരുത്തിയതു വഴി നഗരസഭയ്ക്ക് 2024-25 സാമ്പത്തിക വർഷം 279380 രൂപ നഷ്ടമായി. റവന്യൂ വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം വരും വർഷങ്ങളിലും ഇപ്രകാരം ഗ്രാന്റ് നഷ്ടമാകും. വിഷയത്തിലേക്കു കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-19 കരയോഗം വക കെട്ടിടത്തിന്റെ ക്രമവൽക്കരണം- ന്യൂനത പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ 27-ാം വാർഡിലെ NSS കരയോഗം കെട്ടിടത്തിന്റെ (27/1091) ഒന്നാം നിലയുടെ നിർമ്മാണം ക്രമവൽക്കരിച്ചതുമാണവുമായി ബന്ധപ്പെട്ട് അപാകങ്ങൾ നിലനിൽക്കുന്നു. 40 വർഷം പഴക്കമുള്ള കരയോഗം കെട്ടിടത്തിനു നഗരസഭ നമ്പർ അനുവദിച്ചിരുന്നു. (2013-കെട്ടിടനമ്പർ 27/1089 1993-19/465). 84.93 M^2 ഏരിയ

മാത്രമുള്ള ഈ കെട്ടിടത്തിന് 1993-ലെ നികുതി നിർണ്ണയ പ്രകാരം 67 രൂപ മാത്രമായിരുന്ന നികുതി ഈടാക്കി വന്നിരുന്നത്.

2022-23-ൽ നഗരസഭയിൽ നിന്നും പെർമിറ്റ് എടുക്കാതെ ഈ പഴയ കെട്ടിടത്തിന്റെ മുകൾഭാഗം കെട്ടി അടച്ച് റൂഫിംഗ് നടത്തി ഹാൾ ആക്കി മാറ്റിയതിനെ തുടർന്ന് നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി കരയോഗം സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച ഒന്നാം നിലയ്ക്കും (88.99 M^2), താഴത്തെ പഴയ കെട്ടിടത്തിനും (84.93 M^2) ചേർത്ത് പുതിയ കെട്ടിട നമ്പരിടുകയും (27/1091) ആകെ 173.92 M2 ഏരിയ വാണിജ്യ കെട്ടിടം എന്ന നിലയിൽ നികുതി നിർണ്ണയിച്ച് 2016-17 മുതൽ 2023-24 വരെയുള്ള കുടിശ്ശിക ഈടാക്കുകയും ചെയ്തു. കംപ്ലീഷൻ പ്ലാനിൽ ഒന്നാം നിലയുടെ ഏരിയ 84.93 M^2 എന്നാണ് കാണിച്ചിട്ടുള്ളത്.

പഴയ കെട്ടിടത്തിനു നഗരസഭ 2016-17 മുതൽ 2019-20 വരെ വസ്തുനികുതിയായി പ്രതിവർഷം 67 രൂപ നിരക്കിലാണ് നികുതി സ്വീകരിച്ചിരുന്നത്. (രസീത് നമ്പർ 118-11799; 22-11-2018). താഴെത്തെ നിലയ്ക്ക് മുകളിൽ ഒന്നാം നില നിർമ്മിച്ചപ്പോൾ താഴത്തെ നില പുതിയ കെട്ടിടമായി കണക്കാക്കി നികുതി ഈടാക്കിയത് ക്രമപ്രകാരമല്ല.

നിലവിലുണ്ടായിരുന്ന താഴത്തെ നിലയ്ക്ക് വീണ്ടും കെട്ടിട നമ്പർ നൽകി രണ്ടു തവണ നികുതി ഈടാക്കി

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്നും, കരയോഗം കെട്ടിടത്തിന്റെ താഴത്തെ നിലയെ (84.93 M^2) (27/1089) വാണിജ്യ വിഭാഗത്തിൽ പുതിയ കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ച് 2016-17 മുതൽ 2024-2025 വരെയുള്ള നികുതി ഈടാക്കിയതായി കണ്ടു. പിന്നീട് 27/1091 എന്ന കെട്ടിട നമ്പരിൽ താഴത്തെ പഴയ നിലയും പുതിയ ഒന്നാം നിലയും ഒരുമിച്ച് ഏരിയ കണക്കാക്കി നികുതി നിർണ്ണയിക്കുകയും 2016-17 മുതൽ 2024-2025 വരെ വീണ്ടുംനികുതി ഈടാക്കുകയും ചെയ്തു. ഇപ്രകാരം താഴത്തെ നിലയ്ക്ക് രണ്ടു തവണ നികുതി ഈടാക്കി.

അധികമായി വസ്തു നികുതി കണക്കാക്കി

വസ്തു നികുതി ഇനത്തിൽ 2016-17 മുതൽ 2023-24 വരെ പലിശ ഉൾപ്പെടെ 173601 രൂപ നഗരസഭ ഈടാക്കിയിരുന്നു. (രസീത് നം 123140104298/17.08.2023). 2024-25 വർഷത്തെ വസ്തു നികുതിയായി 8966 (15.05.2024), 7541 (26.03.2025) രൂപയും ഈടാക്കിയിരുന്നു.

തദ്ദേശ സ്വയം ഭരണ (ആർ സി) വകുപ്പിന്റെ 03.05.2020 ലെ ആർ സി2/100/2020/തസ്വഭവ സർക്കുലർ പ്രകാരം ഒക്യുപ്പൻസി നൽകുന്ന തീയതി മുതലാണ് വസ്തു നികുതി ഈടാക്കേണ്ടത്. ക്രമവൽക്കരണത്തിനു ശേഷം 31.07.2023 ലാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. എന്നാൽ പഴയ കെട്ടിട ഭാഗത്തിനും ക്രമവൽക്കരണം നടത്തിയ ഒന്നാം നിലയ്ക്കും വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി 2016-17 മുതൽ നഗരസഭ റവന്യൂ വിഭാഗം നികുതി ഈടാക്കിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ഘടനാപരമായ മാറ്റം വരുത്താത്ത, 40 വർഷം പഴക്കമുള്ള താഴത്തെ നിലയ്ക്ക് നികുതി പുനർ നിർണ്ണയിക്കാനാവില്ല. ക്രമവൽക്കരിച്ച ഒന്നാം നിലയ്ക്ക് മാത്രമാണ് 2023 രണ്ടാം അർദ്ധ വർഷം മുതൽ പുതുക്കിയ വസ്തുനികുതി നിർണ്ണയിക്കാനാകുക.

താഴത്തെ നിലയ്ക്ക് വസ്തുനികുതിയിനത്തിൽ ഈടാക്കിയ തുക (കെ-സ്മാർട്ട് പ്രകാരം)

കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഏരിയ, നഗരസഭ ഉൾപ്പെടുത്തിയ വിനിയോഗം നിർണ്ണയിച്ച നികുതി	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി
താഴത്തെ നില 27/1089 (2023)	84.93 M^2 വാണിജ്യം	2016-17 - ₹8207 2017-18 - ₹8207 2018-19 - ₹8207 2019-20 - ₹8207 2020-21 - ₹8207 2021-22 - ₹8207 2022-23 -₹8207 2023 -24– ₹8618 2024–25 ₹9049 2025-26 ₹9503	2016-17 - ₹64 2017-18 - ₹64 2018-19 - ₹64 2019-20 - ₹64 2020-21 - ₹64 2021-22 - ₹64 2022-23 -₹64 2023 -24– ₹67 2024-25 – ₹71 2025-26 – ₹75

27/1091 എന്ന നമ്പരിൽ ഇതേ കെട്ടിടത്തിന്റെ താഴത്തെ നിലയുടേയും ഒന്നാം നിലയുടേയും ഏരിയ കണക്കാക്കി ഈടാക്കിയ വസ്തു നികുതി ചുവടെ ചേർക്കുന്നു.

താഴത്തെ നില (പഴയത്), ഒന്നാം നില (പുതിയത്) 27/1091 (2013) Or 19/465 - (1993)	താഴത്തെ നില (പഴയത്) - 84.93 M^2 ഒന്നാം നില (പുതിയത്) - 88.99 M^2 ആകെ - 173.92 M^2 വാണിജ്യം	(സഞ്ചയ പ്രകാരം) 2016 -17 ₹8131 2017-18 ₹8131 2018-19 ₹8131 2019-20 ₹8131 2020-21 ₹8131 2021-22 ₹8131 2022-23 ₹8131 2023–24 ₹8539 2024–25 ₹7541

ഒന്നാം നിലയ്ക്ക് (84.93 M^2 ന്) അസംബ്ലി വിഭാഗത്തിൽ ഒരു ച.മീ ന് 60 രൂപ പ്രകാരം വസ്തു നികുതി കണക്കാക്കാവുന്നതാണ്. എന്നാൽ ഇതിനു ഒക്യുപ്പൻസി തീയതിയായ 31.07.2023 മുതലാണ് പ്രാബല്യം ഉണ്ടാകുക. എന്നാൽ താഴത്തെ നിലയുടേയും ഒന്നാം നിലയുടേയും ഏരിയ ഒന്നായി കണക്കിലെടുത്ത് വാണിജ്യ വിഭാഗത്തിൽ നികുതി നിർണ്ണയിക്കുകയും 2016-17 മുതൽ 2024-25 വരെ നികുതിയായി 72997 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട് (ആകെ - 173.92 M^2). താഴത്തെ നിലയ്ക്ക് ഇങ്ങനെ രണ്ടു തവണ നികുതി കണക്കാക്കുകയും ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടി ക്രമപ്രകാരമല്ല. അധികമായി ഈടാക്കിയ തുക തിരികെ നൽകാൻ നഗരസഭ ബാദ്ധ്യസ്ഥമാണ്. ഒന്നാം നിലയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും 2023 രണ്ടാം അർദ്ധവർഷം മുതൽ നികുതി കണക്കാക്കേണ്ടതുമാണ്.

കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയതിൽ കൃത്യതയില്ല

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 92 പ്രകാരം അംഗീകൃത പ്ലാൻ ഇല്ലാത്ത, പെർമിറ്റ് ഇല്ലാത്ത, പ്ലാൻ വ്യതിചലിച്ചിട്ടുള്ള ഏതു തരം നിർമ്മാണവും (നടന്നു കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ) കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കാത്തതാണെങ്കിൽ സെക്രട്ടറിയ്ക്ക് ക്രമവൽക്കരിച്ച് നൽകാവുന്നതാണ്. പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച കെട്ടിട ഭാഗത്തിനു കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയാണ് ക്രമവൽക്കരിക്കേണ്ടത്. കോമ്പൗണ്ടിംഗ് ഫീ ആയി ₹25479 രൂപ കരയോഗം സെക്രട്ടറിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. (തീയതി 11.07.2023). സ.ഉ (കൈ) നം.85/2023/LSGD തീയതി 31.03.2023 ഉത്തരവു പ്രകാരം പെർമിറ്റ് ഫീസ് 10.04.2023 മുതൽ വർദ്ധിപ്പിച്ചിരുന്നു. സ.ഉ (കൈ) നം.97/2024/LSGD, തീയതി 30.07.2024 സർക്കാർ ഉത്തരവു പ്രകാരം 01.08.2024 മുതൽ ഫീ കുറയ്ക്കുകയും മുൻ ഉത്തരവു പ്രകാരം ഈടാക്കിയ അധിക പെർമിറ്റ് ഫീ തിരികെ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം നിലയിൽ നിർമ്മിച്ച അസംബ്ലി കെട്ടിടം (88.99 M^2) ക്രമവൽക്കരിക്കുമ്പോൾ ₹12459 (84.93x2x₹70=12459) രൂപ മാത്രമാണ് കോമ്പൗണ്ടിംഗ് ഫീസ് ആയി ഈടാക്കേണ്ടത്. 13020 രൂപ അധികമായി ഈടാക്കിയിട്ടുണ്ട് (25479-12459). അധികം ഈടാക്കിയ തുക തിരികെ നൽകുകയോ, തുടർന്നുള്ള വർഷത്തെ നികുതിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

നിലവിൽ താഴത്തെ നില (27/1089) Demolished എന്ന രീതിയിൽ കണക്കാക്കി (ഫയൽ നമ്പർ 3289015-2025; 19.07.2025) ആ കെട്ടിട ഭാഗത്തെ 2025-26 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

മേൽ വിവരിച്ചതു പ്രകാരം താഴത്തെ നിലയ്ക്ക് (27/1089, പഴയ കെട്ടിടം) 2016 മുതൽ 2025 വരെ വാണിജ്യ കെട്ടിടം എന്ന നിലയിൽ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുകയും പിന്നീട് അത് 2025-ൽ ഡിമോളിഷ്ഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2026-ൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് താഴത്തെ നിലയും ഒന്നാം നിലയും 27/1091 എന്ന കെട്ടിടമായി കണക്കാക്കി വാണിജ്യം എന്ന വിഭാഗത്തിൽ നികുതി നിർണ്ണയിച്ച് 2016 മുതൽ 2025 വരെ വീണ്ടും നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം താഴത്തെ നിലയ്ക്ക് നിയമപ്രകാരമല്ലാതെ രണ്ടു തവണ നികുതി ഈടാക്കിയിട്ടുണ്ട്. താഴത്തെ നിലയ്ക്കും (പഴയ കെട്ടിടം) ഒന്നാം നിലയ്ക്കും ഒരുമിച്ച് ഏരിയ കണക്കാക്കി വാണിജ്യ വിഭാഗത്തിൽ നികുതി നിർണ്ണയിച്ചതും ക്രമപ്രകാരമല്ല. താഴത്തെ നിലയ്ക്ക് ഘടനാപരമായ മാറ്റം വരുത്തിയതായി പ്ലാനിലോ അപേക്ഷയിലോ കാണിച്ചിട്ടില്ല. ഒന്നാം നില ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

നിലവിൽ ഈ കെട്ടിട നമ്പരാണ് (27/1091, ഏരിയ GF-84.93,FF -88.99 M^2) നിലനിർത്തിയിട്ടുള്ളത്.
മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.44/25-02-2026), പെർമിറ്റില്ലാതെ നിർമ്മിച്ച ഒന്നാം നിലയും പഴയ കെട്ടിട ഭാഗവും വാണിജ്യമായി കണക്കാക്കി 2016-17 മുതൽ 2023-24 വരെ UA നികുതി ഈടാക്കി എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. മറുപടി നിയമപരമായി നിലനിൽക്കുന്നതല്ല. പെർമിറ്റ് എടുക്കാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളെല്ലാം UA ആകുന്നില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ കോമ്പൗണ്ടിംഗ് ഫീ ഈടാക്കി ക്രമവൽക്കരണം നടത്താവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ഈ കെട്ടിടത്തിനു ഒക്യുപ്പൻസി നൽകിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ട് എന്നു വ്യക്തമാണ്. അതിനാൽ ഈ കെട്ടിട നിർമ്മാണത്തെ UA ആയി കണക്കാക്കിയ നടപടി തെറ്റാണ്. വസ്തു നികുതി, പെർമിറ്റ് ഫീ എന്നീ ഇനങ്ങളിൽ അധികമായി ഈടാക്കിയ തുക തിരികെ നൽകുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 കെട്ടിടങ്ങൾക്ക് പെർമിറ്റ്/ഒക്യുപ്പൻസി അനുവദിക്കുന്നതിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള ചുമതല വിഭജന മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (സ.ഉ(കൈ) നം. 108/2023/LSGD, തീയതി 08.05.2023) പ്രകാരം അനുമതി/ ഒക്യുപ്പൻസി നൽകുന്നതു സംബന്ധിച്ച് ചുമതലകൾ വിവിധ ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവായിരുന്നു. ഇതു പ്രകാരം രണ്ടാം ഗ്രേഡ് നഗരസഭകളിൽ A1 (പാർപ്പിടം), A2 (ലോഡ്ജിംഗ്), B (വിദ്യാഭ്യാസം), F (വാണിജ്യം) എന്നീ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെട്ട 300 ച. മീറ്റർ നിർമ്മിത വിസ്തീർണ്ണം വരെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ്/ ഒക്യുപ്പൻസി എന്നിവ നൽകുന്നതിനുള്ള ചുമതല മാത്രം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിരുന്നു. 300 ച.മീ നു മുകളിൽ 750 ച.മീ വരെയുള്ള മേൽ വിനിയോഗത്തിലുള്ള കെട്ടിട നിർമ്മാണങ്ങളിൽ പെർമിറ്റ്/ ഒക്യുപ്പൻസി എന്നിവ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. 750 ച.മീ മുതലുള്ള എല്ലാ കെട്ടിടങ്ങൾക്കും, മേൽ ഉത്തരവ് പ്രകാരം C,D,E, G1 &G2, H, I എന്നീ വിനിയോഗങ്ങളിലുള്ള എല്ലാ നിർമ്മാണങ്ങളുടേയും (ഏരിയ കണക്കിലെടുക്കാതെ) പെർമിറ്റ്/ഒക്യുപ്പൻസി നൽകുന്നതിനുള്ള അധികാരം നഗരസഭ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

എന്നാൽ നഗരസഭയിൽ 2024-25-ൽ ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങളുടെ ബിൽറ്റ് അപ്പ് ഏരിയ പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തന്റെ അധികാര പരിധിയിലില്ലാത്ത 300 M^2 നു മുകളിലുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതായി വ്യക്തമായിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇല്ലാത്ത നഗരസഭയിൽ പെർമിറ്റ് /ഒക്യുപ്പൻസി എന്നിവ നൽകാനുള്ള ചുമതല സെക്രട്ടറിയിൽ തന്നെ നിക്ഷിപ്തമാണ്. മേൽ സർക്കാർ ഉത്തരവു പ്രകാരം കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ കണക്കാക്കുമ്പോൾ പ്ലോട്ടിനകത്ത് നിലവിലുള്ള കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ കൂടി പരിഗണിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇ ഫയൽ നം	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഏരിയ, വിനിയോഗം	ഒക്യുപ്പൻസി നമ്പർ, തീയതി
1	345047-2025	25/521-524	വാണിജ്യം, പാർപ്പിടം 1702 M^2	BA-551/2020-21; 17.02.2025
2	452602-2025	27/1149	ഓഡിറ്റോറിയം, 1795 M^2	BA-383/2019-20; 25.02.2025
3	564442-2025	21/413, 21/414	വാണിജ്യം 300.15+194.28 =494.43 M^2	BA-174/2022-23, 11.03.2025
4	644821-2025	24/1901-1903	വാണിജ്യം 321.80 + 321.80 +346.44 =990.04 M^2	BA-18/2023-24, 17.03.2024
5	946489-2025	24/1888, 24/18896-ാം നമ്പർ തീരുമാന പ്രകാരം സാധൂകരണം	വാണിജ്യം	BA-167/2021-22,

		ലഭ്യമായിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട്	445.5+ 490.5 = 936 M^2	15.04.2024
6	1244482-2024	27/1113, 27/1114	വാണിജ്യം 166.95 + 204.21 = 371.16	BA-307/13-14; 21-05-2024
7	1423034-2024	7/520, 7/521	വാണിജ്യം 104.1 + 104.1 = 208.2 Existing (7/46) = 238 M^2 ആകെ - 446.2 M^2	BA-85/2022-23; 23.05.2024
8	1431304-2024	18/464	ഓഫീസ് - 342 M^2	BA-185/2022-23, 07.06.2024
9	1641293-2024	26/468, 26/469	വാണിജ്യം -164.06 പാർപ്പിടം - 107.5 M^2 പാർപ്പിടം - 102.83 M^2 ആകെ = 374.39 M^2	BA-74/2022-23; 24.06.2024
10	1737874-2024	2/455, 2/456	ലോഡ്ജിംഗ് (A2) – 280.81 M^2 ലോഡ്ജിംഗ് (A2) – 294.24 M^2 ആകെ - 575M^2	BA 22/2023-24; 10.07.2024
11	1816013-2024	5/1166-1174	വാണിജ്യം, പാർപ്പിടം 785.56 M^2	BA-606/2020-21; 10.07.2024
12	1927745-2024	25/510-512	വാണിജ്യം - 1859	BA-196/2022-23;

			M^2	13.08.2024
13	2110434-20224	16/804	വാണിജ്യം-517.4 M^2	Partial Occupancy BA-192/2022-23; 04-09-2024
14	2205526-2024	27/1132-1137	വാണിജ്യം, പാർപ്പിടം 1109 M^2	BA-325/18-19; 19.09.2024
15	2212081-2024	27/1126-1131	വാണിജ്യം, പാർപ്പിടം 824.52 M^2	BA-103/2022-23; 25.09.2024

മേൽ അപാകങ്ങൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.35/24-02-2026), സെക്രട്ടറിയ്ക്ക് വേണ്ടി ഒപ്പിട്ട എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. സർക്കാർ ഉത്തരവുകളും, നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കാതെ കെട്ടിടങ്ങൾക്ക് ഒകൃപ്പൻസി അനുവദിച്ചു

കെട്ടിടത്തിനു ഒകൃപ്പൻസി നൽകുന്നതിനു മുമ്പ് സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 12.02.2021-ലെ ആർ.എ 1/77/2021/ നം ഉത്തരവിൽ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ മൂന്നാം നിർദ്ദേശപ്രകാരം ഒകൃപ്പൻസിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിൽ, പ്രസ്തുത പരിശോധന നടത്തിയതും ടി റിപ്പോർട്ട് അംഗീകരിച്ചതുമായ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ ഉൾപ്പെട്ട സീൽ ഉൾപ്പെടുത്തേണ്ടതാണ് . എന്നാൽ ഇ-ഫയൽ നമ്പർ മുഖേന K-Smart-ൽ കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും, സെക്ഷൻ ക്ലർക്ക്- റവന്യൂ ഇൻസ്പെക്ടർ-സൂപ്രണ്ട് എന്നീ മൂന്നു തലങ്ങളിലെ തീരുമാനങ്ങൾ പ്രകാരം നമ്പറിംഗ് നടത്തിയതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒകൃപ്പൻസി സർട്ടിഫിക്കറ്റ് മാത്രമാണ് നമ്പറിംഗിനു ആധാരമാക്കിയിട്ടുള്ളത്. പരിശോധന റിപ്പോർട്ട് ഇ-ഫയലിൽ ലഭ്യമല്ല. മേൽ പരാമർശിച്ചിട്ടുള്ള ടേബിളിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ നമ്പറിംഗിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.35/24-02-2026) സെക്രട്ടറി മറുപടി നൽകിയില്ല.

നഗരസഭയിൽ ഒകൃപ്പൻസി സർട്ടിഫിക്കറ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുകയും ആയതിനെ അടിസ്ഥാനമാക്കി റവന്യൂ വിഭാഗം ഉദ്യോഗസ്ഥർ നമ്പരിട്ടു നൽകുകയുമാണ് ചെയ്തു വരുന്നത്. സർക്കാർ ഉത്തരവു പാലിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതും ആയതിനെ അടിസ്ഥാനമാക്കിയും കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ കണക്കാക്കിയും സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ ഒകൃപ്പൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാണ്.

1-21 ഫയർ & റസ്ക്യൂ ഡിപ്പാർട്മെന്റിന്റെ ഫൈനൽ NOC ഇല്ലാതെ നിരവധി കെട്ടിടങ്ങൾക്ക് ഒകൃപ്പൻസി നൽകി

2019-ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4)(12)പ്രകാരം (I) ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H വിനിയോഗത്തിൽപ്പെട്ട 1000 M^2-ൽ കൂടുതൽ നിർമ്മിത വിസ്തീർണ്ണം (Builtup Area) അല്ലെങ്കിൽ 15M-ൽ കൂടുതൽ ഉയരമുള്ള എല്ലാ കെട്ടിടങ്ങൾക്കും (Ii) ഗ്രൂപ്പ് D, I, J വിനിയോഗത്തിൽപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പെർമിറ്റ് നൽകുമ്പോൾ ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്മെന്റിൽ നിന്നുള്ള സമ്മത പത്രം ആവശ്യമാണ് (Initial NOC). ഒകൃപ്പൻസി നൽകുമ്പോൾ NBCI-2016, Part IV ഫയർ & സേഫ്റ്റിയിലെ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്നുള്ള ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്മെന്റിൽ നിന്നുള്ള Final NOC ലഭ്യമാക്കുമ്പോൾ മാത്രമാണ് ഇവ സ്ഥാപിച്ചിട്ടുണ്ട് എന്നുറപ്പിക്കാനാകുക. എന്നാൽ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നുറപ്പാക്കാനുള്ള Final NOC ഇല്ലാതെ (ഇ-ഫയലിൽ ലഭ്യമല്ല) കെട്ടിടങ്ങൾക്ക് ഒകൃപ്പൻസി അനുവദിച്ചതായി കണ്ടു.

ക്രമ നം	ഇ ഫയൽ നം	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഏരിയ,	ഒകൃപ്പൻസി നമ്പർ, തീയതി

			വിനിയോഗം	
1	345047-2025	25/521-524	വാണിജ്യം, പാർപ്പിടം 1702 M^2	BA-551/2020-21; 17.02.2025
2	452602-2025 ട്രിനി ഓഡിറ്റോറിയം, കരുവാറ്റ	27/1149	ഓഡിറ്റോറിയം, 1795 M^2	BA-383/2019-20; 25.02.2025
3	1927745-2024	25/510-512	വാണിജ്യം - 1859m^2	BA-196/2022-23; 13.08.2024
4	2205526-2024	27/1132-1137	വാണിജ്യം, പാർപ്പിടം 1109 M^2	BA-325/18-19; 19.09.2024

2019-ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4)(13) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H വിനിയോഗത്തിൽപ്പെട്ട 300m^2-നും 1000m^2-നും ഇടയിൽ നിർമ്മിത വിസ്തീർണ്ണം (Builtup Area), 15M-ൽ താഴെ ഉയരമുള്ള എല്ലാ കെട്ടിടങ്ങൾക്കും - NBCI-2016, Part IV ഫയർ & സേഫ്റ്റിയിലെ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, അപ്പന്റിക്സ്-L-ൽ അപേക്ഷകന്റെ Self Declaration, എന്നിവ ഉണ്ടാകേണ്ടതാണ്. താഴെ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഇ-ഫയലുകളിൽ അപ്പന്റിക്സ് -L-ൽ തയ്യാറാക്കിയിട്ടുള്ള സ്വയം സാക്ഷ്യപത്രം ലഭ്യമല്ല.

ക്രമ നം	ഇ ഫയൽ നം	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഏരിയ, വിനിയോഗം	ഒക്യുപ്പൻസി നമ്പർ, തീയതി
1	564442-2025	21/413, 21/414	വാണിജ്യം 300.15+194.28 =494.43 M^2	BA-174/2022-23, 11.03.2025
2	644821-2025	24/1901-1903	വാണിജ്യം 321.80 + 321.80 + 346.44 =990.04 M^2	BA-18/2023-24, 17.03.2024
3	946489-2025	24/1888, 24/1889	വാണിജ്യം 445.5+ 490.5 = 936 M^2	BA-167/2021-22, 15.04.2024
4	1244482-2024	27/1113, 27/1114	വാണിജ്യം 166.95 + 204.21 = 371.16	BA-307/13-14; 21-05-2024
5	1423034-2024	7/520, 7/521	വാണിജ്യം 104.1 + 104.1 = 208.2 Existing (7/46) = 238 M^2 ആകെ - 446.2 M^2	BA-85/2022-23; 23.05.2024
6	1431304-2024	18/464	ഓഫീസ് - 342 M^2	BA-185/2022-23, 07.06.2024
7	1641293-2024	26/468, 26/469	വാണിജ്യം -164.06 പാർപ്പിടം - 107.5 M^2 പാർപ്പിടം - 102.83 M^2	BA-74/2022-23; 24.06.2024

			ആകെ =374.39 M^2	
8	1737874-2024	2/455, 2/456	ലോഡ്ജിംഗ് (A2) – 280.81 M^2 ലോഡ്ജിംഗ് (A2) – 294.24 M^2 ആകെ - 575 M^2	BA 22/2023-24; 10.07.2024
9	1816013-2024	5/1166-1174	വാണിജ്യം, പാർപ്പിടം 785.56 M^2	BA-606/2020-21; 10.07.2024
10	2110434-20224	16/804	വാണിജ്യം-517.4 M^2	Partial Occupancy BA-192/2022-23; 04-09-2024
11	2212081-2024	27/1126-1131	വാണിജ്യം, പാർപ്പിടം 824.52 M^2	BA-103/2022-23; 25.09.2024

അപ്പന്റിക്സ്-L പ്രകാരമുള്ള സ്വയം സാക്ഷ്യപത്രം ലഭ്യമാണെങ്കിൽ ആയത് ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റിനു രേഖകൾ ലഭ്യമാക്കിയിരുന്നില്ല.

1000 M^2-ൽ കൂടുതൽ ഏരിയ ഉള്ള കെട്ടിടങ്ങൾക്ക് NBCI-2016, Part IV ഫയർ & സേഫ്റ്റിയിലെ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്നുള്ള ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്മെന്റിൽ നിന്നുള്ള Final NOC ഹാജരാക്കുന്നതിനു ഓഡിറ്റ് എൻകയറി (നം.45/25-02-2026) നൽകിയിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല.

KMBR ചട്ടം 21 പ്രകാരം രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 M^2 വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I വിനിയോഗങ്ങൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

രണ്ട് വർഷത്തിനു ശേഷം ഏതു സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റിനോടൊപ്പം സാക്ഷ്യപ്പെടുത്തി നൽകുന്ന കംപ്ലീഷൻ പ്ലാനിനെ അടിസ്ഥാനമാക്കിയാണ് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത്. അപ്പന്റിക്സ് -L പ്രകാരം തുടർ പരിശോധനയിൽ ഫയർ ഇൻസ്റ്റലേഷൻ ഇല്ലായെങ്കിൽ ചതുരശ്രമീറ്ററിനു 100 മുതൽ പരമാവധി ഒരു ലക്ഷം രൂപ ഉടമസ്ഥനിൽ നിന്നും പിഴയായി ഈടാക്കാവുന്നതാണ്.

1000 M^2-ൽ കൂടുതൽ ബിൽറ്റ് അപ്പ് ഏരിയ ഉള്ള കെട്ടിടങ്ങളുടെ ഫൈനൽ NOC യും 300 M^2 മുതൽ 1000 M^2 വരെയുള്ള കെട്ടിടങ്ങളുടെ അപ്പന്റിക്സ് -L പ്രകാരമുള്ള സ്വയം സാക്ഷ്യപത്രവും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലുകളും അതാത് ഇ-ഫയലുകൾ ഉൾപ്പെടുത്തേണ്ടതാണ്. രേഖകൾ ഇല്ലായെങ്കിൽ തീപിടുത്തം പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുന്നപക്ഷം ആയതിന്റെ ഉത്തരവാദിത്തം നഗരസഭയ്ക്കു കൂടി വരുന്നതാണ്. മതിയായ രേഖകൾ ഇല്ലാതെ കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി നൽകിയതിലെ അപാകതകളിന്മേൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടരന്വേഷണം നടത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-22 പാർക്കിംഗ് ഏരിയ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടനിർമ്മാണത്തിനു പെർമിറ്റ് നൽകി


KMBR ചട്ടം-29 പ്രകാരം സൈറ്റിൽ ലഭ്യമാക്കേണ്ട പാർക്കിങ്ങ് ഏരിയ ഇല്ലാതെ 2024-25 വർഷം കെട്ടിട നിർമ്മാണങ്ങൾക്കു അനുമതി നൽകിയിട്ടുണ്ട്. സ.ഉ (കൈ) നം. 116/2024/LSGD; തീയതി 09.09.2024 പ്രകാരം പ്ലോട്ടിനകത്തു തന്നെ പാർക്കിംഗ് ഏരിയ ഉണ്ടാകണം എന്ന നിബന്ധനയിൽ ഇളവ് അനുവദിച്ചിരുന്നു. നിർമ്മാണം നടത്തുന്ന പ്ലോട്ടിൽ നിന്നും 200 മീറ്ററിനുള്ളിൽ വാഹനഗതാഗതത്തിനു വഴിയുള്ള (Motorable Acess) മറ്റൊരു പ്ലോട്ടിൽ ആവശ്യമായ പാർക്കിംഗിന്റെ 50% അനുവദിക്കും. ഉടമസ്ഥന്റെ ഭൂമി ആയിരിക്കണം. എന്നാൽ അപ്രകാരമുള്ള സ്ഥലമോ മറ്റോ ഇല്ലാതെയും പ്ലോട്ടിനകത്ത് സ്ഥലമില്ലാതെയുമുള്ള ബഹുനില വാണിജ്യ കെട്ടിടത്തിനു പെർമിറ്റ് നൽകിയിട്ടുണ്ട്.

ഫയൽ നമ്പർ : 1036425-2024

അപേക്ഷകന്റെ പേര്, വിലാസം	പ്ലോട്ട് ഏരിയ, സർവ്വെ നമ്പർ, വാർഡ്	കെട്ടിടത്തിന്റെ വിശദാംശങ്ങൾ (ബിൽറ്റ് അപ്പ് ഏരിയ M^2)	പെർമിറ്റ് നമ്പർ, തീയതി
ജോൺസൺ ചെറിയാൻകുട്ടി, ആലുമ്മൂട്ടിൽ പുത്തൻവീട്, ആനന്ദപ്പള്ളി	375 M^2 വാർഡ് 7, സർവ്വെ നമ്പർ ; 57/16 – 3.50 ആർ' 57/16/1 – 0.25 ആർ'	താഴത്തെനില (വാണിജ്യം) - 211.66 (24.16 M^2 പാർക്കിംഗ്) ഒന്നാം നില (വാണിജ്യം)- 204 രണ്ടാം നില (പാർപ്പിടം)- 204 മൂന്നാം നില (പാർപ്പിടം)- 14.66 ആകെ - 634.32 M^2 ഫ്ലോർ ഏരിയ (വാണിജ്യം)- 359.09 M^2 ഫ്ലോർ ഏരിയ (പാർപ്പിടം)- 210.41 M^2	BP/4782/2025; 13.02.2025

കാർ പാർക്കിംഗ് ഏരിയ ഇല്ലാത്ത സൈറ്റിൽ ബഹുനില വാണിജ്യ കെട്ടിടത്തിനു പെർമിറ്റ് അനുവദിച്ചു

KMBR 2019 ചട്ടം 29 പ്രകാരം വാണിജ്യ കെട്ടിട ഭാഗത്തിന് 4 കാർ പാർക്കിംഗ് ആവശ്യമാണ്. (359.09/90 = 3.98 = 4). രണ്ടാം നില മുഴുവനായും അപ്പാർട്ട്മെന്റ് ആയി വിനിയോഗം കാണിച്ചിട്ടുണ്ട്. 210 M^2 ഏരിയയുള്ള ഈ പാർപ്പിട വിനിയോഗത്തിന് 2 കാർ പാർക്കിംഗ് ആവശ്യമാണ്. എന്നാൽ കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാനിൽ വാണിജ്യ കെട്ടിടത്തിന് ആവശ്യമായ 4 പാർക്കിംഗ് മാത്രമെ കാണിച്ചിട്ടുള്ളൂ. പാർപ്പിട കെട്ടിടത്തിന്റെ പാർക്കിംഗ് കാണിച്ചിട്ടില്ല. ഒന്നിൽ കൂടുതൽ ഒക്യുപ്പൻസികൾ ഉള്ള കെട്ടിടസമുച്ചയങ്ങളുടെ കാര്യത്തിൽ ഓരോ ഒക്യുപ്പൻസിയ്ക്കും വേണ്ട പാർക്കിംഗ് വെവ്വേറെ കണക്കാക്കി പ്ലോട്ടിൽ തന്നെ നീക്കിവയ്ക്കേണ്ടതാണ്.



വാണിജ്യ കെട്ടിടത്തിനു വേണ്ട നാലു കാർ പാർക്കിംഗിനുള്ള ഏരിയ പ്ലോട്ടിൽ ലഭ്യമല്ല. കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ 3 കാറിനും താഴത്തെ നിലയിൽ കെട്ടിടത്തിനകത്ത് ഒരു കാറിനുമുള്ള പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുള്ള പ്ലാൻ അംഗീകരിച്ചത് ചട്ട പ്രകാരമല്ല. 90 % ഓപ്പൺ സ്പേസിലും കാർ പാർക്കിംഗ് കാണിച്ചാണ് പെർമിറ്റ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇവിടെ അപ്രകാരം അനുവദനീയമായതിലും കൂടുതൽ പാർക്കിംഗ് ഫ്രണ്ട് യാർഡ് ഏരിയയിൽ കാണിച്ചിട്ടുണ്ട്. കെട്ടിടത്തിനകത്ത് കാണിച്ചിട്ടുള്ള പാർക്കിംഗ് ഏരിയയിൽ നിന്ന് വാഹനത്തിനു റോഡിലേക്കുള്ള പ്രവേശന മാർഗ്ഗത്തിലാണ് ട്യൂ വീലർ പാർക്കിംഗും കാണിച്ചിട്ടുള്ളത്. മേൽ അപാകതയ്ക്ക് അസിസ്റ്റന്റ്

എഞ്ചിനീയർ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/24-02-2026) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു ശുപാർശ ചെയ്യുന്നു.


1-23 പാർക്കിംഗ് സൗകര്യവും സുരക്ഷാവ്യവസ്ഥകളും ഉറപ്പാക്കാതെ ബഹുനില വാണിജ്യ കെട്ടിടത്തിനു ഒക്യുപ്പൻസി നൽകി.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വേണ്ട പാർക്കിംഗ് ഏരിയയും, തീപിടുത്തം തടയുന്നതിനാവശ്യമായ സുരക്ഷാ വ്യവസ്ഥകളും ഇല്ലാത്ത കെട്ടിടത്തിനു അസിസ്റ്റന്റ് എഞ്ചിനീയർ ഒക്യുപ്പൻസി നൽകിയതായി കണ്ടു. (നം.BA 551/2020-21; 17.02.2025)

സ.ഉ (കൈ) നം. 116/2024/LSGD; തീയതി 09.09.2024 പ്രകാരം പ്ലോട്ടിനകത്തു തന്നെ പാർക്കിംഗ് ഏരിയ ഉണ്ടാകണം എന്ന നിബന്ധനയിൽ ഇളവ് അനുവദിച്ചിരുന്നു. നിർമ്മാണം നടത്തുന്ന പ്ലോട്ടിൽ നിന്നും 200M ചുറ്റളവിൽ വാഹനഗതാഗതത്തിനു വഴിയുള്ള (Motorable Acess) മറ്റൊരു പ്ലോട്ടിൽ ആവശ്യമായ പാർക്കിംഗിന്റെ 50% അനുവദിക്കും. ഉടമസ്ഥന്റെ ഭൂമി ആയിരിക്കണം. എന്നാൽ അപ്രകാരമുള്ള സ്ഥലമോ മറ്റോ ഇല്ലാതെയും പ്ലോട്ടിനകത്ത് സ്ഥലമില്ലാതെയുമുള്ള ഒരു ബഹുനില വാണിജ്യ കെട്ടിടത്തിനു ഒക്യുപ്പൻസി നൽകിയിട്ടുണ്ട്. 2019-ലെ KMBR ചട്ടം-29 പ്രകാരം സൈറ്റിൽ വേണ്ട പാർക്കിംങ് പ്രായോഗികമായി ലഭ്യമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേര്, വിലാസം	പ്ലോട്ട് ഏരിയ, സർവ്വെ നമ്പർ, വാർഡ്	കെട്ടിടത്തിന്റെ വിശദാംശങ്ങൾ (കെട്ടിട നമ്പർ - വിനിയോഗം-ബിൽറ്റ് അപ്പ് ഏരിയ M2)
സെയ്ദ് ഹബീബ് റഹ്മാൻ, കണ്ണങ്കോട്,അടൂർ	1134 M^2 വാർഡ് 25, മൂന്നാളം സർവ്വെ നമ്പർ; 181/18-2, 194/18-3, 194/18-1	25/521 - താഴത്തെനില (വാണിജ്യം) - 554.67 M^2 25/522- ഒന്നാം നില (വാണിജ്യം) - 554.67 M^2 25/523- രണ്ടാം നില (വാണിജ്യം) - 351.67 M^2 25/524- രണ്ടാം നില (പാർപ്പിടം) - 241 M^2 ആകെ - 1702.01 M2 ഫ്ലോർ ഏരിയ (വാണിജ്യം)- 1335 M^2 ഫ്ലോർ ഏരിയ (പാർപ്പിടം)- 285 M^2

ചട്ടം 29 പ്രകാരം വാണിജ്യ കെട്ടിടഭാഗത്തിന് ഫ്ലോർ ഏരിയയുടെ 90 M^2 ന് ഒരു കാർ പാർക്കിംഗ് ഉണ്ടാകണം. അപ്രകാരം 1335/90 =15 കാർ പാർക്കിംഗ് ഈ കെട്ടിടത്തിനുണ്ടാകേണ്ടതാണ്. സൈറ്റ് പ്ലാൻ പ്രകാരം 10 കാറുകൾ ഫ്രണ്ട് യാർഡിലും 4 കാറുകൾക്കുള്ള പാർക്കിംഗ് സൈഡ് യാർഡിലും രണ്ടെണ്ണം കെട്ടിടത്തിന്റെ പിൻഭാഗത്തുമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ സൈഡ് യാർഡിൽ പാർക്കിംഗ് പ്രായോഗികമല്ല. ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇവിടെ സൈഡ് യാർഡിന്റെ മുഴുവൻ ഭാഗവും പാർക്കിംഗ് കാണിച്ചിട്ടുണ്ട്.



മേൽ ഒക്യുപ്പൻസികളിൽ കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% അധികമായി ഇരുചക്രവാഹനങ്ങൾക്ക് പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്.

ഗ്രൂപ്പ് F വാണിജ്യ ഒക്യുപ്പൻസിയിൽ കാർ പാർക്കിംഗിനുള്ള സ്ഥലത്തിനു പുറമേ ആദ്യ 700m^2 കഴിഞ്ഞുള്ള ഓരോ 1000m^2-നും അതിന്റെ ഭാഗത്തിനും 30m^2 Loading & Unloading Space പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ ഇവിടെ 30 M^2 ലോഡിംഗ് & അൺ ലോഡിംഗ് സ്പേസ് ഉണ്ടാകേണ്ടതാണ്. (1335-700=635, 635/1000=0.635 =1). എന്നാൽ കെട്ടിട പ്ലാനിൽ ടൂ വീലർ പാർക്കിംഗോ ലോഡിംഗ് & അൺലോഡിംഗ് സ്പേസോ കാണിച്ചിട്ടില്ല. പൂർത്തീകരിച്ച കെട്ടിടത്തിന്റെ സൈറ്റ് പരിശോധന റിപ്പോർട്ട് ഇ-ഫയലിൽ ലഭ്യമല്ല (നം. 345047/2025). എന്നാൽ കെട്ടിട പ്ലാൻ ഒന്നാം ഗ്രേഡ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടത്തിന് ഒക്യുപ്പൻസി നൽകുന്നതിനു മുൻപ് ഫയർ ഫൈറ്റിംഗ് ഇൻസ്റ്റലേഷൻസ് സ്ഥാപിച്ചിട്ടുണ്ടോ എന്നുള്ള പരിശോധനകൾ നടത്തിയിട്ടില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ നിർദ്ദേശിച്ചിട്ടുള്ള ചട്ടത്തിലെ വ്യവസ്ഥകൾ പൂർത്തീകരിച്ച കെട്ടിടം പാലിച്ചിട്ടുണ്ടോ എന്നുള്ള പരിശോധനകൾ നടത്തിയതിന്റെ വിവരം ഇ-ഫയലിൽ ലഭ്യമല്ല. ചട്ടം 5(4)(12) പ്രകാരം ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫൈനൽ NOC ഹാജരാക്കിയിട്ടില്ല. 1000 M^2 ൽ കൂടുതൽ ബിൽറ്റ് അപ്പ് ഏരിയയുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങൾക്കും നിർബന്ധമായും തീപിടുത്തത്തെ പ്രതിരോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. (Part 4 Fire And Life Safety Of National Building Code Of India, 2016). എന്നാൽ ഇവ സ്ഥാപിച്ചിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തിയിട്ടില്ല. 16.10.2021-ൽ കെട്ടിടത്തിനു പെർമിറ്റ് (നം.BA 551/2020-21) നൽകുമ്പോൾ 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 76(2) പ്രകാരമുള്ള മഴവെള്ള സംഭരണി, ഫയർ NOC എന്നിവ ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

K-Smart നോട്ട് ഫയൽ അവ്യക്തം

ഇ ഫയലിൽ (നം.345047-2025) ലഭ്യമായ ഫയൽ നോട്ട് പ്രകാരം 16.02.2025-ൽ സെക്ഷൻ ക്ലാർക്ക് ഫയലിൽ ആദ്യ നോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് റവന്യൂ ഇൻസ്പെക്ടർ 20.02.2025-ൽ കെട്ടിടത്തിനു നമ്പർ അനുവദിക്കാം എന്നു രേഖപ്പെടുത്തുകയും അന്നു തന്നെ സൂപ്രണ്ട് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിനു ഒക്യുപ്പൻസി നൽകുന്നതിനു മുമ്പ് സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 12.02.2021-ലെ ആർ.എ 1/77/2021/ത.സ്വ.ഭ.വ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ മൂന്നാം നിർദ്ദേശപ്രകാരം ഒക്യുപ്പൻസിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിൽ, പ്രസ്തുത പരിശോധന നടത്തിയതും ടി റിപ്പോർട്ട് അംഗീകരിച്ചതുമായ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥന്റെ വിവരങ്ങൾ ഉൾപ്പെട്ട സീൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/24-02-2026) സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല.

മതിയായ പാർക്കിംഗ് സൗകര്യങ്ങളും ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫൈനൽ NOC യും ഇല്ലാതെ ബഹുനില കെട്ടിടത്തിനു ഒക്യുപ്പൻസി അനുവദിച്ചത് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർ അന്വേഷണം നടത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-24 കെട്ടിടങ്ങളെ അനധികൃതമാക്കിയതിലും ക്രമവൽക്കരിക്കുന്നതിലും ഗുരുതരമായ വീഴ്ച.

നഗരസഭ അനധികൃതമായി നിരവധി കെട്ടിടങ്ങളെ UA എന്ന കാറ്റഗറിയിലേയ്ക്ക് മാറ്റുകയും തുടർന്ന് ഇവയെ ക്രമവൽക്കരിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നതും സംബന്ധിച്ച പരാമർശം 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13-ആയി ഉൾപ്പെടുത്തിയിരുന്നു. ആധികാരിക രേഖകളുടെ പിൻബലമില്ലാതെ 830 കെട്ടിടങ്ങളെ അനധികൃതമായി കണക്കാക്കി അവയ്ക്ക് 2019-20-ൽ UA നമ്പർ നൽകിയിരുന്നു. ഇവയിൽ നൂറിൽ താഴെ കെട്ടിടങ്ങൾക്കു മാത്രമാണ് ക്രമവൽക്കരണം നടത്തി നിലവിൽ നികുതി സ്വീകരിക്കുന്നത്. മറ്റുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇപ്പോഴും നടപടികൾ തുടരുകയാണ്.

A) നടപടികൾ പാലിക്കാതെ കെട്ടിടങ്ങൾക്കു നൽകിയ UA നമ്പർ ഭരണസമിതിയ്ക്ക് ഒഴിവാക്കി നൽകാവുന്നതാണ്

കെട്ടിടങ്ങളെ UA ആക്കിയ നടപടികൾ തന്നെ തെറ്റാണ് എന്ന് 2019-20-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 ൽ ചൂണ്ടിക്കാട്ടിയിരുന്നു. നഗരസഭയിൽ നിന്നും പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച കെട്ടിടഭാഗങ്ങൾ, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ടുള്ള നിർമ്മാണമാണെങ്കിൽ പെർമിറ്റ് നേടിയില്ല എന്ന വിഷയം ചട്ടം 92 പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി പരിഹരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, പെർമിറ്റ് എടുത്തില്ല എന്ന കാരണത്താൽ അധിക നിർമ്മാണമുള്ള എല്ലാ കെട്ടിടങ്ങളേയും UA എന്ന ഗണത്തിൽപ്പെടുത്തിയത് ക്രമപ്രകാരമല്ല. അത്തരം കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാൻ കഴിയാതെ വരുന്നത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുമുണ്ട്.

പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ, സാങ്കേതിക വിഭാഗം പരിശോധന നടത്തി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല എന്നു റിപ്പോർട്ട് ചെയ്യപ്പെടുന്നവ മാത്രമാണ് UA എന്ന കാറ്റഗറിയിലോട്ട് മാറ്റപ്പെടുക. എന്നാൽ

സാങ്കേതിക വിഭാഗം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലല്ല കെട്ടിടങ്ങളെ UA എന്ന വിഭാഗത്തിലോട്ട് മാറ്റിയിട്ടുള്ളത്. അതിനാൽ തന്നെ നിലവിൽ UA ആയി നിലനിർത്തിയ കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് നഗരസഭ ഭരണസമിതിയ്ക്ക് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

B) സർക്കാർ ഉത്തരവു പ്രകാരം അനധികൃതമായ കെട്ടിടഭാഗങ്ങൾക്ക മാത്രം UA പദവി നൽകാവുന്നതാണ്

സ.ഉ(കൈ) നം.77/2023/LSGD: തീയതി 22.03.2023 നം സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം കെട്ടിടങ്ങളിൽ പരിശോധന നടത്തേണ്ടതും പരിശോധനയിൽ മാറ്റം വരുത്തിയതായി കണ്ടെത്തുന്നവയിൽ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിക്കുകയോ പൊളിച്ചു മാറ്റുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട ഭാഗങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതുവരെ ആ ഭാഗങ്ങൾക്ക് 1994 ലെ മുനിസിപ്പാലിറ്റി ആക്ട്, 242 വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ പ്രസ്തുത കെട്ടിടഭാഗം നിയമാനുസൃതമായിരുന്നെങ്കിൽ ചുമത്തേണ്ടിയിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ കൂട്ടിച്ചേർത്തതുൾപ്പെടെ 1500 ചതുരശ്ര അടി വരെയുള്ള ഏക കുടുംബ വാസഗൃഹങ്ങളുടെ കാര്യത്തിൽ ഇത് ബാധകമാക്കേണ്ടതില്ല.

മേൽ സർക്കാർ ഉത്തരവു പ്രകാരം കെട്ടിടത്തെ ഒന്നായി UA ആക്കാൻ പാടില്ല എന്നും അനധികൃത ഭാഗം മാത്രം UA ആയി കണക്കാക്കി മൂന്ന് ഇരട്ടി നികുതി ഈടാക്കി അധികൃതമാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അനധികൃതമല്ലാത്ത കെട്ടിടഭാഗത്തിനു പഴയ നമ്പർ തുടരാവുന്നതും പഴയ നിരക്കിൽ നികുതി ഈടാക്കാവുന്നതുമാണ്.

C) ഫീൽഡ് പരിശോധന നടത്തി അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ആധികാരികമാക്കേണ്ടതാണ്

കേരള മുനിസിപ്പാലിറ്റി ആക്ട് , സെക്ഷൻ 242(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ വാർഡ് തലത്തിൽ തയ്യാറാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ K Smart ൽ ഓഡിറ്റിനു ലഭ്യമാക്കിയ ലോഗിനിൽ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ലഭ്യമല്ല. K Smart ൽ ബിൽഡിംഗ് കൌണ്ട് പരിശോധിച്ചപ്പോൾ ആറു കെട്ടിടങ്ങൾ മാത്രമാണ് അനധികൃതം എന്നു രേഖപ്പെടുത്തിയിട്ടുള്ളത്(വാർഡ് 26 -4, വാർഡ് 27-2). എന്നാൽ ഏതൊക്കെ കെട്ടിടങ്ങളാണ് അനധികൃതമെന്ന വിവരം K-Smart-ൽ ലഭ്യമല്ല. അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച് K-Smart-ലെ വിവരങ്ങൾ അപൂർണ്ണമാണ്.

D) അനധികൃത നിർമ്മാണമെന്നു കണ്ടെത്തിയാൽ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടം പ്രയോജനപ്പെടുത്താവുന്നതാണ്

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2024.(SRO No.172/2024;09.02.2024) പ്രകാരം 07.11.2019 തീയതിയിലും അതു വരെയുമുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ് . ഇപ്രകാരം നഗരസഭയിൽ 31.03.2025 വരെ ലഭിച്ച അപേക്ഷകളും, അനധികൃത കെട്ടിടങ്ങളെ സർക്കാർ കമ്മിറ്റി വഴി (ജില്ലാ ടൌൺ പ്ലാനർ, സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ക്രമവത്ക്കരിച്ചതിന്റെ വിശദാംശങ്ങളും (ഫയൽ നമ്പരുകൾ) ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.8/17.02.26), മേൽ ചട്ടങ്ങൾ പ്രകാരം അപേക്ഷകൾ ഒന്നും ലഭ്യമായില്ല എന്ന് നഗരസഭ സെക്രട്ടറി മറുപടി നൽകി.

നഗരസഭയുടെ തനതു വരുമാനത്തെയും അതിലൂപരി പൊതുജനങ്ങളെയും സാരമായി ബാധിക്കുന്ന ഈ വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-25 ലോ റിസ്ക് കെട്ടിടങ്ങൾക്ക് പെർമിറ്റിനു ശേഷമുള്ള പ്ലിന്ത് ലെവൽ പരിശോധന നടത്തുന്നില്ല

K-Smart-ൽ ഓഡിറ്റിനു അനുവദിച്ച ലോഗിൻ മുഖേന പരിശോധിച്ചതിൽ നിന്നും, 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലഘട്ടത്തിൽ Self Certified Permit ആയി 147 ഫയലുകളാണ് ലിസ്റ്റ് പ്രകാരം ലഭ്യമായത്. എന്നാൽ ഇപ്രകാരം പെർമിറ്റ് അനുവദിച്ച ലോ റിസ്ക് കെട്ടിടങ്ങളുടെ പ്ലിന്ത് ലെവൽ പരിശോധന നടത്തിയിട്ടില്ല. ലോ റിസ്ക് കെട്ടിടങ്ങൾക്ക് അപേക്ഷ, പെർമിറ്റ് എന്നീ നടപടികൾ ഒഴിവാക്കുന്നതിനും വളരെ വേഗം പെർമിറ്റ് കിട്ടുന്നതിനുമാണ് ഇത്തരം വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കൊണ്ടു വന്നിട്ടുള്ളത്. നിർമ്മാണം പ്ലിന്ത് ലെവൽ വരെ ആകുമ്പോൾ പരിശോധന നടത്തേണ്ടതും ആ സമയം അപാകതകളുണ്ടെങ്കിൽ പരിഹരിച്ചു മുന്നോട്ടു പോകുന്നതിനുമായിട്ടായിരുന്നു ചട്ടത്തിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ഇപ്രകാരം നൽകിയ 147 പെർമിറ്റിലും പ്ലീന്ത് ലെവൽ പരിശോധന നടത്തിയിട്ടില്ല.

G.O(MS) No:121/2021/LSGD; 28.06.2021 പ്രകാരം അപകടസാധ്യത കുറഞ്ഞ കെട്ടിടങ്ങളെ നിർണ്ണയിച്ചിരുന്നു. കുറഞ്ഞ അപകടസാധ്യത ഉള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ വേണ്ടിയുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ളതാണെന്ന് ഉടമസ്ഥനും ലൈസൻസിയും സംയുക്തമായി അപ്പന്റിക്സ് A1A പ്രകാരം സാക്ഷ്യപത്രം സമർപ്പിക്കണം. ചട്ടം 19A പ്രകാരമുള്ള രേഖകളും ഇതൊടൊപ്പം

സമർപ്പിക്കണം. അപ്പന്റിക്സ് -O യിൽ സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ പെർമിറ്റും അപേക്ഷകൻ നൽകണം. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ 5 ദിവസത്തിനകം സെക്രട്ടറി അപ്പന്റിക്സ് AIB യിൽ Acknowledgement Of Receipt അപേക്ഷകനു നൽകണം. ഇത് ഒരു കെട്ടിട നിർമ്മാണ പെർമിറ്റ് ആയി കണക്കാക്കുന്നതാണ്.

ലോ റിസ്ക് കെട്ടിടങ്ങളിന്മേലുള്ള പ്ലിന്ത് ലെവൽ പരിശോധന - ചട്ടം 19D


ലോ റിസ്ക് കെട്ടിടങ്ങളുടെ നിർമ്മാണം പ്ലിന്ത് ലെവൽ പൂർത്തീകരിച്ചുകഴിഞ്ഞാൽ ലൈസൻസി അപ്പന്റിക്സ് -P യിൽ ഒരു പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതും സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇതോടൊപ്പം പ്ലിന്ത് ലെവൽ നിർമ്മാണത്തിന്റെ ഫോട്ടോയും (തീയതി രേഖപ്പെടുത്തി) കെട്ടിട പ്ലാനും പ്ലോട്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ, സെറ്റ് ബാക്ക് വിശദാംശങ്ങൾ എന്നിവ ലൈസൻസിയും അപേക്ഷകനും ഒപ്പു വച്ച് സമർപ്പിക്കേണ്ടതാണ്.

സൈറ്റ് പരിശോധിച്ച് 5 ദിവസത്തിനകം എതിരഭിപ്രായങ്ങളോ കുറിപ്പുകളോ സെക്രട്ടറി അപ്പന്റിക്സ് -P യിൽ തയ്യാറാക്കി അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ പ്ലിന്ത് ലെവൽ പരിശോധനയുടെ വിവരങ്ങളോ (അപ്പന്റിക്സ്-P) സൈറ്റ് പരിശോധന വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ചട്ടം 19 E പ്രകാരം പ്ലിന്ത് ലെവൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കാതെ തുടർനിർമ്മാണം നടത്താൻ പാടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനു വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.09/17-02-2026) എഞ്ചിനീയറിംഗ് വിഭാഗം മറുപടി നൽകിയില്ല. തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.


1-26 K-Smart ൽ റീഫണ്ട് തുക രേഖപ്പെടുത്തുന്നതിൽ അവ്യക്തത

സ.ഉ (കൈ) നം.85/2023/LSGD തീയതി 31.03.2023 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ ഈടാക്കേണ്ട അപേക്ഷ ഫീസ് / പെർമിറ്റ് ഫീസ് എന്നിവയിൽ വർദ്ധനവു വരുത്തിയിരുന്നു. (10.04.2023 പ്രാബല്യത്തീയതി മുതൽ 30.07.2024 വരെ). തുടർന്ന് സ.ഉ (കൈ) നം.97/2024/LSGD, തീയതി 30.07.2024 സർക്കാർ ഉത്തരവു പ്രകാരം 01.08.2024 പ്രാബല്യത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, അപേക്ഷ ഫീ, സ്കൂട്ടിനി ഫീ എന്നിവയിൽ കുറവും വരുത്തിയിരുന്നു. ആദ്യ സർക്കാർ ഉത്തരവു പ്രകാരം വാങ്ങിയ അപേക്ഷ/പെർമിറ്റ് /ക്രമവൽക്കരണ ഫീസുകൾ പുതിയ ഉത്തരവു പ്രകാരം പരിഷ്കരിച്ച് അധികമായി വാങ്ങിയ തുക അപേക്ഷകനു തിരികെ നൽകാനും സർക്കാർ ഉത്തരവായിരുന്നു. എന്നാൽ പെർമിറ്റ് ഫയലുകൾ Ksmart ൽ പരിശോധിച്ചതിൽ നിന്നും, ആദ്യ ഉത്തരവു പ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള പെർമിറ്റ് ഫീ നഗരസഭയിൽ ഈടാക്കാതിരുന്നിട്ടും റീഫണ്ട് ഇനത്തിൽ തുക കൊടുക്കാനുണ്ട് എന്ന് K-Smart ൽ രേഖപ്പെടുത്തി വരുന്നതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.


1) 1036425-2024 എന്ന ഇ-ഫയൽ K Smart മുഖേന പരിശോധിച്ചതിൽ നിന്നും, Refund Details ആയി 50083 രൂപ തിരികെ അപേക്ഷകനു നൽകണം എന്നു കാണിച്ചിട്ടുണ്ട്. ഫയൽ 05.08.2024 ലാണ് സമർപ്പിച്ചിട്ടുള്ളത്. Old Permit Fee ആയി 141607 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ അടവാക്കിയതിന്റെ 2024-25 വർഷത്തെ Ledger പരിശോധിച്ചതിൽ Old Permit Fee ആയി കാണിച്ചിട്ടുള്ള 141607 രൂപ അടവാക്കിയിട്ടില്ല എന്നു വ്യക്തമായിട്ടുണ്ട്. പുതിയ നിരക്കിലെ പെർമിറ്റ് ഫീ ആയ 91524 രൂപ അടവാക്കിയിട്ടുമുണ്ട് (രസീത് നമ്പർ:R-M030100-24006767;26-08-2024).



2) 1399527-2024 എന്ന ഇ-ഫയൽ K Smart മുഖേന പരിശോധിച്ചതിൽ നിന്നും Refund Details ആയി 105088 രൂപ തിരികെ അപേക്ഷകനു നൽകണം എന്നു കാണിച്ചിട്ടുണ്ട്. ഫയൽ 22.10.2024 ലാണ് സമർപ്പിച്ചിട്ടുള്ളത്. Old Permit Fee ആയി 327753 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ അടവാക്കിയതിന്റെ 2024-25 വർഷത്തെ Ledger പരിശോധിച്ചതിൽ Old Permit Fee ആയി കാണിച്ചിട്ടുള്ള 327763 രൂപ അടവാക്കിയിട്ടില്ല എന്നു വ്യക്തമായിട്ടുണ്ട്. എന്നാൽ പുതിയ നിരക്കിലെ പെർമിറ്റ് ഫീ ആയ 222665 രൂപ അടവാക്കിയിട്ടുമുണ്ട് (രസീത് നമ്പർ:R-M030100-24009459 ;24-10-2024) .



3) 1461514-2024 എന്ന ഇ-ഫയൽ K Smart മുഖേന പരിശോധിച്ചതിൽ നിന്നും Refund Details ആയി 31708 രൂപ തിരികെ അപേക്ഷകനു നൽകണം എന്നു കാണിച്ചിട്ടുണ്ട്. ഫയൽ 26.06.2024 ലാണ് സമർപ്പിച്ചിട്ടുള്ളത്. Old Permit Fee ആയി 126852 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ അടവാക്കിയതിന്റെ 2024-25 വർഷത്തെ Ledger പരിശോധിച്ചതിൽ Old Permit Fee ആയി കാണിച്ചിട്ടുള്ള 126852 രൂപ അടവാക്കിയിട്ടില്ല എന്നു വ്യക്തമായിട്ടുണ്ട്. എന്നാൽ പുതിയ നിരക്കിലെ പെർമിറ്റ് ഫീ ആയ 95144 രൂപ അടവാക്കിയിട്ടുണ്ട് (രസീത് നമ്പർ:R-M030100-24005930 ;05-08-2024) .



K-Smart ലെ ഫയൽ നോട്ടുകൾ പ്രകാരം മേൽ മൂന്നു ഫയലുകളും 2024-25 ലാണ് ആരംഭിച്ചിട്ടുള്ളതെന്നു കണ്ടു. അപേക്ഷ സമർപ്പിച്ചപ്പോൾ ഉയർന്ന നിരക്ക് ജനറേറ്റ് ചെയ്യപ്പെടുകയും പെർമിറ്റ് നൽകിയപ്പോൾ സർക്കാർ ഉത്തരവു പ്രകാരം, കുറഞ്ഞ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കിയതായും കാണുന്നു. എന്നാൽ കെ സ്മാർട്ടിൽ അപേക്ഷ നൽകിയപ്പോൾ ജനറേറ്റ് ചെയ്ത നിരക്ക് കണക്കാക്കി റീ ഫണ്ട് തുക ജനറേറ്റ് ചെയ്യപ്പെട്ടതാണോ എന്നും, പഴയ നിരക്കിലുള്ള ഉയർന്ന പെർമിറ്റ് ഫീ നഗരസഭയിൽ അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ റീ ഫണ്ട് തുക ജനറേറ്റ് ചെയ്യപ്പെട്ടതാണോ എന്നുമുള്ള കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.39/24-02-2026) മറുപടി ലഭ്യമാക്കിയില്ല. K-Smart-ലെ അപാകം സംബന്ധിച്ച് വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-27 ലേല രജിസ്റ്ററും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കിയില്ല

2024-25 വർഷത്തെ ധനകാര്യ പത്രികയുടെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മാർക്കറ്റ് ഫീസ് (1405004) എന്ന ഹെഡിൽ 1321512 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ലേല രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷനും (തീയതി.17.02.2026), സമ്മൻസും (തീയതി. 20.02.2026) നൽകിയെങ്കിലും പ്രസ്തുത വരവിനവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ, സെക്രട്ടറി മേൽനോട്ട ചുമതല മാത്രമാണ് വഹിക്കുന്നതെന്നും, രേഖകൾ സൂക്ഷിക്കുന്നതിനുള്ള ചുമതല സെക്ഷൻ ക്ലർക്കിനും, ലേല രജിസ്റ്റർ തയ്യാറാക്കി ഒപ്പ് വെച്ച് സൂക്ഷിക്കേണ്ടത് റവന്യൂ ഇൻസ്പെക്ടറും, കൗണ്ടർ സൈൻ ചെയ്യേണ്ടത് റവന്യൂ വിഭാഗം സൂപ്രണ്ടുമാണെന്ന് അറിയിച്ചു. ലേലവുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും, ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 വാടക രജിസ്റ്റർ അപൂർണ്ണം- കുടിശ്ശിക സംബന്ധിച്ച കണക്കുകൾക്കു കൃത്യതയില്ല

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വാടക രജിസ്റ്ററിൽ ഡി.സി.ബി കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല.
2) 31.03.25 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിൽ 2725923 രൂപയാണ് കുടിശ്ശികയുള്ളത്. വാർഷിക കണക്കു പ്രകാരമുള്ള കുടിശ്ശിക തുക വാടക രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

വാടകരജിസ്റ്റർ പ്രകാരം കുടിശ്ശികയുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) അനന്തപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്				
കെട്ടിട നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശ്ശികയുള്ള മാസങ്ങളുടെ എണ്ണം	ആകെ കുടിശ്ശിക
4	ഷാജഹാൻ	942	8	7536
10	മുത്തു	852	8	6816
15	പൊടിയൻ	2440	4	9760
22	ഹയറുന്നിസ	10564	12	126768
36	മനോഹരൻ	3439	12	41268
37	അബ്ദുൽ സലാം	2785	12	33420
102	മുഹമ്മദാലി	1526	12	18312
103	നസീമ ബീവി	1031	3	3093
104	ആസിഫ്	1090	12	13080
105	വർഗീസ് ഉണ്ണുണ്ണി	1282	12	15384
107	മുഹമ്മദാലി	993	2	1986
108	ബേബി ജെ	1577	12	18924
109	സുനിൽ കുമാർ	3241	12	38892
110	കാർത്ത്യാനി	2137	12	25644
118	അരുൺ എൻ	13402	3	40206
125	അബ്ദുൽ കരീം	785	12	9420
127	ഷൗക്കത്തലി	1013	9	9117
128	കെ ജി അലക്സാണ്ടർ	818	12	9816
129	എം മണി	780	12	9360
130	മുഹമ്മദാലി	982	9	8838
135	റഷീദ്	1546	12	18552
136	മനോജ് കുമാർ	1204	10	12040
152	ലിജോ സി മാത്യു	3351	12	40212
153	ലിജോ സി മാത്യു	4691	12	56292
23(1)	ഷൗക്കത്തുള്ള	23271	12	279252
34(1)	ഷൗക്കത്തുള്ള	9377	12	112524
				966512

2) ശ്രീമൂലം മാർക്കറ്റ് തട്ട				
കെട്ടിട നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശ്ശികയുള്ള മാസങ്ങളുടെ എണ്ണം	ആകെ കുടിശ്ശിക
4	കുസുമകുമാരി	1874	3	5622
10	കെ പി ബിന്നു	2150	3	6450
15	യശോദരപണിക്കർ	507	12	6084
18	രത്നമ്മ	721	3	2163
				20319

3) വാടക രജിസ്റ്ററിൽ കടമുറികളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടകക്കാരന്റെ പേരോ, വാടക

തുകയോ രേഖപ്പെടുത്തിയിട്ടില്ല. കടമുറി വാടകക്ക് കൊടുക്കാതെ ഒഴിഞ്ഞ് കിടക്കുന്നതാണോ എന്നതും രജിസ്റ്ററിൽ വ്യക്തമല്ല. ഇപ്രകാരമുള്ള കടമുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

I) ശ്രീമൂലം മാർക്കറ്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്:- 24/1864, 24/1865, 24/1866, 24/1867, 24/1868, 24/1869, 24/1872, 24/1876, 24/1877, 24/1878, 24/1879, 24/1880, 24/1881, 24/1882

Ii) അനന്തപുരം മാർക്കറ്റ്:- 115, 116, 120, 121

Iii) ശ്രീമൂലം മാർക്കറ്റ് തട്ട :- 16, 17, 23, 24, 25, 26, 29, 30, 31

നഗരസഭ വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. കടമുറികളും മറ്റ് ആസ്തികളും വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലഭ്യമാക്കാത്തതിനാൽ വരവിനത്തിലുള്ള കൃത്യത ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിനു സാധിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ലാത്ത പക്ഷം ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾക്കു മറുപടി ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.19, 19.02.2026) മറുപടി ലഭിച്ചില്ല. രജിസ്റ്ററിലെ വിവരങ്ങൾ പൂർത്തിയാക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും പൊരുത്തക്കേടുകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. നഗരസഭയുടെ കെട്ടിടങ്ങളിൽ നിലവിലുള്ള വാടകക്കാരുടെ വിവരം, നാളിതുവരെയുള്ള കുടിശ്ശികയുടെ വിവരം എന്നിവ കൃത്യമാക്കി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-29 തൊഴിൽനികുതി -സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡേറ്റാ ബേസ് ലഭ്യമല്ല, നികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭയിൽ കെ-സ്മാർട്ട് നടപ്പിലാക്കിയതിനുശേഷം തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അർദ്ധ വർഷ റിട്ടേണുകളും മറ്റ് വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ മാത്രം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സ്വയംതൊഴിൽ ചെയ്യുന്നവർ, വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാർ മുതലായവരുടെ ഡേറ്റ ബേസ് ഇല്ല. കെ-സ്മാർട്ട് മുഖേന തൊഴിൽനികുതി ഈടാക്കിയതിന്റെ ലെഡ്ജർ മാത്രമാണ് ഓഡിറ്റിന് പരിശോധിക്കാൻ ലഭ്യമാക്കിയത്.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് നഗരസഭയിൽനിന്ന് ഡേറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, അട്ടർ ലേബർ ഓഫീസിൽനിന്ന് 2024-25 വർഷത്തെ സ്ഥാപന രജിസ്ട്രേഷൻ, അവയിലെ തൊഴിലാളികളുടെ എണ്ണം എന്നീ വിവരങ്ങൾ ശേഖരിച്ചു. ഇപ്രകാരം ലഭിച്ച വിവരങ്ങൾ മുനിസിപ്പാലിറ്റിയിലെ തൊഴിൽനികുതി ലെഡ്ജറുമായി ഒത്തുനോക്കി പരിശോധിച്ചതിൽ നിന്നും, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം	നികുതി ഈടാക്കാനുള്ള അർദ്ധ വർഷം
1	ദേവയാനി ഇന്റർനാഷണൽ ലിമിറ്റഡ് (കെഎഫ്സി)	28	2024-25 1st & 2nd
2	പദ്മ കഫേ	22	- ടി -
3	ലൈഫ് സ്റ്റൈൽ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് - (MAX)	17	- ടി -
4	എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ്	16	- ടി -
5	എഎൻആർ ന്യൂ സൂപ്പർമാർക്കറ്റ്	16	- ടി -
6	പ്രൈസ് സ്പെഷ്യാലിറ്റി ഐ കെയർ	16	- ടി -
7	എബനേസർ ഫ്യൂവൽസ്	16	- ടി -
8	സെൻട്രിയൽ ബസാർ ഇന്ത്യ ലിമിറ്റഡ്	15	- ടി -
9	മണ്ണാശ്ശേരിൽ അഗ്രികൾച്ചർ ഫാം	14	- ടി -
10	പിആർബി എംപയർ ഹോം ഡെക്കേഴ്സ്	13	- ടി -

11	പവിത്രം ഗോൾഡ് ആൻഡ് ഡയമണ്ട്	12	- ടി -
12	ഷെഫ്സ് ഫുഡ് പ്ലാനറ്റ്	12	- ടി -
13	ബേബി ഗ്യാസ് സർവീസ്	11	- ടി -
14	ഗ്രീൻ വാലി റിസോർട്ട് & എന്റർടെയ്ൻമെന്റ്	10	- ടി -
15	ശ്രുപം ടെക്സ്റ്റൈൽസ്	9	- ടി -
16	മുത്തൂറ്റ് മൂച്വൽ ഫണ്ട്	9	- ടി -
17	സി.ജി. ടെക്സ്റ്റൈൽസ്	8	- ടി -
18	ഡ്രീംസ് ബ്യൂട്ടി പാർലർ	8	- ടി -
19	അൽ തമാർ ഡേറ്റ്സ് & നട്ട്സ് ഇന്റർനാഷണൽ	6	- ടി -
20	എവിജി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.	6	- ടി -
21	ശ്രീകൃഷ്ണ ഭാരത് ഗ്യാസ്, അടൂർ പിഒ	6	- ടി -
22	ഷവർമാർ അടൂർ	5	- ടി -
23	ജോർജ്ജ് സൺസ് സ്റ്റീൽസ്	5	- ടി -
24	അടൂർ സുസുകി	5	- ടി -
25	എസ്.എം. സിൽക്സ് ആൻഡ് സാരീസ്	120	2024-25 2nd
26	മേലേതിൽ ഹാർഡ്വെയേഴ്സ്	37	- ടി -
27	എച്ച്ഡിബി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്	20	- ടി -
28	കരിക്കിനേത്ത് ടെക്സ്റ്റൈൽസ്	18	- ടി -
29	ശ്രീ ഗോകുലം ചിട്ടി ഫിനാൻസ് കമ്പനി ലിമിറ്റഡ്	17	- ടി -
30	ഡൽഹിവെറി പ്രൈവറ്റ് ലിമിറ്റഡ്	16	- ടി -
31	ചോയ്സ് ഹൈപ്പർ മാർക്കറ്റ്	11	- ടി -
32	എം.ആർ.സാരീസ് & ഫാബ്രിക്സ്	10	- ടി -
33	ബ്രെയിൻബീസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (FIRST CRY)	9	- ടി -
34	ടെൻഡ്സ്	28	2024-25 1st
35	എം2എൻ എന്റർപ്രൈസസ് (സുഡിയോ)	18	- ടി -
36	ബിസ്മി കണക്ട് പ്രൈവറ്റ് ലിമിറ്റഡ്	16	- ടി -
37	ഷാലോം ടയർ ഷോപ്പ് & ഓട്ടോ സ്കാൻ	13	- ടി -
38	റെഡ് വെൽവെറ്റ്	12	- ടി -
39	ലോകനേത്ര നിധി ലിമിറ്റഡ്	12	- ടി -
40	ആശ ഫാൻസി	9	- ടി -
41	ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥ	7	- ടി -
42	കാരുണ്യ ഐ ഹോസ്പിറ്റൽ	7	- ടി -
43	എസ്എസ് ഹ്യുണ്ടായ്	6	- ടി -
44	അടൂർ കോ.ഓപ്പറേറ്റീവ് അർബൻ ബാങ്ക്	10	- ടി -

തൊഴിൽനികുതി കൃത്യമായി ഡിമാൻഡ് ചെയ്യുന്നതിലെ അലംഭാവം ശ്രദ്ധയിൽപ്പെടുത്തുന്നു. അഞ്ചു മുതൽ മുപ്പതുവരെ ജീവനക്കാർ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

അഞ്ചിൽ താഴെ തൊഴിലാളികളുള്ള നിരവധി സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടില്ല.

മേല്പറഞ്ഞ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (49/25.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി, കുടിശ്ശിക സഹിതം ഈടാക്കി, വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

`നഗരസഭയുടെ പരിധിയിൽ ആകെ 1696 സ്ഥാപനങ്ങൾ ഉള്ളതിൽ പല സ്ഥാപനങ്ങളും 2024-25 വർഷം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചത്. ലൈസൻസ് പുതുക്കിയ 1336 സ്ഥാപനങ്ങളും തൻവർഷം പുതിയതായി ആരംഭിച്ച 242 സ്ഥാപനങ്ങളും ഉൾപ്പെടെ 1578 സ്ഥാപനങ്ങളാണ് 2024-25 വർഷം ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളത്. 118 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷികകണക്കുകൾ പ്രകാരം 2024-25 വർഷം ലൈസൻസ് ഫീസ് ഇനത്തിൽ 1330030 രൂപ ഡിമാന്റ് ഉള്ളതിൽ 487354 രൂപ കുടിശ്ശികയായി നിൽക്കുന്നു. കൂടാതെ 129390 രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നുമുണ്ട്.

2024-25 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വാർഡ്	സ്ഥാപനം
1	I	ഇൻഡസ് മോട്ടോഴ്സ്
2	I	യുണൈറ്റഡ്ഇന്ത്യ ഇൻഷുറൻസ് സർവീസ്
3	III	കല്യാൺ സ്റ്റോഴ്സ്
4	III	ഏതഷ നെറ്റ് വർക്ക്
5	III	എംഎം ഫ്ളോർമില്ല്
6	VII	നിരഞ്ജന ഓട്ടോ കൺസൾട്ടൻസി ഡ്രൈവിംഗ് സ്കൂൾ
7	VII	എസ് എൻ ട്രേഡേഴ്സ്
8	VII	അഭിരാമി ടെയ് ലേഴ്സ്
9	V	ഡയമണ്ട് ബ്യൂട്ടി പാർലർ
10	XIX	ഒപ്റ്റിക്കൽ ടെക്നോളജീസ്
11	XXIV	ഓക്സിജൻ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 447 വകുപ്പ് പ്രകാരം നഗരസഭ നൽകുന്ന ലൈസൻസ് കൂടാതെ (ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള) ഒരാവശ്യത്തിനും മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് സാമ്പത്തിക വർഷത്തിനു മുൻപ് തന്നെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തുവെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതും അല്ലാത്തവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-31 വസ്തുനികുതി കുടിശ്ശിക തുകയിൽ 21.42 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു

2024-25 സാമ്പത്തിക വർഷാരംഭത്തിൽ വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക 35872263 രൂപയാണ്. ടി സാമ്പത്തിക വർഷം വസ്തുനികുതി കുടിശ്ശികയിനത്തിൽ ലഭിച്ചിട്ടുള്ള തുക (RP-37) 10730741 രൂപയാണ്. ഇത് പ്രകാരം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 2514522 രൂപയാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തു നികുതി 2300000 രൂപയാണ്. 2141522 രൂപ ബാലൻസ് തുകയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ഇപ്രകാരം തുക ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.27/ 23.02.26). ലഭ്യമാക്കിയ മറുപടിയിൽ, അനധികൃത കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് വലിയ തുക ഡിമാന്റ് ചെയ്ത സാഹചര്യത്തിൽ പിരിച്ചെടുക്കാനുള്ള തുകയിൽ വലിയ വർദ്ധനവ് വന്നതായാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയിലെ Ex-Service, Vaccancy Remission, U/A കെട്ടിടങ്ങളുടെ പ്രശ്നം നിലനിൽക്കുന്നതിനാൽ പ്രതീക്ഷിത ഡിമാന്റ് നൽകിയതിനാലാണ് കുടിശ്ശിക തുകയിൽ വ്യത്യാസം വന്നതെന്നും ആയത് പരിഹരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ

സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-32 ജീവനക്കാർക്കു നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

നഗരസഭയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി 2024-25 വർഷം ഉദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04/10/2011-ലെ ജി.ഒ.(പി)നം.419/2011/ധന, 09/01/2020-ലെ ജി.ഒ(പി)5/2020/ധന എന്നിവ പ്രകാരം തുക അനുവദിച്ച് മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴപ്പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതാണ്. 2024-25 വർഷം നൽകിയതും ക്രമീകരണ രേഖകൾ, കൗൺസിൽ തീരുമാനം എന്നിവ ലഭ്യമല്ലാത്തതുമായ മുൻകൂറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./ ഫയൽ നം-തീയതി	മുൻകൂർ തുക കൈപ്പറ്റിയ ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര്	തുക (₹)	ഉദ്ദേശ്യം
1	1166523-24 14.05.24	നിയാസ് അലി, ഓവർസിയർ	25000	പറക്കോട് അനന്തരാമപുരം മാർക്കറ്റിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നത്
2	1104609-24/24.05.24	മനോജ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II)	11000	വാർഡ് 3, 7, 14 പൊതു കിണർ വൃത്തിയാക്കുന്നത്
3	1306911-24, 13.06.24	മനോജ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II)	49000	വെഹിക്കിൾ ഫിറ്റ്നെസ്സ്- KL26L-3109
4	1395490-24, 13.06.24	മോഹനൻ പി.കെ, സീനിയർ ക്ലാർക്ക്	50000	വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച്
5	1727783-24, 18.07.24	മനോജ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II)	44000	വാഹനത്തിന്റെ അറ്റകുറ്റപ്പണി, KL26M 8333
6	1846790-24, 14.08.24	രാജീവ് ആർ, ഹെൽത്ത് ഇൻസ്പെക്ടർ	7500	സ്വാതന്ത്ര്യ ദിനാഘോഷം
7	1846049-24, 03.09.24	കവിതാ കുമാരി, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II)	25000	ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള അഡ്വാൻസ്
8	2575568-24, 04.12.24	രാജീവ് ആർ, ഹെൽത്ത് ഇൻസ്പെക്ടർ	50000	കേരളോത്സവം
9	2575568-24, 07.12.24	രാജീവ് ആർ, ഹെൽത്ത് ഇൻസ്പെക്ടർ	50000	കേരളോത്സവം
10	2696859-24, 13.12.24	കവിതാ കുമാരി, ഹെൽത്ത് ഇൻസ്പെക്ടർ(ഗ്രേഡ് II)	50000	കേരളോത്സവം

11	309275-24, 24.02.25	ഹരികൃഷ്ണൻ നായർ ബി, റവന്യൂ ഇൻസ്പെക്ടർ	15000	മൈക്ക് അനൗൺസ്മെന്റ്

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം, 2000-01 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാനുണ്ട്. ജി.ഒ(പി)5/2020/ഫിനാൻസ് തീ.09/01/2020-ഉത്തരവ് പ്രകാരം, മൂന്ന് മാസം കഴിഞ്ഞും മുൻകൂർ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് അടുത്ത മുൻകൂർ അനുവദിക്കരുത്. മാത്രവുമല്ല മുൻകൂർ ക്രമീകരിക്കാതെ ഉദ്യോഗസ്ഥർ ട്രാൻസ്ഫർ/റിട്ടയർ ആവുകയാണെങ്കിൽ അവരുടെ എൽ.പി.സി./എൻ.എൽ.സി-യിൽ ഇക്കാര്യം രേഖപ്പെടുത്തേണ്ടതുമുണ്ട്. ഈ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം 3/09.02.26) മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് ക്രമീകരിക്കാത്ത ജീവനക്കാരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-33 മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി നൽകിയ 10.9 ലക്ഷം രൂപ വർഷങ്ങൾക്ക് ശേഷവും തിരികെ ലഭിച്ചിട്ടില്ല

നഗരസഭയുടെ 2021-22 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി കൈമലപ്പാറ മാലിന്യ പ്ലാന്റ്, ശ്മശാനം എന്നിവയ്ക്ക് സ്ഥലം വാങ്ങുന്നതിനായി ഡി.പി.സിയുടെ സാധൂകരണത്തിന് വിധേയമായി പ്രോജക്ട് ആവിഷ്കരിക്കാനും തഹസീൽദാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില അടിസ്ഥാനമാക്കിയുള്ള തുക ജില്ലാ കളക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012-ലെ 19518/എഫ്.എം1/12/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത് പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് പ്രോജക്ട് പ്രകാരം വകയിരുത്തിയ 7687920 രൂപ ജില്ലാ കളക്ടറുടെ പേരിലുള്ള റ്റി.എസ്.ബി - 3794 നമ്പർ പലിശ രഹിത അക്കൗണ്ടിലേക്ക് അടവാക്കിയിരുന്നു. സ്ഥലം വാങ്ങിയ ഇനത്തിൽ 6595874 രൂപ പിൻവലിച്ചതിന്റെ ബാക്കി തുകയായ 1092046 രൂപ 2012 മുതൽ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിലനിൽക്കുകയാണ്. ടി തുക തിരികെ വാങ്ങി നഗരസഭയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ഖരമാലിന്യ പ്ലാന്റിന്റെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുവാനും കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്(08/10/24-ലെ തീരുമാനം 14). ഈ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്നിവയുടെ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക(നം 7/ 17.02.26), ജില്ലാ കളക്ടർക്ക കത്ത് നൽകിയിട്ടുള്ളതായി മറുപടി നൽകി. ജില്ലാ കളക്ടറുടെ പേരിലുള്ള പലിശ രഹിത ട്രഷറി അക്കൗണ്ടിൽ വർഷങ്ങളായി ശേഷിക്കുന്ന 10.9 ലക്ഷം രൂപ തിരികെ വാങ്ങുന്നതിന് ഭരണതല നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.

1-34 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എക്സ്ട്രാ പെൻഷണർക്ക് മെഡിക്കൽ അലവൻസ് അനുവദിച്ചു

എക്സ്ട്രാ പെൻഷണർ, എക്സ്ട്രാ ഫാമിലി പെൻഷണർ എന്നിവർക്ക് മെഡിക്കൽ അലവൻസിന് അർഹതയില്ല എന്ന് ധനകാര്യ വകുപ്പിന്റെ 16/06/21-ലെ 46/2021/ധന സർക്കുലറിലെ ഖണ്ഡിക 8 പ്രകാരം വ്യക്തമാക്കിയിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ പെൻഷൻ തുകയിൽ നിന്നാണ് മെഡിസെപ്പ് വിഹിതം നൽകേണ്ടത്. എന്നാൽ നഗരസഭയിൽ നിന്നും എക്സ് ട്രാ പെൻഷൻ നൽകുന്ന ശ്രീ. അഴകേശൻ എന്നയാൾക്ക് മെഡിക്കൽ അലവൻസ് 500 രൂപ വീതം അനുവദിച്ചിരുന്നു. 01/03/2021 മുതൽ ടിയാൾക്ക് നൽകിയ മെഡിക്കൽ അലവൻസ് ക്രമീകരിക്കാനുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക (നം.15/18.02.26), അധികം നൽകിയ തുക തിരികെ ഈടാക്കി ക്രമീകരിക്കുന്നതാണെന്ന മറുപടി നൽകി. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-35 ഫണ്ട് വിനിയോഗത്തിൽ കുറവ് - വരും വർഷം പദ്ധതി വിഹിതത്തിൽ 2.47 കോടി രൂപയുടെ കുറവുണ്ടാകും

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.)നം.79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ചെലവ് ശതമാനം, അനുവദിച്ച ഫണ്ടിന്റെ 80 ശതമാനത്തിൽ കുറയുന്ന പക്ഷം വ്യത്യാസം വരുന്ന തുക ഷോർട്ട് ഫാൾ ഇനത്തിൽ കുറവു വരുത്തുന്നതാണ്. ഇപ്രകാരം ചെലവു ശതമാനം കുറഞ്ഞതു വഴി 2024-25 വർഷം ഷോർട്ട് ഫാൾ ആയ 24759698 രൂപ 2025-26 സാമ്പത്തിക വർഷം നഷ്ടമാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ്	ചെലവ്	നീക്കിയിരിപ്പ്/ ചെലവഴിക്കാത്ത തുക	ചെലവ് ശതമാനം	2024-25-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക(₹)	2025-26-ലെ ഷോർട്ട് ഫാൾ തുക (₹)
വികസന ഫണ്ട്-ജനറൽ	25454710	16379617	9075093	64	5090942	3984151
വികസന ഫണ്ട്-എസ്.സി.പി	19663910	10919358	8744552	56	3932782	4811770
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	45654990	25590865	20064125	56	9130998	10933127
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്	40398000	27287750	13110250	68	8079600	5030650
ആകെ						24759698

വികസന ഫണ്ട് (എസ്സ്.സി.പി.) ഫണ്ടിൽ ഷോർട്ട് ഫാൾ ആകുന്ന തുക പുനരനുവദിക്കും. എന്നാൽ ഇത് പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും കുറവു വരുത്തിയാണ് ലഭ്യമാക്കുന്നത്. എസ്സ്.സി.പി, ഫണ്ടിന്റെ വിനിയോഗത്തിലെ കുറവ് പൊതു വിഭാഗം ഫണ്ടിൽ നിന്നും തുക നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് കാരണമാകും. 2024-25 വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും 2203910 രൂപ എസ്.സി.പി ഫണ്ടിലേക്ക് മാറ്റിയതിനാൽ പൊതു വിഭാഗം ഫണ്ടിൽ നിന്നും തൻവർഷം 22.03 ലക്ഷം രൂപ നഷ്ടമായത് ശ്രദ്ധേയമാണ്.

പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർ വർഷങ്ങളിൽ പ്രോജക്ടുകൾക്ക് വിഭവ സമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-36 60 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചിട്ടും പോളി ഡെന്റൽ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചില്ല

നഗരസഭയിൽ പോളി ഡെന്റൽ ക്ലിനിക്ക് ആരംഭിക്കുന്നതിനായി ഹെൽത്ത് ഗ്രാന്റ് സ്കീം 6 പ്രകാരം ₹60 ലക്ഷം അനുവദിച്ചത് 09.05.2024-ന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ, കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ നാളിതുവരെ ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിലവിലെ ഡെന്റൽ ഡിപ്പാർട്ട്മെന്റിൽ പോളി ഡെന്റൽ ക്ലിനിക്കിന് ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്തതിനാലാണ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറിക്കു (നം. 42/24.02.26) മറുപടി നൽകി. കൂടാതെ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പുതിയ കെട്ടിടം പൂർത്തിയായ ശേഷം, അതിന്റെ മുകളിൽ സ്ഥലം കണ്ടെത്തി പോളി ഡെന്റൽ ക്ലിനിക്കിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

ഫണ്ട് ലഭ്യമായിട്ടും കെട്ടിട സൗകര്യം ഇല്ലാത്തതിന്റെ പേരിൽ പോളി ഡെന്റൽ ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്ന വിഷയം നഗരസഭാ കൗൺസിലിന്റെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-37 മുനിസിപ്പൽ ഓഫീസ് കം ബസ്റ്റാൻഡ് കോംപ്ലക്സ് ഡി.പി.ആർ തയ്യാറാക്കൽ- കരാർ വ്യവസ്ഥയിൽ നിന്ന് വ്യതിചലിച്ച് അധിക തുക അനുവദിച്ചു

നഗരസഭയുടെ മുനിസിപ്പൽ ഓഫീസ് കം ബസ്റ്റാൻഡ് കോംപ്ലക്സ് ബിൽഡിംഗ് നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി കോഴിക്കോട് എന്ന സ്ഥാപനത്തെ നഗരസഭാ കൗൺസിലിന്റെ 07/01/2017-ലെ 6ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. നഗരസഭാ സെക്രട്ടറിയും ചെയർമാൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായുള്ള 13/7/2020-ലെ എഗ്രിമെന്റ് പ്രകാരം കോൺട്രാക്ട് പ്രൈസ് എസ്റ്റിമേറ്റ് തുകയുടെ 2.33%

(Including Architectural Planning, Structural Design, Estimation, Drawing And Obtaining Technical Sanction) ആയി നിശ്ചയിച്ചിരുന്നു. കോണ്ടൂർ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയുടെ തുക അധികമായി നൽകണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു.

2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 8 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 59469 രൂപയും വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും തനത് ഫണ്ടിൽ നിന്ന് 638079 രൂപ കരാർ ഏജൻസിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്(third & Final Bill, ₹ 607065-057769/03-01-2025, 31014-059840/17-02-2025). ഫയൽ പരിശോധിച്ചതിൽ നിന്നും, എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യാത്ത ഇനങ്ങൾ കൂടി (വെറ്റിംഗ് ചാർജ്, മാസ്റ്റർ പ്ലാൻ) ഉൾപ്പെടുത്തിയാണ് ഫൈനൽ ബിൽ തയ്യാറാക്കിയത് എന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

Consulting Fee(2.33% Of 61921384.18)	1442768.25
കോണ്ടൂർ സർവ്വേ	13246
സോയിൽ ഇൻവെസ്റ്റിഗേഷൻ	53420
മാസ്റ്റർ പ്ലാൻ	50000
വെറ്റിംഗ് ചാർജ്	141110
ആകെ	1700544.25
ജി.എസ്.റ്റി. കോംപെൻസേഷൻ	306097.96
ആകെ	2006642.21
(-)I& II Part Bill	1240532
ബാക്കി തുക (-) CGST-4600 SGST-4600 IT-145245 KCWWF-4600	766110.21
കരാറുകാരന് നൽകിയത്	607065
റിട്ടൻഷൻതുക(പാർട്ടുബില്ലുകളിൽ നിന്ന് കുറവ് ചെയ്തത്	31040
കരാറുകാരന് ആകെ നൽകിയത്	638079

കരാർ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് കരാറുകാരന് അധികമായി തുക അനുവദിച്ചതിന്റെ കാരണം, വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം. 43/24.02.26) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വെയ്റ്റിംഗ് ചാർജ്, മാസ്റ്റർ പ്ലാൻ എന്നിവയ്ക്കായി അധികം ചെലവഴിച്ച 191110 രൂപ(50000+41110) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 വാട്ടർ ചാർജ് ഇനത്തിൽ അധികം നൽകിയ 6.67 കോടി രൂപ ക്രമീകരിച്ചില്ല

നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ വകുപ്പിന്റെ 27.03.25-ലെ ജി.ഒ(ആർ.ടി)3217/2025/ഫിൻ തീ. 27.03.25-ലെ ഉത്തരവ് പ്രകാരം 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക്) ചെലവഴിക്കാതെ ശേഷിച്ച തുക തദ്ദേശ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ഉത്തരവായിരുന്നു. അടൂർ നഗരസഭയുടെ 30.09.24-വരെയുള്ള വാട്ടർചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക്) ചെലവഴിക്കാതെ ശേഷിച്ച 83755351 രൂപ വാട്ടർ അതോറിറ്റിയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാലയളവിൽ നഗരസഭയ്ക്ക് കുടിശ്ശിക ഉണ്ടായിരുന്നത് 16968501 രൂപ മാത്രമാണ്. 66786850 രൂപ അധികമായി വാട്ടർ അതോറിറ്റിക്കു നൽകിയതു തുടർന്നുള്ള കാലയളവിലെ വാട്ടർ ചാർജിൽ ക്രമീകരിച്ചിട്ടില്ല. ജനുവരി 2026-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വാട്ടർ ചാർജ് 9983853 രൂപ കുടിശ്ശികയായിട്ടുണ്ട്. 66786850 രൂപ നഗരസഭാ

വിഹിതം ഇനത്തിൽ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അധികമായി ക്രഡിറ്റ് ചെയ്തിട്ടും ഇപ്പോഴും കുടിശ്ശിക ഡിമാന്റ് ചെയ്യപ്പെടുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 400 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 727967 രൂപയാണ് പ്രതിമാസം ഡിമാന്റ് ചെയ്യപ്പെടുന്നത്. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായതും നിലനിർത്തേണ്ടതുമായ വാട്ടർ ടാപ്പുകൾ കണ്ടെത്തി മറ്റുള്ളവ ഒഴിവാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഈ വിഷയത്തിൽ നഗരസഭ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കുന്നതിനു ഓഡിറ്റ് എൻകൃയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകൃയറി നം.-47/25.02.26

1-39 പാമ്പേറ്റുകുളം സാംസ്കാരിക നിലയം നിർമ്മാണം, കുളം നവീകരണം - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനു തുടർ നടപടികൾ അനിവാര്യം

പാമ്പേറ്റുകുളം നവീകരണം, സാംസ്കാരിക നിലയം നിർമ്മാണം എന്നിവയ്ക്കായി വിവിധ വർഷങ്ങളിലായി പദ്ധതികൾ ആവിഷ്കരിക്കുകയും പൂർത്തീകരണ ഘട്ടത്തിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ ഉല്പാദനപരമാക്കുന്നതിനു തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.
പാമ്പേറ്റുകുളം സാംസ്കാരിക നിലയം

പാമ്പേറ്റുകുളം സാംസ്കാരിക നിലയം നിർമ്മാണം എന്ന പേരിൽ 2017-18 വർഷം ആരംഭിച്ച പദ്ധതി പൂർണ്ണതോതിൽ പൊതു ജനങ്ങൾക്കു പ്രയോജനപ്രദമായിട്ടില്ല. 18-ാം വാർഡിൽ പാമ്പേറ്റുകുളത്തിനോട് ചേർന്ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് 9285 ച.അടി വിസ്തൃതിയുള്ള മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് സ്ട്രക്ചറൽ ഡിസൈനും പ്ലാനും തയ്യാറാക്കിയത്. ഏഴു വർഷം കൊണ്ടാണ് മൂന്നു നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചത്. വിവിധ വർഷങ്ങളിലായി ആകെ ഒരു കോടി അറുപതു ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം, പ്രോജക്ട് നമ്പർ	ചെലവഴിച്ച തുക
1	128/ 2018-19	3842551
2	167/ 2019-20	1493132
3	226/ 2020-21	3623209
4	165/2021-22	1260592
5	333/23-24	2025057
6	297/23-24	1828480
7	330/24-25	837509
8	310/24-25	1138125
	ആകെ	16048655

വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള താഴത്തെ നിലയുടെയും, സാംസ്കാരിക നിലയത്തിനായി നിർമ്മിച്ചിട്ടുള്ള രണ്ടാം നിലയുടെയും വയറിംഗ് ഉൾപ്പെടെയുള്ള അനുബന്ധ പണികൾ പൂർത്തിയാക്കിയിട്ടില്ല. ഒന്നാം നിലയിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു.താഴത്തെ നിലയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടം നിലവിൽ പാർട്ടീഷൻ ചെയ്തിട്ടില്ല. ഒരു ഹാൾ ആയിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. കടമുറികളായി മാറ്റുന്നതിനു വേണ്ടി ഷട്ടറുകൾ സ്ഥാപിച്ചിട്ടുമുണ്ട്. കെട്ടിടം നിലനിൽക്കുന്ന പ്രദേശത്തിന്റെ വാണിജ്യ സാധ്യതകൾ പഠന വിധേയമാക്കിയ ശേഷം മാത്രം താഴത്തെ നിലയുടെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുടക്കുന്ന പണം പാഴായി പോകാൻ സാധ്യത നിലനിൽക്കുന്നു. വിഷയത്തിലേക്കു കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പാമ്പേറ്റുകുളം

കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി തൻവർഷം 540537 രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് നം. 320/25). ഓഡിറ്റിന്റെ ഭാഗമായി കുളം നേരിൽ സന്ദർശിച്ച് ഭൗതിക നേട്ടം വിലയിരുത്തി. മാലിന്യം നിറഞ്ഞ കുളം വൃത്തിയാക്കി കുളത്തിന്റെ നാലു വശവും കെട്ടി സംരക്ഷിക്കുകയും പടവുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പടവുകളുടെ വശങ്ങളിൽ ഹാൻഡ് റെയിൽ പിടിപ്പിക്കുക, കുളത്തിന് ചുറ്റും ടൈൽസ് ഇടുക എന്ന പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി നഗരസഭ വിവിധ വാർഡുകളിൽ നടത്തിയ പദ്ധതികളിൽ ശ്രദ്ധേയമായ ഒന്നാണ് പാമ്പേറ്റുകുളം നവീകരണം. മികച്ച ഒരു ജല സ്രോതസ്സ് ആക്കി മാറ്റാൻ സാധിച്ചുവെങ്കിലും ഉല്പാദനപരമായ പ്രവർത്തനങ്ങൾക്കു ഈ കുളം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.





അടൂർ പത്തനംതിട്ട പ്രധാന റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന കുളം നിലവിൽ പായൽ കയറി കിടക്കുകയാണ്. മത്സ്യ കൃഷി നടത്തുന്നതിനോ, നീന്തൽ പരിശീലനം നടത്തുന്നതിനുള്ള അക്കാദമി സ്ഥാപിക്കുന്നതിനോ വേണ്ടി കുളം പാട്ടത്തിന വിട്ടു നൽകുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. നഗരസഭയ്ക്ക വരുമാനം ലഭിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കു നേരിട്ടു പ്രയോജനം ലഭിക്കുന്നതിനും, കുളത്തിന്റെ തുടർന്നുള്ള സംരക്ഷണം ഉറപ്പാക്കുന്നതിനും ഇതു സഹായകമാകും.

1-40 ഖര മാലിന്യ പ്ലാന്റിലേക്ക് വാങ്ങിയ മെഷീനുകൾ പ്രവർത്തനരഹിതം - 14.05 ലക്ഷം രൂപ പാഴായി

പ്രോജക്ടിന്റെ പേര് / പ്രോജക്ട് നം.	:	ഖരമാലിന്യ പ്ലാന്റിലേക്ക് പൾവറൈസർ, കമ്പോസ്റ്റ് സീവിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ എന്നിവ വാങ്ങൽ - പ്രോജക്ട് നം. 125/2023, 217/2024, 495/2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ക്ലീൻ സിറ്റി മാനേജർ
ഫണ്ട്	:	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവഴിച്ച തുക	:	1405000

ഖര മാലിന്യ പ്ലാന്റിലേക്ക് മെഷീനുകൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 1405000 രൂപ ചെലവഴിച്ച് Lanoviz Security Solutions Ltd എന്ന സ്ഥാപനത്തിൽനിന്ന് പൾവറൈസർ, കമ്പോസ്റ്റ് സീവിംഗ് മെഷീൻ ബെയിലിംഗ് മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവയിൽ, 30.03.2024ൽ ലഭിച്ച പൾവറൈസർ നാളിതുവരെ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചിട്ടില്ല. മെഷിൻ സ്ഥാപിച്ച് ട്രയൽ റൺ നടത്താതെതന്നെ തുക കൈമാറുകയാണുണ്ടായത്. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ, മറ്റ് യന്ത്രങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. പദ്ധതിയ്ക്കായി ചെലവഴിച്ച 1405000 രൂപ പാഴായതായി വിലയിരുത്താവുന്നതാണ്.





പ്രവർത്തിക്കാത്ത യന്ത്രങ്ങൾ

ഈ വിഷയം ഓഡിറ്റ് എൻകൃയറി (17/19.02.2026) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ട്രയൽ റൺ നടത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഖരമാലിന്യ പ്ലാന്റിന്റെ മേൽക്കൂരയ്ക്ക് ചോർച്ചയുള്ളതിനാൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ലെന്നും അറിയിച്ചു. എന്നാൽ പൾവറൈസർ, സീവിംഗ് മെഷീൻ എന്നിവ ട്രയൽ റൺ നടത്തേണ്ടതാണെന്ന് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ട്രയൽ റൺ നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭിച്ച മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ക്ലീൻ സിറ്റി മാനേജർ ഫയലിൽ സാക്ഷ്യപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ സ്ഥാപനത്തിന് തുക കൈമാറുകയും ചെയ്തു. ട്രയൽ റൺ നടത്താതെ തുക കൈമാറിയത് തെറ്റായ നടപടിയാണ്.

ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ യന്ത്രോപകരണങ്ങൾ നിഷ്ക്രിയമായിപ്പോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഈ വിഷയം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കേതും, യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-41 നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ പദ്ധതി-മൂന്ന വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല

പ്രോജക്ടിന്റെ പേര് : നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ വാർഡ്- 20
നിർവ്വഹണം : ഹെൽത്ത് ഓഫീസർ

ഇരുപതാം വാർഡ് പ്രദേശത്തെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ 2023-24ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് 2023-24ൽ 565000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. ഇതു പ്രകാരം 2023-24ൽ 100000രൂപയും, 2024-25ൽ 79000 രൂപയും, 2025-26ൽ 50000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായി ഒടുക്കാത്തതിനാൽ പദ്ധതി നാളിതുവരെ നടപ്പിലായില്ല. 565000രൂപ മുൻകൂറായി നൽകേണ്ട സ്ഥാനത്ത് മൂന്ന വർഷം കഴിഞ്ഞിട്ടും 229000 രൂപ മാത്രമേ അടച്ചിട്ടുള്ളൂ.

പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിനായി ഹെൽത്ത് ഓഫീസർക്ക് ഓഡിറ്റ് എൻകൃയറി (18/19.02.2026) നൽകിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള 565000 രൂപയിൽ അവശേഷിക്കുന്ന 186000 രൂപ വകയിരുത്തി നിലവിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. നിർവ്വഹണത്തിലെ കാലതാമസം ക്യാമറ സ്ഥാപിക്കൽ പദ്ധതിയിലൂടെ വിഭാവനം ചെയ്ത ലക്ഷ്യം നേടുന്നതിനു വിഘാതമായിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-42 17-ാം നമ്പർ അങ്കണവാടി -പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും പഠനം പഴയ അങ്കണവാടി കെട്ടിടത്തിൽ

പ്രോജക്ട് നം : 476/25
10 ലക്ഷം രൂപ തനത് ഫണ്ട് വിനിയോഗിച്ച് 2024-25 വർഷം 8-ാം വാർഡിൽ നിർമ്മിച്ച 17-ാം നമ്പർ

അങ്കണവാടി കെട്ടിടം ഉദ്ഘാടനം കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ല. നിലവിലുള്ള അങ്കണവാടി നഗരസഭയുടെ തന്നെ സാംസ്കാരിക നിലയത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടം ഒരു ക്രഷർയൂണിറ്റിന്റെയും തോടിന്റെയും സമീപത്തായാണ് സ്ഥിതി ചെയ്യുന്നത്. ഇതു അവിടെയെത്തുന്ന കുട്ടികൾക്കും മുതിർന്നവർക്കും വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്ന് അസി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തന്നെ വ്യക്തമാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അങ്കണവാടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സ്ഥലപരിമിതിയും ഉണ്ട്. പഠനമുറി, സ്റ്റോർ എന്നിവയെല്ലാം ഒരു ഹാളിലാണ് ക്രമീകരിച്ചിരിക്കുന്നത്. 30/10/2025-ൽ ഉദ്ഘാടനം നിർവ്വഹിച്ച അങ്കണവാടി കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ വൈകുന്നതിന്റെ കാരണം ആരാഞ്ഞു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം. 21/2024-25, തീയതി:20-02-2026). ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ, വാട്ടർലൈൻ സ്ഥാപിക്കൽ എന്നിവ പൂർത്തിയായിട്ടില്ലായെന്നും 2025-26 വാർഷിക പദ്ധതിയിൽ 2,21,000 രൂപയുടെ പദ്ധതി ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ നടന്നുവരുന്നതായും, വാട്ടർ കണക്ഷൻ ലഭ്യമാക്കാൻ വാട്ടർ അതോറിക്ക് അപേക്ഷ നൽകിയിട്ടുള്ളതായും അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.
മേൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി അങ്കണവാടിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.



നിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടി കെട്ടിടം



നിലവിലെ അങ്കണവാടി കെട്ടിടം

1-43 പറക്കോട് പ്രൈവറ്റ് ബസ് സ്റ്റാന്റ്- ഷോപ്പിംഗ് കോപ്ലക്സ് -മണ്ണ് പരിശോധനയ്ക്കായി 1.1 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭിച്ചില്ല

പറക്കോട് പ്രൈവറ്റ് ബസ് സ്റ്റാന്റ്- ഷോപ്പിംഗ് കോപ്ലക്സ് – മണ്ണ് പരിശോധന നടത്തുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ഈ ആവശ്യത്തിനായി തനത് ഫണ്ടിൽ നിന്നും 110920 രൂപ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിന് നൽകിയിട്ടുണ്ട്.(ചെക്ക് നം. 059933/10.03.25). മണ്ണ് പരിശോധനാ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ആയതു ഹാജരാക്കുകയുണ്ടായില്ല, തുക നൽകി 11 മാസങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരണ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 110920 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി-32/23.02.26

1-44 ജനറൽ ആശുപത്രിയിൽ സോളാർ പവർ പ്ലാന്റ് - 35 ലക്ഷം രൂപ അനർട്ടിൽ നിക്ഷേപിച്ചു- പദ്ധതി പൂർത്തീകരിക്കുന്നതിനു തുടർ നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം : SO 270/25
നിർവ്വഹണം: സെക്രട്ടറി
അടങ്കൽ : 5000000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ജനറൽ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രോജക്ട് അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നിർവ്വഹണം നടത്തുന്നതിനാണ് ആവിഷ്കരിച്ചിരുന്നത്. പ്രോജക്ടിന് വകയിരുത്തിയ തുകയിൽ 3500000 രൂപ 2024-25 വർഷം അനർട്ടിന് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

സൗരോർജ്ജ പവർ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനും പ്രോജക്ട് തുകയുടെ 10 ശതമാനം തുക സർവ്വീസ് ചാർജ്ജായി നൽകുന്നതിനും GO.(RT)NO.205/2019/ POWER, DATED 03/12/2019 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 4999918 രൂപയുടെ എസ്റ്റിമേറ്റ് അനർട്ട് ഹാജരാക്കിയത് പ്രകാരം 80KW ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 11/3/25-ൽ അനർട്ട് പത്തനംതിട്ട ജില്ലാ എൻജിനീയറും നഗരസഭാ സെക്രട്ടറിയും തമ്മിൽ എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 20 ലക്ഷം രൂപ 22.3.25-ലും (UTR-RBI10842516011191), 15 ലക്ഷം രൂപ 30.03.25-ലും(UTR-RBI0902543659330) അനർട്ടിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

എഗ്രിമെന്റ് പ്രകാരം എസ്റ്റിമേറ്റ് തുകയായ 4999918 രൂപയിൽ ആദ്യഗഡുവായ 20 ലക്ഷം രൂപ അനർട്ടിന് മുൻകൂറായി നൽകുന്നതിനും ബാക്കി തുക 1500000, 1499918 എന്നിങ്ങനെ രണ്ടുഗഡുക്കളായി പദ്ധതി നിർവ്വഹണ സമയത്ത് നൽകാനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. ടി തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ ആറുമാസത്തിനകം പ്രവർത്തി പൂർത്തീകരിക്കുമെന്നായിരുന്നു കരാർ വ്യവസ്ഥ. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അവസാന ഗഡു തുക നൽനൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2025-26 വർഷം പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും (273/26) തുക കൈമാറിയിട്ടില്ല. കെ.എസ്.ഇ.ബി-യിൽ നിന്നും ഫീസിബിലിറ്റി ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനാലാണ് പ്ലാന്റ് സ്ഥാപിക്കുന്നതിൽ കാലതാമസം വന്നതെന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകൃയറിക്കു മറുപടി നൽകി. കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ള സാഹര്യത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി-33/23.02.26

1-45 പി.എം.എ.വൈ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

പി.എം.എ.വൈ (ജനറൽ & എസ്.സി) – ഭവനപദ്ധതിയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ 26 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	തീയതി
1	അജിതാ കുമാരി കല്ലുവിളയിൽ, പന്നിവിഴ	40000	16-03-2023
2	സുനിത മഞ്ചേരിയിൽ, പന്നിവിഴ	40000 80000 80000	27-12-2022 28-03-2023 24-05-2023
3	സുനിത എസ് സുനിത സദനം, പന്നിവിഴ	40000 80000 80000	27-12-2022 06-07-2023 14-07-2023
4	കനകമ്മാൾ മുളപ്പുമടത്തിൽ വടക്കേതിൽ പന്നിവിഴ	40000	20-06-2023
5	ലളിത കെ ശരത് ഭവനം, പന്നിവിഴ	40000	04-11-2023
6	സുമംഗല പാലവിളയിൽ വീട്, പറക്കോട്	40000 80000 80000	24-01-2023 22-03-2023 29-03-2023
7	ബിജു എം കൊല്ലകുന്നിൽ തെക്കേതിൽ	40000	14-03-2023

	പറക്കോട്		
8	അശ്വതി എ തോണ്ടലിൽ കിഴക്കേതിൽ പറക്കോട്	40000	20-03-2023
9	കൃഷ്ണമ്മ രമാ വിലാസം, പറക്കോട്	40000	27-12-2022
10	കുട്ടി പുരിയക്കോട്ട് മേലേതിൽ, പറക്കോട്	40000	27-12-2022
11	ആനന്ദവല്ലി പൊരിയക്കോട്ട് വീട്, പറക്കോട്	40000 80000 80000	20-03-2023 04-11-2023 06-11-2023
12	ഷീജ റഹ്മത്തുള്ള അയിഷ മൻസിൽ, കണ്ണങ്കോട്	40000	24-01-2023
13	അർച്ചന വാസുദേവൻ കുരീക്കാട്ട് വീട്, പന്നിവിഴ	40000 80000 80000	14-03-2023 24-07-2023 09-10-2023
14	ഉമേഷ് എം ഉഷാ സദനം, മൂന്നാളം	40000 80000 80000	16-03-2023 12-07-2023 24-06-2023
15	കുഞ്ഞുപെണ്ണ് അമ്പനാട്ട് വീട്, കരുവാറ്റ	40000	14-03-2023
16	ലില്ലിക്കുട്ടി പുളിഞ്ചാനിയിൽ വടക്കേതിൽ പന്നിവിഴ	40000 80000 80000	01-02-2022 28-03-2023 31-03- 2023
17	ശാന്തി കെ വലിയവിള കിഴക്കേതിൽ, ആനന്ദപ്പള്ളി	40000 80000 80000 80000	27-08-2021 31-01-2022 12-04-2022 24-01-2023
18	ശാന്തി കൃഷ്ണൻ കമ്പിളംവിള കോളനി, പന്നിവിഴ	40000	31-01-2022
19	രാജി ജെ ഇടയിലയ്യത്ത്, പന്നിവിഴ	40000 80000	31-01-2022 03-05-2023
18	ശാന്ത കല്ലുവിളയിൽ വീട്, ആനന്ദപ്പള്ളി	40000 80000 80000	14-03-2023 20-06-2023 12-07-2023
19	രമാ സി വടക്കേ മുരുപ്പേൽ രമ്യാ ഭവനം	40000	02-08-2021
20	സരസ്വതി സി നെടിയകാലായിൽ താഴേതിൽ പന്നിവിഴ	40000	18-02-2022
21	തങ്കമണി റ്റി	40000	29-06-2021

	പരുത്തിയിൽ, പന്നിവിഴ	160000	16-08-2021
22	ഷാനിയ മോൾ അഖിൽ വില്ല, കണ്ണങ്കോട്	40000	18-10-2021
23	രഞ്ജുകൃഷ്ണ	40000	06-11-2019
	മണ്ണത്തുകര വീട്, പന്നിവിഴ	160000	17-03-2020
24	വൽസല കെ.എസ്	40000	16-09-2019
	മേലേതിൽ കിഴക്കേതിൽ, അടൂർ	160000	17-03-2020
25	അനിത കെ ഇലന്തറ, പന്നിവിഴ	40000	28-11-2019
26	ബിൻസി	40000	19-04-2021
	പെനിയേൽ ഹൗസ്, കരുവാറ്റ	160000	21-10-2021

മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്നത് ഏത് സാഹചര്യത്തിലാണെന്നും ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർനടപടികളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.6/17.02.26) നൽകിയിരുന്നു. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ, ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ മീറ്റിംഗ് മൂന്നു തവണ നഗരസഭയിൽ വച്ച് വിളിച്ച് കൂട്ടിയതായും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് തുകയായ 40000 രൂപ കൈപ്പറ്റി തുടർ പണികൾ നടത്താതിരിക്കുന്ന 15 ഗുണഭോക്താക്കൾ നിലവിലുണ്ട്. ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടരാതിരിക്കുന്ന സാഹചര്യത്തിൽ നൽകിയ തുക തിരികെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-46 നിറപൊലിവ് വാഴക്കൃഷിവികസനം- പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല.

നഗരസഭയിൽ 2024-25 വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വാഴക്കൃഷി വികസനപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു യൂണിറ്റിൽ 25 വാഴവിത്ത് 15 രൂപ നിരക്കിലും, ജൈവവളം 25 കിലോ 35 രൂപ നിരക്കിൽ 875 രൂപ (75% സബ്സിഡി 656 രൂപ) നിരക്കിലും കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്.

പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്/ നമ്പർ	അടങ്കൽ തുക	ചെലവഴിച്ച തുക	ബിൽനമ്പർ/തീയതി
38/25 നിറപൊലിവ്- വാഴക്കൃഷിവികസനം	545484	വികസനഫണ്ട്- 450000 ഗുണഭോക്തൃവിഹിതം-95484 ആകെ-545484	1)162562 240503470002013594955/20.02.25 2) 97702 240503470002014432295/06.03.25 3)179104 240503470002014843395/10.03.25 4) 10632 240503470002016372425/22.03.25 5) 95484 59989/31.03.25

പദ്ധതിനിർവഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. പദ്ധതിയിലുൾപ്പെടുത്തി KAICO യിൽ നിന്ന് 10800 എണ്ണം വാഴവിത്തുകൾ 15 രൂപ നിരക്കിൽ സപ്ലൈ ചെയ്തതിന് 162000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് 436 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു യൂണിറ്റിൽ എത്ര വാഴ വിത്തുകൾ ഉണ്ട് എന്നുള്ള വിവരം വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ ഗുണഭോക്താവിനും 25 എണ്ണം വീതം വാഴവിത്തുകൾ

ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. വാഴകൃഷിക്കുള്ള ജൈവവളം വിതരണം ചെയ്തതിന് 288000 രൂപ സബ്സിഡിയും 95484 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 383484 രൂപ വിവിധ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

വളം വിതരണം ചെയ്ത സ്ഥാപനം	നൽകിയ തുക
Kerala Agricultural Department Staff Co-Operative Socirty	108750
Pannivizha Service Co-Operative Bank Ltd	177000
Ezhamkulam Agricultural Marketting Co-Operative Society	97734
ആകെ	383484

ഗുണഭോക്തൃവിഹിതമായി 219 രൂപ വീതം(ഒരു യൂണിറ്റ്) ഈടാക്കിയിട്ടുണ്ട്.(436x219=95484) 436 ഗുണഭോക്താക്കൾക്ക് 25 കിലോ ജൈവവളം വിതരണം ചെയ്തതിന്റെ രേഖകളും പ്രസ്തുത സ്ഥാപനങ്ങളുടെ വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

4. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നു വിലയിരുത്തുന്നതിനു സാധിച്ചിട്ടില്ല. പൂർണ്ണമായ ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 545484 രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് എൻകയറി (നം 28/25.03.26)

1-47 നിറപൊലിവ് കേര കൃഷി വ്യാപനം- തെങ്ങിൻ തൈകളുടെ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല, മോണിട്ടറിംഗ് നടത്തിയില്ല

2024-25 വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കേര കൃഷി വ്യാപനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഒരു യൂണിറ്റിൽ 4 തെങ്ങിൻ തൈകൾ ഉൾപ്പെടുത്തിയിരുന്നു. ഒരു തെങ്ങിൻ തൈയ്ക്ക് 250 രൂപ നിരക്കിൽ ഒരു യൂണിറ്റിനു 1000 രൂപ കണക്കാക്കി 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ തൈകളുടെ വിലയിൽ വന്ന വ്യത്യാസം കാരണം 1278 തൈകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്/ നമ്പർ	അടങ്കൽ തുക	ചെലവഴിച്ച തുക	ബിൽനമ്പർ/തീയതി
22/25 നിറപൊലിവ്-കേര കൃഷി വ്യാപനം	166500	125000(വികസനഫണ്ട്) 41500(ഗുണഭോക്തൃവിഹിതം) ആകെ- 166500	1) 125000 240503470002016681 94/24.03.25 2) 41500 59989/31.03.25

PAMCOS എന്ന സ്ഥാപനത്തിൽ നിന്നും 1278 തൈകൾ 130 രൂപ നിരക്കിൽ വാങ്ങിയതിന് 166140 രൂപയുടെ ഇൻവോയ്സ് ലഭിച്ചിരുന്നു. വികസനഫണ്ടിൽ നിന്നും 125000 രൂപയും ഗുണഭോക്തൃവിഹിതമായി 41500 രൂപയും ഉൾപ്പെടെ ആകെ 166500 രൂപ ചെലവഴിച്ചിട്ടുണ്ട്. 360 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഒരു തെങ്ങിൻ തൈയ്ക്ക് 250 രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരുന്നത്. എന്നാൽ തെങ്ങിൻ തൈകളുടെ വിലയിൽ വന്ന കുറവ് കാരണം 1278 തൈകൾ വാങ്ങിയിട്ടുണ്ട്. 85 ഗുണഭോക്താക്കൾക്ക് 166 യൂണിറ്റുകൾ വിതരണം ചെയ്തതായി വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിലയിൽ വന്ന വ്യത്യാസം കാരണം വാങ്ങിയ തൈകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട്.ഒരു യൂണിറ്റിൽ എത്ര തൈകൾ ഉണ്ടായിരുന്നു എന്നു വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരാൾക്ക് നാലിൽ കൂടുതൽ തൈകൾ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. കൈപ്പറ്റിയ തെങ്ങിൻ തൈകളുടെ എണ്ണം ഗുണഭോക്താക്കൾ രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ വാങ്ങിയ തൈകളുടെ വിതരണം എപ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

2) വിതരണ രജിസ്റ്റർ പ്രകാരം 85 ഗുണഭോക്താക്കൾക്കാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. കർഷകരുടെ

അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.
3) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻകയറിക്ക് (29/26dtd 25.02.26) ലഭ്യമാക്കിയ മറുപടിയിൽ, എണ്ണം സംബന്ധിച്ച വിതരണവിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നത് വീഴ്ചയാണെന്നും എന്നാൽ കർഷകർക്ക് നഷ്ടം ഉണ്ടായിട്ടില്ലെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. മോണിട്ടറിംഗ് റിപ്പോർട്ട് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. വിഷയത്തിലേക്കു കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധനാ വിധേയമാക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-48 നിറപൊലിവ് അടുക്കളത്തോട്ടം- HDPE ബാഗുകളുടെ വിതരണ വിവരം കൃത്യമല്ല

2024-25 വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കർഷകർക്ക് പച്ചക്കറി കൃഷി നടത്തുന്നതിന് 'അടുക്കളത്തോട്ടം' എന്ന പേരിൽ പദ്ധതി നടപ്പാക്കിലാക്കിയിട്ടുണ്ട്. നടീൽ മിശ്രിതം നിറച്ച, നടാനുള്ള പച്ചക്കറി തൈകൾ ഉൾപ്പെടെ 10 HDPE ബാഗിന്റെ ഒരു യൂണിറ്റ് 2000 രൂ നിരക്കിൽ (75% സബ്സിഡി 1500 രൂപ, ഗുണഭോക്തൃവിഹിതം 500 രൂപ എന്ന നിരക്കിൽ) കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു

പദ്ധിയുടെ പേര്/ നമ്പർ	അടങ്കൽ തുക	ചെലവഴിച്ച തുക	ബിൽനമ്പർ/തീയതി
23/25 നിറപൊലിവ്- അടുക്കളത്തോട്ടം	266000	200000വികസനഫണ്ട്) 66000(ഗുണഭോക്തൃവിഹിതം) ആകെ 266000	1)200000 240503470002011782 89/13.01.25 2)66000 59950/15.03.25

അടൂരിൽ പ്രവർത്തിക്കുന്ന ഹരിത എ ഗ്രേഡ് വെജിറ്റബിൾ ക്ളസ്റ്റർ സീഡ് ലിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 1330 ബാഗുകൾ 200 രൂപ നിരക്കിൽ വാങ്ങിയതിന് 266000 രൂപ ചെലവഴിച്ചിട്ടുണ്ട്.

131 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് വീതം ബാഗുകൾ വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വാങ്ങിയത് 133 യൂണിറ്റുകളാണ്. അവശേഷിക്കുന്ന 20 ബാഗുകൾ (2 യൂണിറ്റ്-20 എണ്ണം)വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. ഒരാൾക്ക് ഒന്നിൽക്കൂടുതൽ യൂണിറ്റുകൾ വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ശേഷിക്കുന്ന രണ്ട് യൂണിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (31/26 തീയതി 25.02.26), രണ്ട് പേർക്ക് രണ്ട് യൂണിറ്റുകൾ വീതം നൽകിയതായും എന്നാൽ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകി. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നതിനും, എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ എണ്ണം HDPEബാഗുകൾ ലഭിച്ചു എന്നു ഉറപ്പു വരുത്തുന്നതിനും നഗരസഭ കൗൺസിലിന്റെ ഇടപെടൽ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

1-49 നിറപൊലിവ് - ഗ്രോബാഗിൽ ഇഞ്ചിക്കൃഷി - ഗ്രോബാഗുകളുടെ വിതരണ വിവരം കൃത്യമല്ല

2024-25 വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കർഷകർക്ക് ഗ്രോബാഗിൽ ഇഞ്ചി കൃഷി നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധിയുടെ പേര്/ നമ്പർ	അടങ്കൽ തുക	ചെലവഴിച്ച തുക	ബിൽനമ്പർ/തീയതി
191/25 നിറപൊലിവ്- ഗ്രോബാഗിൽ ഇഞ്ചിക്കൃഷി	132600	99450 (വികസനഫണ്ട്) 33150 (ഗുണഭോക്തൃവിഹിതം) ആകെ 132600	99450 240503470002011782 96/13.01.25 2) 33150 59950/15.03.25

നടീൽമിശ്രിതം നിറച്ച്, നടാനുള്ള ഇഞ്ചിവിത്ത് ഉൾപ്പെടെ 10 HDPE ബാഗുകളുടെ ഒരു യൂണിറ്റ് 1300 രൂ നിരക്കിൽ (75% സബ്സിഡി 975 രൂപ ഗുണഭോക്തൃവിഹിതം 325 രൂപ എന്ന നിരക്കിൽ) കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതു പ്രകാരം അടൂരിൽ പ്രവർത്തിക്കുന്ന ഹരിത എ ഗ്രേഡ് വെജിറ്റബിൾ

ക്ളസ്റ്റർ സീഡ് ലിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 102 ഗ്രോബാഗുകൾ 1300 രൂപ നിരക്കിൽ വാങ്ങിയതിന് 132600 രൂപ ചെലവഴിച്ചിട്ടുണ്ട്.

95 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് വീതം വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട് എന്നാൽ ആകെ വാങ്ങിയത് 102 യൂണിറ്റുകളാണ്. 95 കർഷകർക്ക് വിതരണം ചെയ്ത ശേഷം അവശേഷിക്കുന്ന 7 യൂണിറ്റുകളുടെ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഇല്ല. 102 യൂണിറ്റുകളുടെ ഗുണഭോക്തൃ വിഹിതവും പദ്ധതി വിഹിതവും ചെലവഴിച്ചിട്ടുമുണ്ട്. അപാകങ്ങൾക്കു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/26 തീയതി 25.02.26), 7 യൂണിറ്റുകളുടെ വിതരണം വിവരം രജിസ്റ്ററിൽ ചേർക്കാൻ വിട്ടു പോയതാണെന്ന് മറുപടി നൽകി. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണരേഖകളുടെ അഭാവത്തിൽ 7 യൂണിറ്റുകളുടെ വിലയായ 9100 (1300x7) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടി രേഖകൾ സഹിതം ഹാജരാക്കാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-50 പെൻഷൻ ഫണ്ട്- അവലോകനം

നഗരസഭയിൽ നിന്നും ആകെ 63 പേർ പെൻഷൻ കൈപ്പറ്റുന്നുണ്ട്. പെൻഷൻ വിതരണത്തിന് പ്രത്യേക ഫണ്ട് സൂക്ഷിക്കുന്നില്ല. നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ട്/തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്. റൂലർ/കണ്ടിജന്റ് വിഭാഗത്തിൽ പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെയും, 2024-25 വർഷം വിതരണം ചെയ്ത പെൻഷൻ ആനുകൂല്യങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

	നഗരസഭയിൽനിന്നും പെൻഷൻ വാങ്ങുന്നവരുടെഎണ്ണം			2024-25വർഷത്തെ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡിസിആർജി ഇനങ്ങളിലെ ആകെ ചെലവ്			പെൻഷൻ വിതരണത്തിന് വിനിയോഗിച്ച ഫണ്ട്
റൂലർ/ കണ്ടിജന്റ്	പെൻഷൻ	കുടുംബ പെൻഷൻ	ആകെ	പെൻഷൻ/ ഫാമിലി പെൻഷൻ	കമ്മ്യൂട്ടേഷൻ	ഡിസിആർജി	
റൂലർ	29	12	41	8743620	1668730	1033866	ജനറൽ പർപ്പസ് ഫണ്ട്
കണ്ടിജന്റ്	14	8	22	3833703	149245	1019477	

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പൊതുവായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയിലെ റൂലർ /കണ്ടിജന്റ് പെൻഷൻകാരുടെ സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല

റിട്ടയർ ചെയ്ത ജീവനക്കാരുടെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അർഹമായതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ വിവരം, ഫാമിലി പെൻഷണർക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെൻഷൻ റിവിഷൻ എന്നിവ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഫണ്ടിന്റെ കുറവ് മൂലം പെൻഷൻ ആനുകൂല്യങ്ങൾ പല തവണകളായിട്ടാണ് അനുവദിക്കാറുള്ളത്. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഇരട്ടിപ്പ്, കുറവ് എന്നിവയുണ്ടായാൽ കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. മാത്രമല്ല കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേയ്ക്ക് മാറ്റുന്നുണ്ടോ തുടങ്ങിയവ യഥാസമയം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. മറ്റ് നഗരസഭകളിൽ നിന്നും റിട്ടയർ ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾക്കായി അടൂർ നഗരസഭ ഓപ്റ്റ് ചെയ്യുന്ന റൂലർ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ്വെയർ സഹായത്തോടെയല്ല നഗരസഭകളിലെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം നടത്തുന്നത്. നഗരസഭകളിൽ നിലവിൽ വിന്യസിച്ചിട്ടുള്ള K-SMART സോഫ്റ്റ്വെയറിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിന് മൊഡ്യൂൾ സജ്ജമാക്കിയിട്ടില്ല.

2) പെൻഷൻ വിതരണം - സാക്ഷ്യപ്പെടുത്തിയ രേഖകളില്ല

പെൻഷൻ കൈപ്പറ്റുന്നവരുടെ ബാങ്ക് അക്കൗണ്ട് നം, IFSC കോഡ്, പെൻഷൻ തുക തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പത്രിക ഫയലിൽ ചേർത്തിട്ടുണ്ട്. ബാങ്കിന് കൈമാറുന്ന പത്രിക സാക്ഷ്യപ്പെടുത്തി വാങ്ങാത്തതിനാൽ ടി ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തന്നെയാണോ പെൻഷൻ തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ബാങ്ക് അക്കൗണ്ട് നമ്പറിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല

3. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നില്ല ; പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും നൽകുന്നു

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 2023-24, 2024-25 വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ/ഫാമിലി പെൻഷൻ ആനുകൂല്യങ്ങൾ 2024-25 വർഷം നൽകിയിരിക്കുന്നത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22/10/24-ലെ LSGD/PD/20410/2024-PENA6 നമ്പർ കത്ത് പ്രകാരം 30/06/24 വരെയുള്ള കണക്കുകളനുസരിച്ച് 59670184 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് നൽകാനുണ്ട്. റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം നഗരസഭ ഒടുക്കുന്നുണ്ടെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നില്ല.

4. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല
1997-ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡിസിആർജി ചട്ടങ്ങൾ (GO(P)97/LAD/3.05.97) പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭ ട്രഷറി അക്കൗണ്ട് ആരംഭിക്കുകയോ, ശമ്പളത്തിന് ആനുപാതികമായ പെൻഷൻ വിഹിതം കണക്കാക്കി അക്കൗണ്ടിലേക്ക് ഒടുക്കണമെന്ന നിർദ്ദേശം പാലിക്കുകയോ ചെയ്തിട്ടില്ല. കണ്ടിജന്റ് ജീവനക്കാരന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ റഗുലർ ജീവനക്കാരുടെതുപോലെതന്നെ തനത് ഫണ്ടിൽ നിന്ന് നേരിട്ട് നൽകുകയാണ്. പെൻഷൻ ഫണ്ട് രൂപീകരിക്കാത്തതിനാലും തനത് ഫണ്ടിന്റെ കുറവ് മൂലവും പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുവാൻ കഴിയാത്ത സ്ഥിതിയുമുണ്ട്.
5. പെൻഷൻ പരിഷ്കരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല
പെൻഷൻ പരിഷ്കരണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ/ഫാമിലി പെൻഷൻ പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് പെൻഷൻ ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദമായ പരിശോധന നടത്തി, റിട്ടയർ ചെയ്ത ജീവനക്കാരുടെ ഡേറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനും പെൻഷൻ വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-51 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അന്തിമ റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ തദ്ദേശ സർക്കാരുകളെ ശാക്തീകരിക്കുന്നതിനായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 4,27,911 കോടി രൂപയുടെ മൊത്തം ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ 70,051 കോടി രൂപയുടെ ഗ്രാന്റുകൾ പ്രാഥമിക ആരോഗ്യ സംരക്ഷണ തലത്തിലെ ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ നിർണായക വിടവുകൾ ശക്തിപ്പെടുത്തുന്നതിനും നികത്തുന്നതിനുമായി നൽകാൻ കമ്മീഷൻ തീരുമാനിച്ചു. ആയതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ൽ 15(2) FC-XV/FCD/20-25 മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

മേൽ സൂചിപ്പിച്ചവയിൽ 5, 6 സ്കീമുകളിലായിട്ടാണ് അടൂർ നഗരസഭയ്ക്ക് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും അതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ക്രമനം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ബാലൻസ്
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (KL-278)	0	2675942	63185	2739127	0	0	758934	758934	1980193
2	ഹെൽത്ത് സെന്ററുകളെ വെൽനെസ്സ് സെന്ററുകളായി ഉയർത്തുക (KL-281)	8320496	13975148	2376781	24672425	144670	6630434	13288189	20063293	4609132

അടൂർ ജനറൽ ആശുപത്രി മുഖേനയാണ് ഗ്രാമപ്പഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ നടത്തുന്നത്. സ്കീം 5, 6 പ്രകാരം ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് വിവിധ വർഷങ്ങളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടേയും ചെലവിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

2022-23

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ തരം	അടങ്കൽ തുക	ചെലവ്	ബാലൻസ്
515	അടൂർ നഗരസഭയിലെ ഹെൽത്ത് & വെൽനെസ്സ് ഫീൽഡ് തല പ്രവർത്തനങ്ങൾ	SO	519000	0	519000
516	അടൂർ നഗരസഭ ഹെൽത്ത് & വെൽനെസ് സെന്ററുകളുടെ ചെലവുകൾ	SO	738915	144670	594245
517	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്ററിനു ഫർണിച്ചർ വാങ്ങൽ	SO	1000000	0	1000000
518	അടൂർ മുനിസിപ്പാലിറ്റി അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവുകൾ	SO	1700000	0	1700000
525	സബ്സെന്ററുകളിൽ രോഗനിർണയ സംവിധാനം ഒരുക്കൽ	SO	1888066	0	1888066
526	അടൂർ നഗരസഭ പറക്കോട് ഹെൽത്ത് & വെൽനെസ് സെന്ററിന് വേണ്ടി നഗരസഭ വക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ	SO	480612	0	480612

527	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്റർ സ്ഥാപിക്കൽ-അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	SO	1000000	0	1000000
528	അടൂർ നഗരസഭ പാമ്പേറ്റുകുളം സാംസ്കാരിക നിലയത്തിൽ ഹെൽത്ത് & വെൽനെസ് സെന്ററിന് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ	SO	501719	0	501719
591	അടൂർ നഗരസഭയുടെ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവുകൾ	New	1000000	0	1000000
597	അടൂർ നഗരസഭയുടെ പാമ്പേറ്റുകുളം, പറക്കോട് എന്നീ രണ്ട് അർബൻ ഹെൽത്ത് ആൻറ് വെൽനെസ്സ് കേന്ദ്രങ്ങളുടെയും പ്രവർത്തന ചെലവുകൾ	New	1700000	0	1700000

2023-24

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ തരം	അടങ്കൽ തുക	ചെലവ്	ബാലൻസ്
365	അടൂർ നഗരസഭ പറക്കോട് ഹെൽത്ത് & വെൽനെസ് സെന്ററിന് വേണ്ടി നഗരസഭ വക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ	SO	2500000	2019388	480612
366	അടൂർ നഗരസഭ പാമ്പേറ്റുകുളം സാംസ്കാരിക നിലയത്തിൽ ഹെൽത്ത് വെൽനെസ് സെന്ററിന് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ	SO	2500000	1998281	501719
377	സബ്സെന്ററുകളിൽ രോഗനിർണയ സംവിധാനം ഒരുക്കൽ	New	2647000	0	2647000
401	അടൂർ നഗരസഭ ഹെൽത്ത് & വെൽനെസ് സെന്ററുകളുടെ ചിലവുകൾ	SO	3200000	152435	3047565
402	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്റർ സ്ഥാപിക്കൽ-അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	New	1000000	0	1000000
403	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്ററിനു ഫർണിച്ചർ വാങ്ങൽ	New	1000000	0	1000000

2024-25

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ തരം	അടങ്കൽ തുക	ചെലവ്	ബാലൻസ്
05	സബ്സെന്ററുകളിൽ രോഗനിർണയ	SO	2647000	758934	1888066

	സംവിധാനം ഒരുക്കൽ				
542	അടൂർ നഗരസഭ പാമ്പേറ്റുകുളം സാംസ്കാരിക നിലയത്തിൽ ഹെൽത്ത് & വെൽനെസ് സെന്ററിന് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ	SO	501719	0	501719
543	അടൂർ നഗരസഭ ഹെൽത്ത് & വെൽനെസ് സെന്ററുകളുടെ ചെലവുകൾ	SO	3047565	2308650	738915
589	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്റർ സ്ഥാപിക്കൽ-അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	SO	1000000	0	1000000
590	അടൂർ നഗരസഭ പറക്കോട് ഹെൽത്ത് & വെൽനെസ് സെന്ററിന് വേണ്ടി നഗരസഭ വക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ	SO	480612	0	480612
591	അടൂർ ഗവൺമെന്റ് ആശുപത്രിയിൽ 360 ഡിഗ്രിഎൻ സി ഡി സെന്ററിന് ഫർണിച്ചർ വാങ്ങൽ	SO	1000000	0	1000000
592	അടൂർ മുൻസിപ്പാലിറ്റി അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവുകൾ	NEW	1700000	0	1700000
593	അടൂർ നഗരസഭയിലെ ഹെൽത്ത് ആന്റ് വെൽനെസ്സ് ഫീൽഡ് തല പ്രവർത്തനങ്ങൾ	NEW	519000	0	519000

ഹെൽത്ത് ഗ്രാന്റ് ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. 2023-24 വർഷത്തെ 2460330 രൂപയുടെ ചെലവും, 2024-25 വർഷത്തെ 479539 രൂപയുടെ ചെലവും, കൂടാതെ, എച്ച്.എം.സി ഫണ്ടിലേക്ക് കൈമാറിയ 10500000 രൂപയുടെ ചെലവുകളും സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. സാമ്പത്തിക വർഷാവസാനമാണ് ഗ്രാന്റുകൾ ലഭ്യമാകുന്നത് എന്നതിനാൽ തൻവർഷത്തെ പ്രോജക്ടുകൾ സ്പിൽ ഓവറായി അടുത്ത സാമ്പത്തിക വർഷമാണ് നടപ്പിലാക്കാൻ കഴിയുന്നത്. സ്കീം 6 പ്രകാരം ലഭിച്ച ഗ്രാന്റുകൾ നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും എച്ച്.എം.സി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പിന്നീട് ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ചെലവഴിക്കുമ്പോൾ പ്രോജക്ട് വയ്ക്കുന്നില്ല. ആയതുകൊണ്ട് തന്നെ ചെലവ് മോണിട്ടർ ചെയ്യപ്പെടുന്നില്ല. സ്കീം 6 പ്രകാരം പോളി ഡെന്റൽ ക്ളിനിക്കുകൾ ആരംഭിക്കുന്നതിനായി 60 ലക്ഷം രൂപയും ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി 360 ഡിഗ്രി എൻസിഡി സെന്ററുകൾക്കായി 45 ലക്ഷം രൂപയും 2024-25 വർഷം അടൂർ ജനറൽ ആശുപത്രിയുടെ എച്ച് എം സി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനാൽ ചെലവിന്റെ തുടർ നിരീക്ഷണം സാദ്ധ്യമാകുന്നില്ല. കൈമാറിയ തുകയിൽ പോളി ഡെന്റൽ ക്ളിനിക്കിനായി ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല. 360 ഡിഗ്രി എൻ.സി.ഡി സെന്ററിനായി ലഭിച്ച തുകയിൽ 5,11,543 രൂപ മാത്രമേ വിനിയോഗിച്ചിട്ടുമുള്ളൂ.

ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭ്യമായ തുകകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും, കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പൊതുജനാരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടു വരുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, നഗരസഭ കൗൺസിലിന്റെയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ-വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
32	190500	190500	-	-

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0		ഇല്ല	0	

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്സ്

		(07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	ഒടുക്കിയ തുക	തുക	
ഇല്ല	ഇല്ല	ഇല്ല	ഇല്ല		

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയത്	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
അനർട്ട്	270, ജനറൽ ആശുപത്രിയിൽസോളാർ പാനൽസ്ഥാപിക്കൽ	3500000	0	3500000
കെ.എസ്സ്. ഇ. ബി	298, എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ	1226047	0	1226047
ഭൂജല വകുപ്പ്	489, കുഴൽ കിണർ നിർമ്മാണം ഹെൽത്ത് സെന്റർ വാർഡ് -23	53935	0	53935

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ പേര്, ഉദ്ദേശ്യം	തൻ വർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക	ആകെ വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
പി. എം. എ.വൈ -ലൈഫ് മിഷൻ പദ്ധതി	6760000	13,679,997.00	20439997	1440000	-	18999997
കെ.യു.ആർ.ഡി. എഫ്.സി	10401426	16949633	27351059	-	-	27351059

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./തീയതി
2022-23	1-44	7901	ബിജു എം	R-M030100-24005961/05.08.2024
		1890	സുമ ജോൺസൺ	R-M030100-24007647/19.09.2024

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	നിലവിലെ സ്ഥിതി
പ്രവർത്തനക്ഷമത റിപ്പോർട്ട്		2013-14/	6.2.1	പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ബസ്റ്റാന്റ് /കമ്മ്യൂണിറ്റി ഹാൾ-എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല	സമിതിയുടെ പരിഗണനയിൽ
പ്രവർത്തനക്ഷമത റിപ്പോർട്ട്		2013-14	6.2.2	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കൈമാറ്റം നിയമാനുസൃതമല്ല	സമിതിയുടെ പരിഗണനയിൽ
2004-05	3-1	2010-11	5.2.17(1)	ഖരമാലിന്യ സംസ്കരണം - ദീർഘ വീക്ഷണമില്ലാത്ത പ്രോജക്ട്	ഹൈക്കോടതിയിലുള്ള കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേസിന്റെ വിധി വന്നതിന് ശേഷം തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു
2004-05	3-3	2010-11	5.6.4.(1)	നഗരസഭയിലെ സി.എഫ്.എൽ.കളുടെ വാർഷിക മെയിന്റനൻസ് - മുൻകൂർ നൽകിയതു സംബന്ധിച്ച്	റവന്യൂ റിക്കവറി ആരംഭിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു.
2001-02	2-14	2006-07	4-8-1-1	*വൗച്ചറുകൾ/ഫയലുകൾ/ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല* മരാമത്ത് പ്രവൃത്തികൾ	1. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കണമെന്നും ഭരണസമിതികൾ യഥാസമയം മറുപടി നൽകുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നും ആയതിന് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്തു. 2. മേൽ സൂചിപ്പിച്ച ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് ഗവൺമെന്റിൽനിന്നും സാധുകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയത് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തു. എല്ലാം ഓഡിറ്റ് പരാമർശങ്ങളും പൊതുസ്വഭാവമുള്ളതായതിനാൽ ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭിച്ചതിനുശേഷം ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു. ബോധ്യപ്പെടുന്ന മുറക്ക് ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തു.
2000-01	2-3	2006-07	4-8-1-3	*വൗച്ചറുകൾ/ഫയലുകൾ/ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല* വിവിധ ചെലവുകൾ	ടി
2000-01	2-9	2006-07	4-8-1-3	*വൗച്ചറുകൾ/ഫയലുകൾ/ മറ്റ് അനുബന്ധ രേഖകൾ*	ടി

				എന്നിവ ഹാജരാക്കിയില്ല വിവിധ ചെലവുകൾ	
2000-01	2-14	2006-07	4-8-1-3	*വൗച്ചറുകൾ/ഫയലുകൾ/ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല* മരാമത്ത് പ്രവൃത്തികൾ	ടി
2000-01	2-2(ബി)	2006-07	4-10-1	മുൻക്കൂർ തുകകൾ ക്രമീകരിച്ചിട്ടില്ല	1. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വിജിലൻസ് കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചു. 2. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാലപ്പഴക്കം ചെന്ന കേസുകളുടെ സാധൂകരണത്തിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കുന്നതിനും സാധൂകരണം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തു.
2000-01	4-എ	2005-06	3-10-01	ശീർഷകം തെറ്റി - പദ്ധതി വിഹിതം 24.6 ലക്ഷം രൂപ നിയമവിരുദ്ധമായി ക്രമപ്പെടുത്തി	ട്രഷറിയിൽ ശരിയായ ശീർഷകത്തിൽ ഒടുക്കിയതിന്റെ കോപ്പി ഓഡിറ്റിന് നൽകുവാനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ട് ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തു.
2000-01, 2001-02	--	2005-06	3-10-02	മാർക്കറ്റ് സ്റ്റാൾ, യാർഡ് നിർമ്മാണത്തിൽ അപാകതകൾ	പ്രസ്തുത പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്തു
2000-01, 2001-02	--	2005-06	3-10-03	റോഡിന്റെ ഉദ്ധരണം - തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ നഷ്ടം	പ്രസ്തുത പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്തു.
2000-01, 2001-02	--	2005-06	3-10-04	റോഡ് പുനരുദ്ധാരണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തി നടത്തി (പ്രത്യേക കത്ത് - LFPTA/P5/614/2005, തീ. 05.11.2005)	പ്രസ്തുത പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്തു.

4-8 സ്ഥിര നിക്ഷേപം

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	244262425	288655377
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	162009797	268913475
വരവിനങ്ങളിലുള്ള നഷ്ടം		ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക		ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക		856614

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
ഇല്ല		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-37	191110	ശ്രീ രാജു എം, സെക്രട്ടറി
1-43	110920	ശ്രീ രാജു എം, സെക്രട്ടറി
1-46	545484	ശ്രീ ഷിബിൻ ഷാജ്, കൃഷി ഓഫീസർ
1-49	9100	ശ്രീ ഷിബിൻ ഷാജ്, കൃഷി ഓഫീസർ
ആകെ	856614	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ രാജു എം, സെക്രട്ടറി	സേവനത്തിൽ നിന്നും വിരമിച്ചു	ന്യൂ ഗാർഡൻസ്, പൊടിയാട്ടുവിള പി.ഒ, വാളകം
ശ്രീ. ഷിബിൻ ഷാജ്	കൃഷി ഓഫീസർ, അടൂർ നഗരസഭ	തെങ്ങുവിളപുത്തൻവീട്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര, കൊല്ലം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി- 4/578/97, തീയതി 12.10.1999
1996-97(DCB)	എൽ.എഫ്.പി.റ്റി.എ.പി- 2/656/06, തീയതി 13.04.07
1997-98 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി- 4/27/99, തീയതി 12.01.99
1997-98(DCB)	എൽ.എഫ്.പി.റ്റി.എ.പി- 2/657/06, തീയതി 14.03.07
1998-99 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി- 4/240/2000, തീയതി 02.11.2000

1998-99 (DCB)	എൽ.എഫ്.പി.റ്റി.എ.പി- 2/713/06, തീയതി 31.12.07
1999-00 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി- 5/288/03, തീയതി 16.09.03
1999-00 (DCB)	എൽ.എഫ്.പി.റ്റി.എ.പി- 2/714/06, തീയതി 31.12.07
2000-01 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി- 6/173/05, തീയതി 15.12.05
2000-01 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ.പി-6/450/04, തീയതി 14.12.05
2000-01 (DCB)	എൽ.എഫ്.പി.റ്റി.എ.പി-2/715/06, തീയതി 31.12.07/31.03.08
2001-02	എൽ.എഫ്.പി.റ്റി.എ.പി-2/374/08, തീയതി 31.07.09
2002-03	എൽ.എഫ്.പി.റ്റി.എ.പി-2/375/08, തീയതി 15.04.09/30.12.09
2003-04	എൽ.എഫ്.പി.റ്റി.എ.പി-2/681/08, തീയതി 30.01.09/30.10.10
2004-05	എൽ.എഫ്.പി.റ്റി.എ.പി-2/680/08, തീയതി 16.02.09/08.03.11
2005-06	എൽ.എഫ്.പി.റ്റി.എ.പി-2/482/10, തീയതി 14.03.11/09.06.11
2006-07	എൽ.എഫ്.പി.റ്റി.എ.പി-4/418/11, തീയതി 01.12.11/02.03.13
2007-08	എൽ.എഫ്.പി.റ്റി.എ.പി-4/537/12, തീയതി 12.10.12/13.03.13
2008-09 & 2009-10	എൽ.എഫ്.പി.റ്റി.എ.പി- 4/539/12, തീയതി 01.11.2012
2010-11 & 2011-12	എൽ.എഫ്.പി.റ്റി.എ.പി-4/1037/13, തീയതി 08.04.14
2012-13 & 2013-14	കെ.എസ്.എ.പി.റ്റി.എ./പി2/357/2015, തീ. 08.12.15
2014-15	കെ.എസ്.എ.പി.റ്റി.എ./പി2/854/2016, തീ. 08.08.2016
2015-16	കെ.എസ്.എ.പി.റ്റി.എ./പി2/97/2017, തീ. 20.02.2017
2016-17	കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീ. 12.12.2017
2017-18	കെ.എസ്.എ.പി.റ്റി.എ./പി2/261/19, തീ. 03.06.2019
2018-19	കെ.എസ്.എ.പി.റ്റി.എ./പി2/16/20, തീ. 12.03.2020
2019-20	കെ.എസ്.എ.പി.റ്റി.എ./പി2/767/21, തീ. 29.12.2021
2020-21	കെ.എസ്.എ.പി.റ്റി.എ./പി2/779/22, തീ. 24.08.2022
2021-22	കെ.എസ്.എ.പി.റ്റി.എ./പി3/220/23, തീ. 30.03.2023
2022-23	കെ.എസ്.എ.ഡി.പി.റ്റി.എ./പി2/117/2024, തീ. 19.03.2024
2023-24	കെ.എസ്.എ.ഡി.പി.റ്റി.എ./പി2/92/2025, തീ. 10.12.2025

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 03-12-2025 and submitted on 03-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the ADOOR Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of ADOOR Municipality as on 31-03-2025

Date: 28/03/2026

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of ADOOR Municipality for the Year 2024-2025 .

1.Major Observations

1. The accuracy of the amounts recorded as the value of assets is not assured.

2.Other Observations

1. The mandatory financial statement prescribed in accounting rules such as ratios and notes to accounts are not submitted with the Annual Financial Statement.
2. Municipal General Fund - The opening balance do not match with the previous year closing balance.
3. The closing balances of various items for the financial year 2023- 24 do not agree with the corresponding opening balances for the financial year 2024-25.
4. In the Bank/Treasury Reconciliation Statements, details such as instrument number/cheque number and date have not been recorded. Further, information regarding uncashed cheques and cheque deposits for which receipts have not been issued has not been included in the reconciliation. Consequently, the accuracy of the closing balances as per the bank books could not be verified in audit.

5. The amounts recorded under the head Capital Contribution are not accurate.
6. Proper narration is not recorded in the bank books. Details regarding the source of grants, including the sanction order number and date of receipt, have not been entered in K-SMART. Further, records such as the ACR and related registers/documents containing these details were not produced for audit verification. Hence, the accuracy of the closing balance could not be established in audit.
7. The annual accounts do not contain complete and adequate details relating to bank accounts.
8. Schedule B-8: The deposit amounts reflected as liabilities in the balance sheet could not be substantiated/ validated in audit.
9. Schedule B-14: In view of the discrepancies and absence of supporting records in connection with the prepration of AFS of property tax, profession tax, license fees, rent etc. the accuracy of revenue and receivable figures reported in the accounts could not be verified in audit.
10. In the absence of proper records of festival advances pending adjustment in the advance register, the liability reflected in the balance sheet under this head could not be substantiated in audit.
11. Demand entries are not recorded in a timely manner.
12. In the absence of requisite documentation, the accuracy of the amount of RS 1,321,512 reported as income under a Market Fee (1405004) in the 2024-25 Income and Expenditure Statement could not be verified in audit.
13. It is observed that the asset register has not been updated periodically. Consequently, the correctness of the values recorded for assets could not be ascertained in audit.
14. The opening balance of the annual accounts does not include the amount received as a Health Grant (for the establishment of diagnostic systems) deposited in the Bank of Baroda account.
15. The income and expenditure figures of the AUEGS do not agree with the amounts recorded in the AFS.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്